UNIVERSITY LIBRARY
27 APR 1935
MADRAS

# കൈരളി

| പുസ്തകം ൧൯. | ൧൧൧൦ മകരം—കുംഭം | ലക്കം ൧൦-൧൧ |
|---|---|---|

## ചിന്താഗതി

[ കെ. എം. പണിക്കർ എം. എ. (ഓക്സൺ) ]

കാലം ഗമിക്കുന്നു! ഗമിപ്പതുണ്ടോ?
നാമാണു പോകുന്നതു കാലമല്ല!
സുനിശ്ചലം നിൽക്കുമിനൻ ധരിത്രി
ചുററുന്ന പോലുള്ളൊരു തോന്നൽമാത്രം.

മാറാത്തകാലത്തിനു കാര്യസിദ്ധി
ചേർക്കും ബലം കാണ്മതു മൂഢവാദം
സ്വധർമ്മശക്തിസ്ഥിതിയൊന്നുമാത്രം
കാര്യാനുകൂലപ്രതികൂലഭാവം.

ജീവൻ കൊടുക്കുന്നതു, ഹന്ത സർവ്വ
ദേഹത്തിലും മാററമെഴുന്നതത്വം
അതൊന്നിനാൽ മർത്ത്യവികാരദേഹ
ചിന്താഗുണൗഘം നവമായ് വരുന്നു.

വിചിത്രമിന്നേക്കറിയുന്നതില്ല
തലേന്നു ദുഃഖിച്ചതിനുള്ള കാര്യം
കിനാവിലെദ്ദുഃഖമുണർന്നിരിക്കും
നേരത്തൊരാശ്ചര്യമുയർത്തിടുംപോൽ.

ആഹാ! വിചാരങ്ങളുമാകമാനം
മാറുന്നു നാം നോക്കിയിരുന്നിടുമ്പോഴും,

ഭൂതത്തിലെച്ചിന്തകളിപ്പൊഴും നാം താ-
നറിഞ്ഞിടാതായി വരുന്നതില്ലേ.

നിതാന്തമുണ്ടാം പരിവൎത്തനത്തിൽ
പറഞ്ഞൊരാദൎശ ഗണങ്ങളിപ്പോഴും
പുനൎജ്ജനിപ്പിപ്പതിനുള്ള യത്നം
കിനാവു രണ്ടാമത്തു കാൺകതന്നെ.

ലോകത്തിലെല്ലാറ്റെയുമാവരിക്കും
കാലത്തിരശ്ശീല കവൎന്നെടുപ്പൂ
ഓരോ നിമേഷത്തെയുമായതൊത്തു
കുരുത്ത സൎവ്വത്തെയുമൊന്നുപോലെ.

27. APR. 1935
MADRAS

# സാമ്പത്തികസ്വാതന്ത്ര്യം

[ കെ. കരുണാകരമേനോൻ ബി. ഏ. (ഓണേഴ്സ്) ]

'സ്വന്തമനോധർമ്മമനുസരിച്ചു പ്രവർത്തിക്കുന്നതിനു ബാഹ്യമായ യാതൊരു തടസ്ഥവുമില്ലാതിരിക്കുക': ഇതായിരിക്കും സാധാരണ ഒരാൾ 'സ്വാതന്ത്ര്യ'ത്തിനു നൽകുന്ന നിർവ്വചനം. പക്ഷേ അന്യരിൽനിന്നുമുള്ള ഇടപെടൽകൂടാതെ ഇഷ്ടാനുസരണം പ്രവർത്തിക്കുവാൻ സാധിച്ചാൽ മാത്രം ഒരു വ്യക്തിക്കോ, സമുദായത്തിനോ, രാഷ്ട്രത്തിനോ സ്വാതന്ത്ര്യം ലഭിച്ചതായി കരുതാവുന്നതല്ല. സ്വാതന്ത്ര്യം ഒരു സ്പൃഹണീയമായ ഗുണമായതിനാൽ അതിന്റെ വ്യാപ്തിയും ഗുണകരമായിരിക്കണം. തന്നിഷ്ടംപ്രവർത്തിക്കലാണു സ്വാതന്ത്ര്യമെന്നു വന്നാൽ അതു സമുദായോൽകർഷത്തിനോ രാഷ്ട്രീയാഭിവൃദ്ധിക്കോ കാരണമാകുന്നതല്ല. പ്രത്യുത വെറും വ്യക്തിത്വത്തിൽനിന്നും സാമൂഹ്യതയിലേക്കാണു സംസ്കാരം മനുഷ്യനെ നയിക്കുന്നതു്. ഘടനക്കു ദോഷകരമായ ഒരു ഗുണമാണു സ്വാതന്ത്ര്യം എന്നഭിപ്രായപ്പെടുന്നതു മനഃസംസ്കാരത്തിനു തന്നെ വിരുദ്ധമാണല്ലോ.

മനുഷ്യൻ പ്രവർത്തിക്കുന്ന ഏതു പരിധിയിലും ആദിമകാലം മുതൽ സ്വാതന്ത്ര്യം വളർന്നുവരികയാണു ചെയ്തിട്ടുള്ളതു്. ആധുനിക പരിതസ്ഥിതികളനുസരിച്ചു വ്യക്തിപരമായ സാമ്പത്തികസ്വാതന്ത്ര്യം സമുദായത്തിന്റെ ധനപരമായ ഉൽക്കർഷത്തിനു നിദാനമായിരിക്കുമെന്നാണു് അനുഭവം ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതു്. പ്രാചീനകാലത്തുണ്ടായിരുന്ന ഏകച്ഛത്രാധിപത്യസമ്പ്രദായം വ്യക്തിയുടെ സാമ്പത്തികവ്യവഹാരങ്ങളിൽ അനാശാസ്യമായവിധം ഇടപെട്ടിരുന്നു. നേരെമറിച്ചു തനിക്കുറാവും ഗുണകരമായ വിധത്തിൽ സ്വധനത്തേയും ശക്തികളേയും ഉപയോഗിക്കുവാനുള്ള അധികാരം ഓരോ വ്യക്തിക്കും നൽകണമെന്നാണു് ഇന്നത്തെ ചിന്താഗതി. അങ്ങിനെ ഓരോ അംഗത്തിന്റേയും സ്വനന്മക്കുവേണ്ടിയുള്ള പരിശ്രമം സമുദായത്തിന്റെ പൊതുവേയുള്ള നന്മക്കു നിദാനമായിത്തീരുമെന്നാണു് ഇന്നുള്ളവർ വിശ്വസിക്കുന്നതു്. അതായതു വ്യക്തിയുടെ നന്മയും സമുദായത്തിന്റെ നന്മയും അന്യോന്യഭിന്നങ്ങളല്ല; അവ ഏററവും ഗാഢമായി ബന്ധിക്കപ്പെട്ടാണു കിടക്കുന്നതു്. ഇങ്ങനെ വ്യക്തിത്വത്തേയും സാമൂഹ്യതയേയും കൂട്ടിയിണക്കി രണ്ടിന്റെ പ്രവൃത്തികളും അന്യോന്യഗുണങ്ങൾക്കായി നിയന്ത്രിക്കപ്പെടേണ്ടതിന്റെ അത്യാവശ്യകത ഇന്നത്തെ പരിഷ്കൃതലോകം ധാരാളം മനസ്സിലാക്കിയിട്ടുണ്ടു്.

വെറം തന്നിഷ്ടവാദത്തെസ്സംബന്ധിച്ചു മാത്രമല്ല, സ്വാതന്ത്ര്യത്തെസ്സംബന്ധിച്ചും ഇതു് അക്ഷരംപ്രതി ശരിയാണ്. സാമ്പത്തികസ്വാതന്ത്ര്യം ഗുണകരമായവിധത്തിൽ പ്രായോഗികമായിത്തീരുവാൻ പല സംഗതികളും ആവശ്യമാണ്.

ഒന്നാമതായി സമത്വം. സമഷ്ടിവാദികളാൽ പ്രഘോഷണം ചെയ്യപ്പെടുന്ന സമത്വമല്ലാ ഞാനുദ്ദേശിക്കുന്നതു്. ഈശ്വരസൃഷ്ടിയിൽ പെട്ട ചരാചരങ്ങളിലൊന്നിലുംതന്നെ കേവലസമത്വം കാണപ്പെടുന്നില്ല. മനുഷ്യരിലും ഏതു വിഷയത്തിലും സർവ്വസമത്വമില്ലാതിരിക്കുന്നതു ന്യായാനുസൃതംതന്നെയാണ്. കായികമായും, ബുദ്ധിപരമായും, സദാചാരപരമായും നമ്മളിലോരോരുത്തരും വ്യത്യസ്തരാണ്. പ്രകൃത്യാ സംഭവിച്ചിട്ടുള്ള ഈ വ്യത്യാസങ്ങൾ സാമ്പത്തികസംഗതികളിലും പ്രതിഫലിച്ചു കാണുന്നതിൽ അത്ഭുതത്തിന്നവകാശമില്ല. പ്രകൃതിനിയമങ്ങൾക്കു വിധേയമായ നിലയിൽത്തന്നെ വന്നുകൂടുന്ന ഈ വ്യത്യാസങ്ങൾ പാടെ തട്ടിത്തകർത്തു കേവലമായ ഒരു സർവ്വസമത്വം സ്ഥാപിക്കുന്നതു് ആശാസ്യമാണോ എന്നതു വാദവിഷയമാണ്.

സാമ്പത്തികസ്വാതന്ത്ര്യത്തിന്നാവശ്യമായ സമത്വം മൂവിധത്തിലാണു സ്ഥാപിക്കപ്പെടേണ്ടതു്. മുഖ്യമായി നിയമദൃഷ്ട്യാ ലഭിക്കുന്ന സമത്വം. നിയമത്തിന്റെ മുമ്പിൽ എല്ലാ മനുഷ്യരും സമന്മാരാണെന്നു വരണം. നിയമാനുസൃതമായ സാമ്പത്തികരക്ഷയും ഉറപ്പും ധനികനും ദരിദ്രനും ഒന്നുപോലെ ലഭിക്കണം. രണ്ടാമതു്, അവസരങ്ങളിലുള്ള സമത്വം. ഏതു പ്രവൃത്തിയെടുക്കുവാനും ഏതു ജോലിയിൽ പ്രവേശിക്കുവാനുമുള്ള സ്വാതന്ത്ര്യം നിയമങ്ങളാലോ സാമുദായികവിദ്വേഷങ്ങളാലോ, ഒരുവനും തടയപ്പെടരുതു്. തൊലി കറുത്തതാണെന്നുള്ള ഏകകാരണത്താൽ മാത്രം ദുസ്സഹങ്ങളായ നിരവധി നിഷ്ഠൂരനിയമങ്ങൾക്കു വിധേയരായിട്ടുള്ളവർ ഇന്നത്തെ പരിഷ്കൃതലോകത്തിൽ ലക്ഷക്കണക്കിനുണ്ടു്. ഈ വിധത്തിലുള്ള അസമത്വങ്ങളുടെ അഭാവം സാമ്പത്തികസ്വാതന്ത്ര്യത്തിന്നു് അത്യാവശ്യമാണ്. അസമത്വത്തിന്മേൽ അടിയുറപ്പിച്ച സ്വാതന്ത്ര്യം ബലമുള്ളവർക്കു ബലഹീനരെ മർദ്ദിക്കുവാനുള്ള സ്വാതന്ത്ര്യം മാത്രമായിരിക്കും. സമത്വമില്ലാത്ത സ്വാതന്ത്ര്യം ഒരുവന്റെ ശക്തിയും അന്യന്റെ അടിമത്വവുമായിരിക്കും. ഏകന്റെ ജീവൻ, അപരന്റെ മരണം.

വാണിജ്യവിഷയങ്ങളിലും മററുമുള്ള കർക്കശമായ മത്സരവും ഇന്നത്തെ സാമ്പത്തികലോകത്തിലെ വിവിധങ്ങളായ കുഴപ്പങ്ങളുമെല്ലാം,

സാമ്പത്തികസ്വാതന്ത്ര്യത്തിന്റെ മറ്റൊരു വശംകൂടി നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ടു്. സാമ്പത്തികലോകത്തിലെ പ്രബലന്മാരായ രണ്ടു ശക്തികളാണു മുതലാളിയും തൊഴിലാളിയും. മൂലധനത്താൽ മുതലാളിയും, വേലയെടുക്കുവാനുള്ള ശക്തിയാൽ തൊഴിലാളിയും ഏതാണ്ടു തുല്യബലവാന്മാരാണു്. ഇങ്ങനെയുള്ള രണ്ടു ശക്തികളുടെ അന്യോന്യവിരുദ്ധങ്ങളായ ഗതികളിൽ തെറ്റിദ്ധാരണകളാലും, ദുഷ്പ്രേരണകളാലും മററും അനാശാസ്യങ്ങളായ പല പ്രവൃത്തികളും ഉണ്ടാകുവാനിടയുണ്ടു്. അവയെല്ലാംതന്നെ നിയമദൃഷ്ട്യാ ന്യായീകരിക്കത്തക്കതുമായിരിക്കാം. എങ്കിലും കക്ഷിവഴക്കുകൾക്കും രാഷ്ട്രീയഭിന്നിപ്പുകൾക്കും അവ കാരണങ്ങളായിത്തീരുന്നുണ്ടു്. ഉത്തരവാദിത്വബോധമില്ലാത്ത ശക്തി പ്രായേണ ഉപദ്രവകരമായിത്തീരും. ധനികന്മാരുടെ ഉത്തരവാദിത്വത്തെപ്പററി നാം ധാരാളം കേൾക്കുന്നുണ്ടു്. പക്ഷേ സാമ്പത്തികലോകത്തിന്റെ നിലനില്പിനു് അതിലുൾപ്പെട്ട ഏതു ശക്തിയും, മുതലാളിയായാലും തൊഴിലാളിയായാലും ശരി, പരിപൂർണ്ണമായ ഉത്തരവാദിത്വബോധത്തോടുകൂടി പെരുമാറേണ്ടതു് അത്യന്താപേക്ഷിതമാണു്. മുതലാളിബോധമോ, തൊഴിലാളിമനസ്ഥിതിയോ അല്ലാ വാസ്തവത്തിലാവശ്യം. ധനികദരിദ്രവ്യത്യാസമില്ലാതെ സാമ്പത്തികമായ ഒരു പൌരബോധം ഓരോ വ്യക്തിക്കുമുണ്ടായിരിക്കണം. മററുള്ളവരുടെ ക്ഷേമത്തിൽ വെറും അനാസ്ഥ പ്രദർശിപ്പിക്കുവാൻ സാധിക്കുന്നതല്ലെന്നു് ഓരോരുത്തർക്കുമുള്ള ബോധം; തന്റെ ഏതു പ്രവൃത്തിയുടേയും ന്യായാന്യായഭാഗങ്ങളെ നിർണ്ണയിക്കേണ്ടതു് അതു സാമൂഹ്യനന്മയെ ആകമാനം ഏതുതരത്തിലാണു ബാധിക്കുക എന്നു നോക്കിയിട്ടാണു് എന്നു് ഓരോ വ്യക്തിക്കുമുള്ള ഉറച്ച വിശ്വാസം—ഇതാണു യഥാർത്ഥമായ സാമ്പത്തികപൌരബോധം.

മുതലാളിക്കും തൊഴിലാളിക്കും ഈ ബോധമുണ്ടായാൽ പിന്നെ സാമ്പത്തികലോകത്തിൽ സ്പർദ്ധക്കു സ്ഥാനമില്ല. മുതലാളിയുടെ ധനസമൃദ്ധിയിൽ അസൂയയല്ലാ തൊഴിലാളിക്കുള്ളതു്. തന്റെ ന്യായമായ അവകാശങ്ങളെ മുതലാളി അവഗണിക്കുകയും തന്മൂലം മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ നിറവേററുന്നതിനുപോലും ഗതിയില്ലാതെ താൻ കഷ്ടപ്പെടേണ്ടിവരികയും ചെയ്യുന്നതിനാലാണു തൊഴിലാളി തന്റെ കാര്യസിദ്ധിക്കുവേണ്ടി കയർക്കുന്നതു്. ഏതുതരത്തിലും ചുരുങ്ങിയ കൂലിക്കു് ഏററവും അധികം വേല ലഭിക്കണമെന്നാണു മുതലാളിയുടെ ആഗ്രഹം. ന്യായമായ വിധത്തിലല്ലാത്ത യാതൊരു നിബന്ധനകൾക്കും താൻ വഴിപ്പെടുന്നതല്ലെന്നാണു തൊഴിലാളിയുടെ വാശി. രണ്ടുപേരും തങ്ങളുടെ കാര്യ

സാദ്ധ്യത്തിന്നു പലപ്പോഴും അന്യായം പ്രവർത്തിപ്പാൻ നിർബ്ബദ്ധമാകുന്നുണ്ട്. മുതലാളി ധനപരമായ മർദ്ദനംകൊണ്ടാണെങ്കിൽ, തൊഴിലാളി വിപ്ലവപരമായ ധ്വംസനംകൊണ്ട്. സാമ്പത്തിക പൌരബോധത്തിന്റെ ക്രമപ്രവൃദ്ധമായ വളർച്ച മാത്രമേ ഈ വടംവലി അവസാനിപ്പിപ്പാൻ സാധിക്കുകയുള്ളൂ.

ഇങ്ങിനെ, യഥാർത്ഥമായ സാമ്പത്തികസ്വാതന്ത്ര്യം വെറും ബാഹ്യപ്രതിബന്ധങ്ങളുടെ അഭാവം മാത്രമല്ല; സൃഷ്ടിപരമായ ഒരു ഗുണമാണ്. നിയമങ്ങൾക്കു വിധേയമാണ് അതിന്റെ വ്യാപ്തി; വ്യക്തിയുടേയും സമുദായത്തിന്റേയും ശക്തി അന്യോന്യഗുണോൽകർഷങ്ങൾക്കുവേണ്ടി നിയന്ത്രിക്കലാണ് അതിന്റെ പ്രവൃത്തി; ന്യായാനുസൃതമായ ധനവിനിമയമാണ് അതിന്റെ ഫലം; മുതലാളി തൊഴിലാളി ഭിന്നിപ്പോ, ധനികദരിദ്രവ്യത്യാസമോ കൂടാതെ മനുഷ്യസമുദായത്തെ സഹോദരസ്നേഹത്താലും സാമൂഹ്യബോധത്താലും സംഘടിപ്പിക്കുകയാണ് അതിന്റെ ആദർശം.

# കലാവതി

[പി. നാരായണമേനോൻ എം. എ.]

ഭാരതഖണ്ഡത്തിൽ ക്രിസ്തുമതപ്രചരണത്തിന്നായി ആദികാലത്തു വന്നിട്ടുള്ള പാതിരിമാരിൽ മിക്കപേരും ദേശഭാഷകളെ പരിശീലിച്ചവരാണ്. ചിലരെല്ലാം സാഹിത്യപഠനത്തിലും മനസ്സിരുത്തിയിട്ടുണ്ട്. ഈ കൂട്ടത്തിൽപ്പെട്ട ഒരു ദേഹമായിരുന്നു 'ഫ്രാ പാളിനൊ ഡാ സാൻ ബാർതൊലൊമ്യൊ'. റോമാപുരിയിലെ വൈദിക കലാശാലയിൽ പൌരസ്ത്യഭാഷാപണ്ഡിതനായിരുന്ന ഇദ്ദേഹത്തിന്റെ സ്വദേശം ഇററലിയാണ്. സിദ്ധരൂപത്തിന്റെ ഒരു ലാററിൻ പതിപ്പിന്നു പുറമേ ഹിന്ദുശാസ്ത്രങ്ങളെ പ്രതിപാദിക്കുന്ന പലേ ഗ്രന്ഥങ്ങളും ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ട്.

ക്രിസ്ത്വാബ്ദം 1776 ജൂലായി 25-ാം തിയ്യതി ഇദ്ദേഹം പുതുശ്ശേരിയിൽ കപ്പലിറങ്ങി. നാലു മാസത്തോളം തഞ്ചാവൂർ, മധുര, മദിരാശി മുതലായ ദിക്കുകളിൽ സഞ്ചരിച്ച്, കപ്പൽ വഴിയായിത്തന്നെ, നവമ്പർ 14-ാം തിയ്യതി കൊച്ചിയിലെത്തി. പിന്നിട്ട 13 കൊല്ലത്തോളം—1789 മാർച്ച് 11-ാം തിയ്യതി യൂറോപ്പിലേക്ക് കപ്പൽ കയറുന്നതുവരെ—ഇദ്ദേഹത്തിന്റെ സ്ഥിരവാസം കേരളത്തിൽ തന്നെയായിരുന്നു. മതപ്രചരണത്തിന്നായി കൊച്ചിയിലും തിരുവിതാംകൂറിലും ഇദ്ദേഹം ഒട്ടേറെ സഞ്ചരിച്ചിട്ടുണ്ട്. കേരളത്തിൽ അന്നുണ്ടായിരുന്ന പാതിരിമാർക്കെല്ലാം ഇദ്ദേഹം ഒരു നായകനായിരുന്നുവെന്ന് ധാരാളം സ്പഷ്ടമാണ്. ഉൾനാട്ടുകളിലും ഗ്രാമങ്ങളിലും നിവസിക്കുന്നവരുമായി ചിരകാലം അടുത്തു പെരുമാറിയതിന്റെ ഫലമായി അന്നത്തെ കേരളീയരുടെ ആചാരങ്ങളേയും മററും പററി സാമാന്യമായ ഒരറിവ് അദ്ദേഹത്തിന്നു സിദ്ധിച്ചു. മലയാളം എഴുതാനും വായിക്കാനും പഠിച്ചതിന്നു പുറമെ ഭാഷാസാഹിത്യത്തോടും അദ്ദേഹം അടുത്തു പരിചയപ്പെട്ടു.

യൂറോപ്പിലേക്ക് മടങ്ങിയതിന്നുശേഷം തന്റെ അനുഭവങ്ങളേയും പ്രവൃത്തികളേയും അടിസ്ഥാനപ്പെടുത്തി "A voyage to The East Indies" എന്ന് ഒരു ഗ്രന്ഥം നിർമ്മിച്ചു; 1796-ൽ റോമിലാണ് ഇതിന്റെ ആദ്യത്തെ പതിപ്പ്. 1798 ൽ ഇതിനെ ജർമ്മനിലേക്കും, 1800-ൽ ഇംഗ്ലീഷിലേക്കും തർജ്ജമ ചെയ്തു. പ്രസ്തുത ഗ്രന്ഥത്തിന്റെ മുക്കാലേ അരക്കാൽ ഭാഗവും കേരളത്തേയും കേരളീയരേയും പററിയാണ്. ഇതിൽ രേഖപ്പെടുത്തിയിട്ടുള്ള അനുഭവങ്ങളിലും വിവരണങ്ങളിലും അതിശയോ

കതിയും അബദ്ധവും ദുർല്ലഭമല്ലെങ്കിലും ചരിത്രാന്വേഷികൾക്കു രസാവഹങ്ങളായ പലേ ഭാഗങ്ങളും ഇതിൽ ഉണ്ട്.

കേരളത്തിലെ സംഗീത സാഹിത്യാദി കലാവിദ്യകളെപ്പററി പ്രതിപാദിക്കുന്ന അദ്ധ്യായത്തിൽ, രാമായണം, ഭാരതം തുടങ്ങിയ കാവ്യരത്നങ്ങളെ വർണ്ണിച്ചതിനുശേഷം ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"ഇതിനു പുറമേ കേരളത്തിൽ ധാരാളം പ്രചാരമുള്ള വേറെ പലേ കാവ്യങ്ങളും ഉണ്ട്. ഇവയിൽ പ്രധാനമായവ 'ശർമ്മിഷ്ഠ', 'ദേവയാനി', 'കലാവതി' എന്നിവയാണ്. മലയാളത്തിലെ കവിതാരീതി കാണിപ്പാൻ മാത്രം ഒടുവിൽ പറഞ്ഞ കൃതിയിൽനിന്നു ചില വരികൾ ഉദ്ധരിക്കാം:

ഇങ്ങിനെ പ്രസിദ്ധനാം ദാശരക്ഷമാപതി
മംഗലാംഗിയാം കാശിരാജ്യകന്യകേ വേട്ടു.
കന്യകാ കലാവതിയെന്നു പേരായുള്ളവൾ
മന്നിടം പുകഴ്ന്നോരു ചാരുസൌന്ദര്യത്തോടു
ധന്യനാം നൃപൻതന്റെ ധർമ്മചാരിണിയായി
സന്നതാംഗിമാർമണി തൽഗൃഹേ മേവും കാലം
കാമലീലകൾ തുടർന്നിട്ടുവാനാരംഭിച്ചു
കാമിനീമണിയാളെ വിളിച്ചു പതുക്കവേ.
സുന്ദരി വരികെടോ തല്പമേറുക ശുഭേ
കുന്ദഹാസിനി നിന്റെ ലജ്ജയെന്തിതുനേരം
ഇത്തരം നൃപവരൻ ചൊന്നതു കേട്ടനേരം
ഉത്തരം പറയാതെ നിന്നിതു കലാവതി.
സത്വരമണഞ്ഞവൻ കൈപിടിച്ചുടപ്പിച്ചു-
ണ്ടുത്തമ സ്ത്രീരത്നത്തെ പുണർന്നോരനന്തരം
കത്തുമഗ്നിയിലിട്ടു തപിച്ച ലോഹംപോലെ
മത്തകാശിനിയുടെ ഗാത്രമെത്രയുമുഷ്ണം.
എന്തെടോ നിന്റെ ദേഹം ചുട്ടുചുട്ടിരിക്കുന്നു
ബന്ധമെന്തിതിനെന്നു ബന്ധുരാനനേ ചൊൽ നീ.
പൂർണ്ണചന്ദ്രനെക്കണ്ടംഗതാപം നിവലിച്ചിതോ
പൂർണ്ണശേഷമാമെന്റെ വിഗ്രഹം നിന്നെ തൊട്ടാൽ.
ചന്ദനം തന്നിൽനിന്നു വഹ്നിയെന്നതുപോലെ
സുന്ദരി നിങ്കൽനിന്നു ചൂടിനെന്തെടോ ബന്ധം.

ഇങ്ങനെയുള്ളവാക്ക കേട്ടപ്പോൾ കോപത്തോടും
അംഗനാമണി പറഞ്ഞീടിനാൾ നൃപനോടു.
അംഗലാളനംകൊണ്ടും ഇഷ്ടദാനങ്ങൾകൊണ്ടും
മങ്കമാരുടെ മനോരഞ്ജനം വരുത്തണം.
നല്ലവാക്കുകൾകൊണ്ടു മനസ്സു തണുപ്പിച്ചു
വല്ലഭൻ ശുഭാംഗനെന്നുള്ളതു തോന്നിക്കണം.
മെല്ലവേ വശത്തായിത്തീരുമാ കാലംപിന്നെ
വല്ലതും പ്രയോഗിക്കിലപ്രിയമില്ലാതാകും."

മേലെഴുതിയ വരികൾ ലാററിൻ (ഇംഗ്ലിഷു) ലിപികളിൽ അടിച്ച് അൎത്ഥത്തോടുകൂടിയാണ് ഉദ്ധരിച്ചിരിക്കുന്നതു്. അൎത്ഥത്തിൽ പലേ അബദ്ധങ്ങളും ഉള്ളതിനാൽ തൎജ്ജമക്കാരനു മലയാളത്തിൽ പാണ്ഡിത്യം കുറേ കഷ്ടിയായിരുന്നുവെന്നുതന്നെ അനുമാനിക്കണം.

"കലാവതി" എന്ന ഈ കാവ്യം ആരുടെ കൃതിയാണ്? ഇതിന്റെ പൂൎണ്ണമായ ഒരു പകൎപ്പ് എവിടെയെങ്കിലും ഉണ്ടോ? ഇതോടൊപ്പംതന്നെ ചേൎത്തുപറഞ്ഞിട്ടുള്ള മററു കാവ്യങ്ങളെപ്പററി നമുക്കു വല്ല അറിവും ഉണ്ടോ? ഈ കാൎയ്യങ്ങളെപ്പററി കൂടുതൽ വിവരം നിശ്ചയമുള്ളവർ അതു "കൈരളി"യിൽതന്നെ പ്രസിദ്ധപ്പെടുത്തിക്കണ്ടാൽ കൊള്ളാം.

# ജീവിതത്തിൻെറ മുമ്പിൽ

[സി അച്യുതക്കുറുപ്പ്]

ഗോപാലകൃഷ്ണൻ നാല്പതുറപ്പിക ശമ്പളത്തിന്മേൽ ഒരു സ്കൂളിൽ ക്ലാക്കിൻെറ ഉദ്യോഗം നോക്കുന്ന സുഭഗനായ ഒരു യുവാവാണ്. കണക്കെഴുത്തു മുതലായ മുരട്ടുജോലിയിൽ ഒട്ടുംതന്നെ തൃപ്തിയില്ലാതിരുന്നിട്ടും ആ ഉദ്യോഗം കൈവിടുവാൻ തൻെറ ഭാൎയ്യയുടെ സന്നിർബ്ബന്ധമായ പ്രേരണ അയാളെ അനുവദിച്ചില്ല. തൻെറ അനുരാഗഭാജനത്തെ നിരസപ്പെടുത്തിയിട്ടുള്ള യാതൊരു സുഖവും അയാൾ ആഗ്രഹിച്ചില്ല. വിവാഹം കഴിഞ്ഞാൽ വീട്ടിൽ ആവുന്ന പ്രയത്നംചെയ്തു കുടുംബസമേതം സ്വൈരമായി കഴിയണമെന്നാണ് അയാൾ ഉറച്ചിരുന്നതു്. പക്ഷേ, അയാളുടെ ഭാൎയ്യ അയാളെക്കാളധികം അയാളുടെ പണത്തേയാണ് ആവശ്യപ്പെട്ടതു്. ഈ പരുഷമായ പ്രേരണ അയാളെ ഈ ജോലിയിൽകൊണ്ടുചാടിച്ചു. എന്നാൽ, ഉദ്യോഗസ്ഥലത്തേയ്ക്കു പോകുമ്പോൾ, തൻെറ പത്നിയേയും കൂട്ടിക്കൊണ്ടുപോകാമല്ലോ എന്നയാൾ സമാശ്വസിച്ചു. പക്ഷേ, പാതിവ്രത്യത്തെപ്പററി അത്ര വലിയ അഭിപ്രായമില്ലാതിരുന്ന അവൾ അയാളുടെ ആ ആകാംക്ഷയേയും ഭംഗിയായി നിരസിച്ചതേയുള്ളു. ഇങ്ങിനെയാണെങ്കിലും, തനിയ്ക്കു ഭൎത്താവിനോട് അതിരററ പ്രേമമുണ്ടെന്നാണ് അവളുടെ നാട്യം. ആഴ്ചയിലൊരിയ്ക്കൽ അയാൾ അവളുടെ വീട്ടിൽപ്പോവും. മടങ്ങിപ്പോകുമ്പോൾ ഒരു നവോഢയുടെ എല്ലാത്തരം പ്രേമവിവശതയോടുംകൂടി അവൾ ചോദിയ്ക്കും, "വരുന്ന ആഴ്ചയിലും വരില്ലേ?" എത്ര പ്രണയമസൃണമായ ചോദ്യം!

ഗോപാലകൃഷ്ണൻെറ ഭാൎയ്യ സുലോചനയും അവളുടെ പ്രായംചെന്ന അമ്മയും മാത്രമേ ആ വീട്ടിലുള്ളു. പരമ്പരാഗതമായി തുടൎന്നുവന്നിട്ടുള്ള വ്യഭിചാരം ആ തറവാടിനെ ദയനീയമാംവണ്ണം അധഃപതിപ്പിച്ചിട്ടുണ്ട്. സുലോചനയുടെ അമ്മ മാമൂൽപ്പിടുത്തത്തെക്കാളധികം വെറും കമ്പംകൊണ്ടുതന്നെയാണ് അതിനെ വളൎത്തിക്കൊണ്ടുപോന്നതു്. അക്കാൎയ്യത്തിൽ സുലോചനയ്ക്കു് അമ്മയുമായി ഒരു തന്മയീഭാവംതന്നെ വന്നിട്ടുണ്ടെന്നു പറയാം. എന്നല്ല, അമ്മയെക്കാളധികം അതിൽ വിജയംനേടാനും തൻെറ സൌന്ദൎയ്യാതിശയംകൊണ്ട് അവൾക്കു സാധിച്ചു. അതിനാൽ, അവളുടെ ആജ്ഞാശക്തി ഒരു തികഞ്ഞ അന്തസ്സോടുകൂടിയാണ് അവളുടെ കാമുകന്മാരിൽ സ്വൈരവിഹാരം ചെയ്തുവന്നതു്. വിശേഷിച്ചും ഗോപാലകൃഷ്ണനെപ്പോലെ ഒരാളിൽ ഇതൊരു കുറിയ്ക്കുകൊള്ളുന്ന ആയുധമായിത്തീൎന്നുവെങ്കിൽ അത്ര ആശ്ചൎയ്യജനകമൊന്നുമല്ലല്ലോ. ഗോപാലകൃഷ്ണൻെറ കയ്യിൽനിന്നു പിടിപ്പതു പണം

വാങ്ങുവാൻ സാധിച്ചിരുന്നതിനാൽ അവർ അയാളെ ഭർത്താവാണെന്നു തന്നെ കരുതിപ്പോന്നുവെന്നേയുള്ളു.

വെള്ളിയാഴ്ച രാത്രി വണ്ടിയ്ക്കാണ് അയാൾ പത്നീഗൃഹത്തിലേയ്ക്കു പോകാറ്. പ്രിയയുടെ മധുരസ്വരം കേട്ടല്ലാതെ ഒരൊററ ശനിയാഴ്ചയിലെ പ്രഭാതമെങ്കിലും അയാളുടെ മുമ്പിൽ കടന്നുവരുന്നതു കണ്ടു പൊറുക്കാവുന്നതല്ല.

അത്ഭുതം! ഇന്നു ശനിയാഴ്ചയാണ്, ഗോപാലകൃഷ്ണൻ അയാളുടെ ഉദ്യോഗസ്ഥലത്തുതന്നെയുണ്ട്. ഇതെന്താണ്! യാതൊരു കുസലും കൂടാതെ അയാൾ മററൊരു ജന്മമെടുത്തപോലെ ഒരു ശനിയാഴ്ച ഇതാ ഒരു സായാഹ്നസഞ്ചാരത്തിന്നിറങ്ങിയിരിയ്ക്കുന്നു. എന്നാലും ഈ നടത്തം ഒരു വിനോദസഞ്ചാരത്തെക്കാളധികം മററൊരു സ്ഥലത്തു ചെന്നുകൂടുക എന്ന ഉദ്ദേശത്തെ സൂചിപ്പിച്ചു.

ഭാര്യയുടെ കൂടക്കൂടെയുള്ള നിർബ്ബന്ധംമൂലം തന്റെ കഴിവിൽ കൂടുതൽ പണം അയാൾക്ക് അവളുടെ മുമ്പിൽ കാഴ്ചവയ്ക്കേണ്ടിവന്നിരിയ്ക്കുന്നു. കടംകിട്ടാനുള്ള എല്ലാ ഗുണങ്ങളും ആ യുവാവിൽ ഉണ്ടു താനും. തനിയ്ക്കു മററുള്ളവരിൽനിന്നു കടം കിട്ടുമെന്ന ബോധമാണു മനുഷ്യനെ പലപ്പോഴും പാപ്പരാക്കുന്നതു്. കാലക്രമേണ അവൻ മേടിയ്ക്കുന്ന കടങ്ങളെല്ലാം അവന്റെ കണക്കിൽ സമ്പാദ്യങ്ങളായിത്തുടങ്ങും. ഇത്തരത്തിലുള്ള ഒരു പരിതാപകരമായ ഘട്ടത്തിലാണു ഗോപാലകൃഷ്ണൻ അകപ്പെട്ടിരിക്കുന്നതു്. ആഴ്ചതോറും പത്തും മുപ്പതും ഉറുപ്പികയോടുകൂടിയല്ലാതെ പത്നീഗൃഹത്തിലേയ്ക്കു പോകാനുംവയ്യ. വിവാഹം കഴിഞ്ഞിട്ടു കൊല്ലം അഞ്ചുകഴിഞ്ഞു. ഇതുകാലവും ഭാര്യയുടെ പണക്കൊതിയെ ഒട്ടൊട്ടു തൃപ്തിപ്പെടുത്തുവാൻ, അയാൾക്ക്, തന്റെ അമ്മ മരിയ്ക്കുമ്പോൾ കൊടുത്തിരുന്ന കുറച്ചു പണ്ടങ്ങളും പണവും ഉണ്ടായി. എന്നാൽ പണ്ടങ്ങളെല്ലാംതന്നെ ബാങ്കിൽവെച്ച് അവധിയ്ക്ക് എടുക്കാതെ ലേലംവിളിച്ചുപോയി. ഇപ്പോഴായാൾ മററുള്ളവരെ ശരണം പ്രാപിച്ചിരിയ്ക്കുകയാണ്. ചോദിച്ചാൽ കിട്ടാവുന്ന എല്ലാ സ്നേഹിതന്മാരോടും അയാൾ പണം മേടിച്ചിട്ടുണ്ട്. പണംകൊണ്ടു തികയാഞ്ഞിട്ടു സ്നേഹിതന്മാരിൽനിന്നു പണ്ടം വാങ്ങുക എന്ന അററത്തോളം എത്തിക്കഴിഞ്ഞിരിയ്ക്കുന്നു.

ഇയ്യിടെയായി വൈകുന്നേരമായാൽ അയാൾ താമസിയ്ക്കുന്ന സ്ഥലംവിട്ടു ദൂരെ എവിടെയെങ്കിലും പോയി ഇരിയ്ക്കുയാണ് പതിവ്. രാത്രി ഒമ്പതു മണിയായാലെ വാസസ്ഥലത്തേയ്ക്കു മടങ്ങി വരാറുള്ളു. സ്നേഹിതന്മാരെ കണ്ടെത്തുന്നതു് അയാൾക്ക് മമ്മഭേദകമായിരിയ്ക്കുന്നു. ഈ ആഴ്ചയിൽ പത്നിഗൃഹത്തിൽപ്പോകാനും തരപ്പെട്ടില്ല. അവിടേയ്ക്കു പോ

കണമെങ്കിലും വേണം, കുറച്ചുറപ്പിക! ഇതിലധികം വിഷമിപ്പിച്ചതു മറെറാരു സംഗതിയാണ്. അടുത്ത തിങ്കളാഴ്ച, അയാൾ പണയം വെച്ചിട്ടുള്ള പണ്ടങ്ങളെല്ലാം ലേലത്തിൽ വില്ക്കുന്നതാണെന്ന് അയാൾക്കു നോട്ടിസ്സ് കിട്ടിയിരിക്കുന്നു. പണ്ടങ്ങളോ, സ്നേഹിതന്മാരുടേതുമാണ്! അയാൾ എന്തു ചെയ്യും? ചുരുങ്ങിയതു നൂറാമ്പതുറപ്പിക വേണം, ആ പണ്ടങ്ങളെടുക്കാൻ.

അയാൾ നോട്ടിസ്സ് കയ്യിലിട്ടു ഞെരിച്ചുംകൊണ്ട് എങ്ങോട്ടെന്നില്ലാതെ പുറപ്പെട്ടു. സ്നേഹിതന്മാരിൽ ആരെയെങ്കിലും വഴിക്കു വെച്ചു കണ്ടുമുട്ടിയാലോ എന്നു ഭയപ്പെട്ടിട്ടാവാം അയാൾ കുതി കുതിച്ചു നടക്കുന്നത്. ഇതു കരുതി അയാൾ കുറച്ച് നേരത്തെത്തന്നെ പുറത്തേക്കിറങ്ങിയിരിക്കുന്നു. അയാൾ ഒരു വിജനസ്ഥലത്തേ ഉന്നംവെച്ചു നടന്നു. പക്ഷെ ഇത്രയെല്ലാം മുൻകരുതൽ ചെയ്തിട്ടും, തന്റെ സ്നേഹിതന്മാരിൽ ഒരാളായ രാമുവിനെ വഴിക്കു വെച്ചു കണ്ടുമുട്ടി. കണ്ട ഭാവം നടിക്കാതിരിപ്പാൻ അയാൾ ശ്രമിച്ചു; അപ്പോഴയ്ക്കും, “എങ്ങോട്ടാണ് ഗോപൂ” എന്ന മന്ദഹാസത്തോടുകൂടിയ രാമുവിന്റെ ചോദ്യം അയാളുടെ ചെകിട്ടിൽ വന്നലച്ചു. തനിക്കു ആകാവുന്നേടത്തോളം സന്തോഷം നടിച്ചു ഗോപു മറുപടി കൊടുത്തു. “എങ്ങോട്ടുമില്ല; എനിക്കൊരാളെ കാണാനുണ്ട്.” അയാൾ വിട്ടൊഴിയാനുള്ള ഭാവമാണെന്നു പറഞ്ഞതിൽനിന്നു രാമു ഊഹിച്ചു. അയാൾ ഇങ്ങിനെ പറഞ്ഞു പിരിഞ്ഞു.

“എന്നാൽ നാളെ കാണാം.” പോകുന്ന പോക്കിൽ ഇതുകൂടി പറയാതിരിക്കാൻ അയാളുടെ സ്ഥിതി അനുവദിച്ചില്ല.

“ഗോപൂ, എന്റെ കാൎയ്യം ഓൎമ്മിക്കണേ; വിട്ടിൽ അറിഞ്ഞാൽ എനിക്ക് അവിടെ ഇരിക്കപ്പൊറുതിയുണ്ടാവില്ല!”

ഗോപുവിന്നു മൎയ്യാദയ്ക്ക് അയാൾ പറഞ്ഞതിന്നു മറുപടി കൊടുക്കണമെന്നുണ്ടായിരുന്നു. പക്ഷേ ലജ്ജകൊണ്ടും വ്യസനംകൊണ്ടും അയാൾക്കു നാവുപൊന്തിയില്ല. അയാൾ തല കീഴ്പോട്ടു തൂക്കിയിട്ട് ഒരനിൎവ്വചനീയമായ ചിന്താക്ലേശത്തോടെ വീണ്ടും നടന്നുതുടങ്ങി.

വിവിധങ്ങളായ വികാരങ്ങൾ അയാളുടെ മനസ്സിൽവന്ന് തമ്മിൽത്തല്ലിപിരിഞ്ഞു.

ഇനി എന്താണുപായം? മററന്നാൾ നേരംപുലൎന്നാൽ സ്നേഹിതന്മാർ എന്നെ വന്നു വളയും. അവരോട് എന്താണു സമാധാനം പറയുക. ഹൈ, ഇന്നലെവരെ സാമാന്യം മൎയ്യാദക്കാരനായി നടന്ന ഒരാൾ ഒരുദിവസംകൊണ്ട് ഇങ്ങിനെ മൎയ്യാദകെട്ടവനായാൽ അയാൾക്ക് അതു സഹിക്കാവുന്നതാണോ?...ഭാൎയ്യയോടു ചെന്നു കുറച്ചു പണം ചോദി

ച്ചാലോ? അതു നിവൃത്തിയില്ല. അവൾ ഈ ആഴ്ചയിൽ അടിയന്തര മായി അമ്പതുറുപ്പിക വേണമെന്ന് എന്നോടു പറഞ്ഞിട്ടുകൂടിയുണ്ട്. അവളെ മുഷിപ്പിച്ചാൽ!.........ഇനി എന്താണു വേണ്ടത്?''..........

അയാൾക്കു് ഒന്നുംതന്നെ തോന്നിയില്ല. അയാൾ രാത്രി ഒമ്പതു മണിവരെ അവിടവിടെ ചുററിനടന്നു. ഒടുവിൽ, തൻെറ ഒരു സുഹൃത്തും താൻ ജോലി എടുക്കുന്ന സ്കൂളിൽ ഒരദ്ധ്യാപകനുമായ ബാലകൃഷ്ണമേനവൻെറ വീട്ടിലേക്കു തിരിച്ചു.

ബാലകൃഷ്ണമേനോൻ ഒററയ്ക്കു് ഒരു വീട്ടു് എടുത്താണു താമസം. സ്നേഹിതന്മാരൊന്നിച്ചു കളിച്ചു രസിച്ചു താമസിക്കാൻ അത്ര വലിയ സന്തോഷമില്ലാത്ത ആളാണു ബാലകൃഷ്ണമേനോൻ. പിന്നെ, അങ്ങിനെ ഒന്നിച്ചു താമസിക്കുമ്പോൾ വന്നുപോയേക്കാവുന്ന അധികച്ചിലവിനെ കുറിച്ചും അയാൾക്കു് ആലോചിക്കാതിരിക്കാൻ വയ്യ. ഇതാണു സ്നേഹിതന്മാരുടെ എത്രതന്നെ നിർബ്ബന്ധമുണ്ടായിട്ടും അയാൾ ഒററയ്ക്കു താമസമാക്കിയതു്. ഇങ്ങിനെ ഒരു സ്വഭാവക്കാരനാണെങ്കിലും സുഹൃത്തുക്കൾ ഉണ്ടാവാതിരിക്കണമെന്നു് അയാൾക്കു വാദമില്ല. ''ആവാം, എല്ലാററിന്നും ഒരതിർത്തി വേണം'' ഇതാണ് അയാളുടെ ആദർശം.

ഗോപു ഇയാളുടെ സുഹൃത്തുക്കളിൽപെട്ട ഒരാളാണെന്നു പറയാം. ബാലകൃഷ്ണമേനവന്നു എന്തോ ഒരു കുറിവക പണം കയ്യിൽ കിട്ടിയിട്ടുണ്ടെന്നു് അയാൾക്കും അറിയാനിടയായിട്ടുണ്ട്. അയാളോടു കുറച്ചു സംഖ്യ ആവശ്യപ്പെടാമല്ലോ എന്നു വിചാരിച്ചാണ് അങ്ങോട്ടു പുറപ്പെട്ടതു്. ഇതിന്നു തെല്ലൊരു സങ്കോചമില്ലായ്കയില്ല. ബാലകൃഷ്ണമേനവന്നു മുമ്പുതന്നെ അയാൾ കുറച്ചു സംഖ്യ കൊടുക്കാനുണ്ടു്. എങ്കിലും ഇതല്ലാതെ ഒരു വാതിലും തുറന്നു കിടക്കുന്നതായി കാണപ്പെട്ടില്ല.

അയാൾ അവിടെ ചെന്നപ്പോൾ ബാലകൃഷ്ണമേനോൻ വാതിലടച്ചു കിടപ്പായിരിക്കുന്നു. അയാൾ വാതില്ക്കൽ ചെന്നു മുട്ടി.

''ആരാണതു്?''

''ഞാൻ, ഗോപു''

ബാലകൃഷ്ണമേനോൻ എഴുന്നേററു വാതിൽ തുറന്നു.

''ഇതെന്താണു കഥ? ഇന്നു ശനിയാഴ്ചയാണ്. അതു് അറിഞ്ഞില്ലെന്നുണ്ടോ? വരൂ, അകത്തേക്കു വരൂ.''

ബാലകൃഷ്ണമേനോൻ ഗോപുവിൻെറ ചുമൽ പിടിച്ചു അയാളെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. താഴ്ത്തിവെച്ചിരുന്ന വിളക്കിൻെറ തിരി നീട്ടി ബാലകൃഷ്ണമേനോൻ വീണ്ടും തുടന്നു.

"നിങ്ങൾ എന്താണ് ഇത്ര നിഷ്ഠുരനായത്. ശനിയാഴ്ചയെ ഇത്ര വകവെയ്ക്കാതായോ ? നിശ്ചയമായും ലോകത്തിന്ന് എന്തോ ആപത്തു വരാൻ പോകുന്നുണ്ട്. പറയൂ, എന്തേ നാട്ടിൽ പോകാത്തത് ?"

ഗോപുവിന്ന് അയാളുടെ നേരമ്പോക്കിൽ അത്ര രുചി തോന്നിയില്ല. ഏതായാലും തനിക്കു പറയാനുള്ള കാര്യത്തിൻെറ മുഖവുര കഴിക്കാമെന്നു കരുതി അയാൾ ഇങ്ങിനെ ഉത്തരം പറഞ്ഞു.

"ഒന്നുമില്ല. ഇവിടെ ചില വിഷമതകളെല്ലാം നേരിട്ടിട്ടുണ്ട്. അതിനാൽ പോകാൻ സൌകര്യപ്പെട്ടില്ല."

ഗോപു എന്തോ പണത്തിൻെറ കാര്യമാണ് പറയാൻ കൊണ്ടുവരുന്നതെന്നു തോന്നുകയാൽ ബാലകൃഷ്ണമേനോൻ ആദ്യം അങ്ങോട്ടു കടന്നു ചോദിച്ചുകളയാമെന്നു തീരുമാനിച്ചു.

"അപ്പോൾ ഗോപൂ, എനിക്കു് ഇന്നാളത്തെ ആ പണം വേഗം കിട്ടാനെന്താണ് വഴി? എനിയ്ക്കാണെങ്കിൽ ഈയിടെ വലിയ തിടുക്കവുമുണ്ട്. എന്താ രണ്ടു ദിവസത്തിനുള്ളിൽ അതൊന്ന് ശരിപ്പെടുത്തിത്തരുമോ?"

തൻെറ ആശക്കോട്ട ഇടിഞ്ഞു പൊളിഞ്ഞ് വീഴുന്നത് കണ്ടിട്ട് തന്നെയാവാം ഗോപു അറിയാതെ ഒന്നു ചൂളിപ്പോയി. അതു തൻെറ മേലേയ്ക്കു വന്നു വീഴുന്നുണ്ടെന്നവിധം ആയാൾ ആകെ ഒന്നു നടുങ്ങി. മറുപടി പറയുകയോ പറയാതിരിയ്ക്കുമോ വേണ്ടതെന്ന് ആലോചിപ്പാൻ കൂടി ഇട കിട്ടിയില്ല. അപ്പോഴയ്ക്കും ബാലകൃഷ്ണമേനോൻ ഒന്നുകൂടി ചോദിച്ചു കഴിഞ്ഞു.

"എന്താ മിണ്ടാത്തതു് ? പററില്ലെന്നുണ്ടോ?"

ഗോപു വല്ലാതെ വിഷമിച്ചു. ഇതിനുത്തരം പറഞ്ഞാൽ, തൻെറ ആവശ്യം കൊണ്ടുവന്നപടി മടക്കിക്കൊണ്ട് പോവാം. എന്തായാലും അയാൾ ഇങ്ങിനെ മറുപടി കൊടുത്തു.

"രണ്ടു ദിവസത്തിന്നുള്ളിൽ ശരിപ്പെടുത്താം."

ബാലകൃഷ്ണമേനോൻ പിന്നെയും ചില നേരമ്പോക്കുകൾ പറഞ്ഞു ഗോപുവിനെ രസിപ്പിയ്ക്കാൻ ശ്രമിയ്ക്കാതിരുന്നില്ല. എന്നാൽ ഗോപു സംഭാഷണം വല്ല മട്ടിലും നിർത്താൻ വേണ്ടിത്തന്നെയാവാം ഉറക്കം വരുന്നുണ്ടെന്ന് അഭിനയിച്ചു തുടങ്ങി. അപ്പോൾ ബാലകൃഷ്ണമേനോൻ ഇങ്ങിനെ പറഞ്ഞവസാനിപ്പിച്ചു.

"എന്താ ഉറക്കം വരുന്നുണ്ട്, ഇല്ലെ? നേരം കുറെയായിരിക്കുന്നു. നമുക്ക് കിടക്കാം."

അങ്ങിനെ രണ്ടുപേരും ഓരോ കോസറിയിൽ ചെന്നു കിടന്നു. ബാലകൃഷ്ണമേനവൻ കിടന്നതറിയാതെ ഉറങ്ങിപ്പോയി.

ഗോപുവോ?

അയാളുടെ ചുറ്റും ഒരായിരം ചോദ്യചിഹ്നങ്ങൾ വന്നുനിരന്നു. ആ ഓരോ ചിഹ്നവും കൊത്താൻവേണ്ടി പത്തിയുയർത്തിനില്ക്കുന്ന ഓരോ ഈറന സർപ്പമായി അയാൾക്കു തോന്നി. പെട്ടെന്നു കിടന്നേടത്തുനിന്നു പിടഞ്ഞെഴുന്നേററ തന്റെ ജീവിതം തന്നിൽനിന്നു പുറത്തു കടന്നുനിന്നു തന്റെ നേക്ക് ഇമവെട്ടാതെ നോക്കിക്കൊണ്ട് ഇങ്ങിനെ ചോദിക്കുന്നതായി അയാൾ കേട്ടു.

"എന്നെ ഇത്ര നാളും കുലീനതവും മര്യാദയും തികഞ്ഞ തരത്തിൽ നിങ്ങൾ രക്ഷിച്ചുപോന്നു. നാളത്തെ ഒരു ദിവസം കഴിഞ്ഞാൽ എന്റെ സ്ഥിതിയെന്താണ്? മാനംകെട്ട രീതിയിൽ രക്ഷിക്കപ്പെടുവാൻ എനിക്കു നിങ്ങളെ അഭയം പ്രാപിക്കണമെന്നാണോ കരുതിയതു്?

അയാൾ തലക്ക് കൈകൊടുത്ത് ഇരിപ്പായി. ജീവിക്കണമെങ്കിൽ സ്നേഹിതന്മാരുടെ പണ്ടങ്ങളെല്ലാം എടുത്തു കൊടുക്കണം. അല്ലെങ്കിൽ? . . . . . . ഇവിടെ അയാൾ നിർത്തി. "അല്ലെങ്കിൽ" എന്നു തുടങ്ങി അവസാനിക്കുന്ന ആ ഭയങ്കരമായ ചെകുത്താൻ മടയിലേക്കു് എത്തി നോക്കുക എന്നാലോചിച്ചപ്പോൾ അയാൾക്കു തല ചുററി.

കഴിഞ്ഞുപോകുന്ന ഓരോ നിമിഷവും തന്റെ കുലമാനവും അന്തസ്സും ഓരോ പിടി വാരിക്കൊണ്ടുപോകുന്നതായി അയാൾക്ക് തോന്നി. ദുഷ്കീർത്തി അതിന്റെ ദംഷ്ട്രങ്ങൾ എടുത്തു പിടിച്ചു വായ് പൊളിച്ചു നില്ക്കുന്നതായും താൻ കുറേശ്ശ കുറേശ്ശയായി ആ വായിൽ ഉൾപ്പെട്ടുപോകുന്നതായും അയാൾക്ക് അനുഭവപ്പെട്ടു. മരിക്കണമെന്നു ആലോചിക്കാൻ ശക്തിയുണ്ടായില്ലെങ്കിലും അവമാനഭയം അയാളെ അറിയാതെ അതിന്നു് പ്രേരിപ്പിച്ചു. ഉടനെ ജീവിതാശയുടെ എല്ലാത്തരം ഉണർവും അയാളുടെ ഞരമ്പുകളിലേക്കു് പാഞ്ഞു കയറി

ഒരു ദിവസമേയുള്ളു, പരിമിതങ്ങളായ ഏതാനും മണിക്കൂറുകളെയുള്ളു, അതു കഴിഞ്ഞാൽ അയാൾ ജനങ്ങളുടെ കണ്ണിൽ അപഹാസ്യനായി! എവിടെ നിന്നാണ കാശുണ്ടാക്കുക കിട്ടുക? വീടാണെങ്കിൽ മറെറാരാൾക്കു പണയമെഴുതിക്കൊടുത്തു. "തന്റെ കഷ്ടസ്ഥിതി ഭാര്യയോടു പോയിപ്പറഞ്ഞാലോ?" അയാൾക്കതു ഹൃദയഭേദകമായിത്തോന്നി. തനിക്കു

പലപ്പോഴും അവൾക്ക് തൃപ്തി വരുമാറു പണം കൊടുക്കാൻ കഴിയാതിരിക്കെ, അവൾ അടുത്ത് ഒരു ദിവസം കൂടി കുറെ പണം ആവശ്യപ്പെട്ടിരിക്കെ, ഇതുവരേയും താനിക്ക് പണത്തിനു മുട്ടുള്ളതായി നടിക്കപോലും ചെയ്യാതിരിക്കെ, ഇത്ര പെട്ടെന്നു അവളുടെ അടുക്കൽ ചെന്നു കൈമലർത്തിയാൽ അതു വിശ്വസിക്കുമോ? നേരെ മറിച്ച് ഒരു തൃപ്തി മാത്രം പ്രതിഫലം! ഹാ, അവൾക്ക് അതൃപ്തി ജനിപ്പിച്ചു ജീവിച്ചിരിക്കുക! ഒരിരട്ട മരണത്തിന്റെ മരവിപ്പിൽ നരകത്തിലെ എല്ലാവിധ ദുർവ്വേദനകളും വേണ്ടപോലെ ചവച്ചു സ്വാദോത്തു തിന്നുകൊണ്ടുള്ള ആ ജീവിതത്തെപ്പററി ശവം മറവുചെയ്തിട്ടും വേദനയനുഭവിക്കേണ്ടി വരുന്ന ആ പാമ്പുകടിയേററ ജീവനുള്ള മരണത്തെപ്പററി ആത്മാവിൽ ഒരു വിറയോടുകൂടിയല്ലാതെ അയാൾക്ക് ആലോചിക്കാൻ കഴിഞ്ഞില്ല

അയാൾ പിടഞ്ഞെഴുന്നേററു. ബാലകൃഷ്ണമേനോനെ വിളിച്ചുണർത്തി, പണം ചോദിക്കാമെന്നുറച്ചു. പക്ഷെ, ഒരപ്പോഴക്കും ഹൃദയാന്തർഭാഗത്തുനിന്നു ഒരു പ്രതിഷേധശബ്ദം അയാളെ ഇങ്ങിനെ തടഞ്ഞു.

"എന്തു സംബന്ധമാണിത്? അയാൾ ഉണർന്നിരിക്കുമ്പോൾ അയാളുമായി വളരെ നേരം സംസാരിച്ചിട്ടും ഈ കാൎയ്യം പറയാതിരിക്കെ, ഇനി ഇപ്പോൾ, ഉണർത്തി, ഇതറിയിച്ചാൽ അതു ഗൌരവമുള്ളതായി കണക്കാക്കുമോ? പണമില്ലെന്നു അയാൾ ആദ്യമേ പറകയുണ്ടായി; എന്നല്ല കുറച്ചു സംഖ്യ തന്നോട് ആവശ്യപ്പെടുകകൂടിച്ചെയ്തു!"......

അപ്പോൾ അതുകൊണ്ടു ഫലമുണ്ടാവില്ലെന്നു അയാൾക്കു ബോധപ്പെട്ടു. എങ്കിലും, ബാലകൃഷ്ണമേനോന്റെ കയ്യിൽ പണമില്ലെന്നു എത്ര പണിപ്പെട്ടിട്ടും വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇന്നു കാലത്താണു അയാൾക്കു കുറിവക പണം കിട്ടിയതു്. ബാങ്കിലിടാനും വഴിയില്ല. അയാൾക്കു പണമിടപാടുള്ള ബാങ്ക് അന്നു തുറന്നിട്ടില്ല! നിശ്ചയമായും പണം അയാളുടെ പക്കൽ കാണണം. അതുകൊണ്ടു പ്രയോജനമെന്തു? അതു കിട്ടുവാൻ ഒരുപായവും അയാൾ കണ്ടില്ല. അയാൾ കുറേനേരം ആ ഇരുന്ന ഇരിപ്പിൽ ഇരുന്നു. പിറേറദിവസം കാലത്തു തന്റെ ബുദ്ധിമുട്ടുകൾ ബാലകൃഷ്ണമേനോനെ അറിയിക്കാമെന്നും, അതെല്ലാം കേട്ടാൽ പണം അയാൾ തരാതിരിക്കില്ലെന്നും ഗോപാലകൃഷ്ണൻ സമാധാനിച്ചു; വീണ്ടും കിടന്നു. കഴിയുന്ന വേഗത്തിൽ ഉറങ്ങാൻ വേണ്ടിയാണു കിടന്നതു്. എന്നാൽ അതുകൊണ്ടൊന്നും അയാൾക്കു സമാധാനം വന്നില്ല.

അനിശ്ചിതത്വത്തിന്റെ ചുഴലിക്കാററിൽ അയാളുടെ മനസ്സാക്ഷി തലച്ചോറുമായി കിടന്നു വട്ടംതിരിഞ്ഞു. എന്തെങ്കിലും ഒരു തീപ്പുണ്ടായാൽ കൊള്ളാമെന്നു അയാളാഗ്രഹിച്ചു. കൊട്ടപ്പാലം തിരിഞ്ഞു കട്ടിൽ

അടുത്ത നിമിഷത്തിൽ വീണുപോകുമെന്നു ബോധംവരുന്ന ഒരു കുട്ടിയുടെ അമ്പരപ്പ് അയാളുടെ മനസ്സാക്ഷിക്കനുഭവപ്പെട്ടു. ഒരു പിടി വള്ളി കിട്ടിയേ കഴിയൂ. പൊടുന്നനവെ അവിടെനിന്നു ചാടിയെണീററു ബാലകൃഷ്ണമേനോന്റെ കോട്ടു തൂക്കിയിട്ട സ്റ്റാൻഡിന്നരികെ ചെന്നു നില്പായി. പെട്ടെന്നു മൂന്നുലോകവും കേൾക്കുമാറ്, ആരോ തന്നെ "കള്ളാ!" എന്നു വിളിക്കുന്നതായി അയാൾ കേട്ടു. എന്തോ ഒന്നു നിശ്ചയിച്ചുറച്ചു ചാടിയെണീററ അയാളുടെ മനസ്സാക്ഷി ഒരു കൂററൻ അടി കൊണ്ടിട്ടെന്നപോലെ നിലംപതിച്ചു. ആ കിടപ്പിൽ തന്റെ പ്രാണനു രക്ഷപ്പെടാൻ വഴിയില്ലെന്നു് ഊഹിക്കാൻ അയാൾക്കു പ്രയാസമുണ്ടായില്ല. ഉടനെ വീണ്ടും ഒരു മര്യാദക്കാരൻ കള്ളനാവുമ്പോളുണ്ടായേക്കാവുന്ന ഭയങ്കരങ്ങളായ എല്ലാത്തരം ചൂളലോടും വിറയോടുംകൂടി അയാൾ ബാലകൃഷ്ണമേനോന്റെ കോട്ടിന്റെ പോക്കററിൽ കയ്യിട്ടു. ഒരു നരിമടയിലേയ്ക്കാണു ചെല്ലുന്നതെന്നറിയുന്ന ഒരു മുയലിന്റെ പ്രാണവേദന അയാളുടെ കയ്യിന്മേൽ വ്യാപരിച്ചു. മടിശ്ശീല കയ്യിൽത്തടഞ്ഞു. അതെടുത്തു പരിശോധിച്ചു. അതിൽ കുറച്ചു കാശുമാത്രംകിടപ്പുണ്ടു്! അയാൾക്കു് എന്തെന്നില്ലാതെ ദേഷ്യവും ലജ്ജയും തോന്നി. ആ മടിശ്ശീലയുടെ ഓരോ ഉറയും സൂക്ഷ്മമായി പരിശോധിച്ചുനോക്കി. എന്നിട്ടെന്തു്? നൂററമ്പതുറപ്പിക വേണ്ടുന്ന സ്ഥാനത്തു് ഒരുറപ്പിക തികക്കാൻ കഴിഞ്ഞില്ല! അയാൾ തന്നെത്തന്നെ ശപിച്ചുംകൊണ്ടു് ആ മടിശ്ശീല കീശയിൽത്തന്നെ നിക്ഷേപിച്ചു. ബാക്കിയുള്ള കീശകളും ഒരുദാസീനതയോടെ തപ്പിനോക്കി. അതാ, അവയിലൊന്നിൽനിന്നു് ഒരു ചെറിയ കിലുക്കം. അയാൾ കൈ പെട്ടെന്നു് അതിൽ നിന്നെടുത്തു. അതു് ഒരു താക്കോലിൻകൂട്ടത്തിന്റെ ശബ്ദമായിരുന്നു. ആ ശബ്ദം, കക്കാൻതുനിയുന്ന ഒരു കള്ളനു്, താൻ കൊള്ളയിടാൻ വിചാരിക്കുന്ന വീട്ടിലെ താക്കോലുകൾ കയ്യിൽ കിട്ടിയാലുണ്ടാവുന്ന സന്തോഷത്തേക്കാളധികം, ഒരു മര്യാദക്കാരനു്, ഒരു തറവാടിയായ ചെറുപ്പക്കാരനു്, ജീവിതത്തിന്റെ ഒരു നല്ല ഭാഗം മുമ്പിൽ നീണ്ടുകിടപ്പുള്ള ഒരു യുവാവിനു്, താൻ അടുത്ത നിമിഷത്തിൽ ഒരു പെരുങ്കള്ളനാണെന്നു പ്രഖ്യാപിക്കാൻ പോവുകയായി എന്നു മുന്നറിവു കൊടുക്കുന്ന ഒരു മണികിലുക്കംപോലെ, അത്യധികം വ്യസനവും ലജ്ജയും അവമാനഭീതിയും അയാളിൽ വളർത്തി. ആ ശബ്ദം ബാലകൃഷ്ണമേനോനെ ഉണർത്തിയിട്ടുണ്ടാവുമെന്നുകൂടി അയാൾ ശങ്കിച്ചു. ഉടനെ, പതുക്കെപ്പതുക്കെ, അടിവെച്ചടിവെച്ചു്, ബാലകൃഷ്ണമേനോന്റെ അടുക്കൽ ചെന്നു്, അയാളെ സൂക്ഷിച്ചുനോക്കി. ആ മങ്ങിയ വെളിച്ചത്തിൽ, ഇരുട്ടിനു് എടുക്കാവുന്നത്ര പ്രകാശമുള്ള ആ രാത്രിവെളിച്ചത്തിൽ, ബാലകൃഷ്ണമേനോനെ ഒന്നു പരിശോധിച്ചു. ഉണർന്നിട്ടില്ലെന്നു തീർച്ചപ്പെട്ടപ്പോൾ വീണ്ടും ആലോചിക്കാൻ തുടങ്ങി.

"ശരി, നേരം വൈകുന്നു. എന്തെങ്കിലും തീൎച്ചപ്പെടുത്താൻ തിടുക്കമായി. ആ താക്കോലെടുത്തു പെട്ടി തുറന്നു നോക്കിയാലോ? ഹായ്, വയ്യ; ബാലകൃഷ്ണമേനോൻ ഉണൎന്നുപോയാൽ......! പിന്നെ ഞാനെന്തിന്നു ജീവിക്കുന്നു? വേണ്ട... ഒരു കാൎയ്യം ചെയ്യാലോ?......"

അയാൾ ആത്മഹത്യ ചെയ്യാൻതന്നെ ഉറച്ചു. പക്ഷെ, ആ ഉദ്യമത്തിൽ മരിക്കാതെ പോയാലോ? അപ്പോൾ അതും ഒരപകീൎത്തിക്കുള്ള കാരണമാവില്ലേ? ഉടനെ അയാൾ എന്തിനെന്നില്ലാതെ ഒരു പൂച്ചയുടെ സനിഷ്കൎഷമായ കാൽവെപ്പോടുകൂടി ആ മുറി മുഴുവൻ ഒന്നു നടന്നു പരിശോധിച്ചു. ആ പരിശോധനയിൽ ഒരു മുക്കിൽനിന്നു് ഒരായുധം കണ്ടെത്തി. തന്റെ പൂന്തോട്ടം വെടുപ്പാക്കാൻ വേണ്ടി ബാലകൃഷ്ണമേനോൻ മേടിച്ചുവെച്ചിട്ടുള്ള ഒരു നീണ്ട കത്തിയായിരുന്നു അതു്. അയാൾ അതെടുത്തു കയ്യിലാക്കി. നിരായുധനായി പോൎക്കളത്തിൽ ചെന്നു കുടുങ്ങിയ ഒരു യോദ്ധാവിന്നു് ഒരു പടവാളു കണ്ടെത്തിയാൽ ഉണ്ടായേക്കാവുന്ന പ്രസന്നത അയാളുടെ മുഖത്തുദിച്ചു. തന്റെ ജീവിതം ഇവിടെ വെച്ചവസാനിപ്പിക്കുകയാണു് നല്ലതെന്നു് അയാൾ മനസ്സിനെ ബോധപ്പെടുത്താൻ തുടങ്ങി.

"എന്നാൽ എന്റെ പ്രിയതമയെ ഒന്നുകൂടി കണ്ടതിന്നുശേഷം പോരേ? നാളത്തെ ഒരുദിവസം ബാക്കിയുണ്ടുതാനും!"

'മരിക്കുക! അയാൾ ഒരു വല്ലാത്ത അസ്വാസ്ഥ്യത്തോടെ ഈ വാക്കു കയ്യിലിട്ടു് ഒന്നു തിരിച്ചുമറിച്ചു. അയാളുടെ കൈ പൊള്ളിയെന്നു തോന്നും, പൊടുന്നനെ അയാൾ അതു താഴെയിട്ടു.

"അപ്പോൾ, ഞാൻ മരിക്കുയല്ലാതെ ഇതിന്നു മറെറാരുപായവുമില്ലേ? ഒരാൾ മരിച്ചേ കഴിയൂ എങ്കിൽത്തന്നെ, അതു ഞാനാവണമെന്നുണ്ടോ? മറെറാരാൾ മരിച്ചാലും കാൎയ്യം സാധിക്കുമെങ്കിൽ......!"

ജീവിച്ചിരിക്കാനുള്ള ആശ അയാളെ ഇത്തരത്തിലുള്ള ഒരു തത്വജ്ഞാനത്തിലാണു് കൊണ്ടുചാടിച്ചതു്.

പണം ബാലകൃഷ്ണമേനോന്റെ കയ്യിലുണ്ടെന്നു് അയാൾക്കു നല്ല ഉറപ്പുണ്ടു്. ഏതായാലും ഒരു കള്ളനായി; ഒരു കൊലയാളികൂടി ആയാലെന്താണു്? എന്നാലും, ഇതെല്ലാം തന്റെ പ്രേമഭാജനത്തിന്നു വേണ്ടിയാണല്ലോ!

അയാളുടെ തത്വജ്ഞാനം കൊലപാതകത്തിന്റെ വക്കത്തുനിന്നു ചാഞ്ചാടി. വക്കത്തുനിന്നാൽ രക്ഷയില്ല. അയാൾ ആ അഗാധഗൎത്തത്തി

ലേക്കു് ഒന്നെത്തിച്ചുനോക്കി. നോട്ടം അതിൻെറ അടിത്തട്ടിലേക്കു് എത്തുംതോറും അയാളുടെ സുബോധം ക്ഷയിച്ചു. പെട്ടെന്നു്, ഒരു ഭ്രാന്താവേശംകൊണ്ടെന്നപോലെ അയാൾ അയാൾക്കുണ്ടായിരുന്ന എല്ലാഭയങ്കരവിചാരങ്ങളുടേയും വീറെടുത്തു. ബാലകൃഷ്ണമേനോൻെറ കഴുത്തിൽ ഊക്കിട്ടു് ഒരു വെട്ടുവെട്ടി. ഒന്നു ഞരങ്ങാൻകൂടി ഇടകിട്ടുന്നതിനുമുമ്പു്, അതാ, ഒന്നുകൂടി!

അയാൾ തിരിഞ്ഞും മറിഞ്ഞും നോക്കിയില്ല. താക്കോലെടുത്തു പെട്ടി തുറന്നു. പെട്ടി പുറത്തു കമഴ്ത്തിക്കൊട്ടി. അതിൽക്കണ്ട ലക്കോട്ടു മുഴുവൻ തിരിച്ചും മറിച്ചും നോക്കി വിളക്കു കൊളുത്തിയാലോ, എന്നയാൾ സംശയിച്ചു. പക്ഷെ, തൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടേക്കാവുന്ന ആ ചെയ്തുകഴിഞ്ഞ പൈശാചികകൃത്യത്തെപ്പററി അയാളോർത്തു. ഒരുവിധത്തിൽ, വളരെ കടലാസ്സുചുരുൾ അടക്കിക്കെട്ടി സൂക്ഷിച്ചിട്ടുള്ള ഒരു ലക്കോട്ടു് അയാളുടെ കയ്യിൽപ്പെട്ടു. പുറത്തുചെന്നു നാട്ടുവെളിച്ചത്തിൽ പരിശോധിച്ചപ്പോൾ അയാൾക്കു തിട്ടപ്പെട്ടു. അതു നോട്ടുകളായിരുന്നു. ക്ഷണനേരംകൊണ്ടു്, ആ വാതിലടച്ചുപൂട്ടി, താമസിക്കുന്ന വീട്ടിൽപ്പോയി ഉടുപ്പുകൾ മാറി; തീവണ്ടിസ്റ്റേഷനിലേക്കു തിരിച്ചു. അയാൾ കുതികുതിച്ചുനടന്നു. അയാളുടെ നടത്തത്തിനു് ഒരു വായുക്ഷോഭം പിടിപ്പെട്ടമട്ടുണ്ടായിരുന്നു. മുന്നോട്ടുവെക്കുന്ന ഓരോ കാൽവെപ്പും, ഒരദൃശ്യശക്തിയാൽ പിന്നാക്കം തെറിക്കുന്നതായി തോന്നി. അയാൾക്കു പുറപ്പെട്ട ദിക്കിൽത്തന്നെ തിരിച്ചെത്തിയേക്കുമെന്നു പേടിയുണ്ടായിരുന്നപോലെ തോന്നും, ഉള്ള ശക്തി മുഴുവൻ മുമ്പോട്ടുകൊടുത്തു് അയാൾ പറപറന്നു. നാലു പുറത്തേക്കും കണ്ണോടിക്കാതിരിക്കാൻ അയാൾക്കു ധൈര്യമുണ്ടായില്ല. താൻ കണ്ടുപിടിക്കപ്പെട്ടുവെന്നാണു് അയാളുടെ വിശ്വാസം.

വഴി ഏററവും ദുർഘടവും ദുസ്സരവും ആയിരുന്നു. അയാൾ താമസിക്കുന്നതു് ഒരുൾനാട്ടിലാണ്—ഒരു ഹൈസ്കൂളുകൊണ്ടു നാഗരികത്വം നേടിനില്ക്കുന്ന ഒരുൾനാട്. തീവണ്ടിസ്റ്റേഷനിലേക്കു് അവിടെനിന്നു മൂന്നുനാലു നാഴിക വഴി നടക്കണം. അതുമല്ല, നിരത്തിലൂടെ പോകുമ്പോൾ വഴിക്കു വല്ലവരേയും കണ്ടുമുട്ടിയെങ്കിൽ! അയാൾ, ഒരൂടുവഴിണ്ടു്, അതിലെ നടന്നു. ആ വഴിയേ നടന്നു എന്നു പറയാമോ, ആവോ? ആ വഴി ചാടിക്കടന്നുവെന്നാണു് പറയേണ്ടതു്. കുന്നും കുഴിയും, തോടും പാടവുമായി, നിമ്നോന്നതത്വം എത്ര വികൃതമായിട്ടും ലോകത്തിൽ കണ്ടേക്കാമെന്നുള്ളതിനു് ഒരുത്തമദൃഷ്ടാന്തം വഹിക്കുന്ന ഒരു വഴി. പക്ഷെ, ഗോപാലകൃഷ്ണനു് ആ വഴി അതിമനോഹരമായിട്ടാണു് അപ്പോൾതോന്നിയതു്.

അയാൾ ഒരു മട്ടിൽ ചാടി ഓടി റെയിൽവേ സ്റ്റേഷനിൽ

എത്തി. വണ്ടി സ്റ്റേഷനിൽ വന്നുനില്പുണ്ടായിരുന്നു. വണ്ടിയുടെ പിൻഭാഗത്തൂടെയാണ് അയാൾ സ്റ്റേഷനിലേക്കു ചെന്നതു്. വണ്ടി സ്റ്റേഷൻ വിടുവാൻ തിടുക്കംപൂണ്ടു നില്ക്കുകയാണ്. വണ്ടിയുടെ പിന്നിലുള്ള ചുവന്ന വെളിച്ചം അയാളുടെ ദൃഷ്ടിയിൽപ്പെട്ടു; അയാൾ വിറങ്ങലിച്ചുപോയി. ഒരു കൊലപാതകം നടത്തി ഓടി രക്ഷപ്പെടാൻ വേണ്ടി വെമ്പൽകൊള്ളുന്ന ഒരു കൊലയാളിയെയാണ് അയാൾക്കു് ഓർമ്മവന്നതു്.

അതാ, വണ്ടി സ്റ്റേഷൻ വിടാനുള്ള വിസിൽ കേട്ടു. അയാൾ സ്റ്റേഷൻ മാസ്റ്ററുടെ പക്കൽ പത്തുറുപ്പികയുടെ നോട്ടെടുത്തു കൊടുത്തു പറഞ്ഞു,

"ഒരു ടിക്കറ്റ്, പ്ലീസ്."

"എവിടേക്ക്?"

"പോത്തന്നൂക്ക്"

ടിക്കറ്റ് വാങ്ങി അയാൾ വണ്ടിയിൽ പാഞ്ഞുകയറി. ബാക്കി പണം മേടിക്കുന്നതിൽ അയാൾക്കു ശ്രദ്ധയുണ്ടായില്ല. സ്റ്റേഷൻ മാസ്റ്റർക്ക് അയാളെക്കുറിച്ചു തെല്ലൊരുൽകണ്ഠയുണ്ടായെങ്കിലും അതു തനിക്കു കിട്ടിയ കൈനേട്ടത്തിൽ ലയിക്കാനേ ഉണ്ടായുള്ളു.

ഗോപാലകൃഷ്ണൻ വണ്ടിയിൽ കയറി എന്നു കഷ്ടിച്ചുപറയാം, അപ്പോഴേക്കും വണ്ടി പാഞ്ഞു കഴിഞ്ഞു. ഇരുട്ടിലൂടെ ഓടി രക്ഷപ്പെടാൻ തരംനോക്കിയിരുന്ന അയാൾക്ക്, വണ്ടിയെ മുഴുവൻ വെളിച്ചം വെപ്പിച്ച ആ വൈദ്യുതദീപത്തോട് ഒരസഹ്യമായ വെറുപ്പുതോന്നി. തന്റെ ശ്രമം പാഴിലായെന്ന് അയാൾ കരുതി. തന്നെ എല്ലാവരും കണ്ടുപിടിച്ചിരിക്കുന്നുവെന്നും, താൻ തടവുകാരനായി പിടിക്കപ്പെട്ടിരിക്കുന്നുവെന്നും തടവുമുറിയിലാണ് താൻ കിടക്കുന്നതെന്നും, അയാൾ വൃഥാ ശങ്കിച്ചു. പക്ഷെ മുറിയിൽ വേറെ ആരേയും കാണാഞ്ഞപ്പോൾ അയാൾക്കു തെല്ലാരാശ്വാസം തോന്നി, അയാൾ മുറിയുടെ വാതിലുകൾ കൊട്ടിയടച്ചു; വണ്ടി അടുത്ത സ്റ്റേഷനിൽ ചെന്നു നിന്നപ്പോൾ അയാൾ അതിലേറെ വിഷമിച്ചു. വണ്ടിനിന്നതോടൊപ്പം, തന്റെ ഹൃദയസ്പന്ദനവും നിലച്ചുപോയി എന്നു അയാൾ പേടിച്ചു. വണ്ടി പാഞ്ഞിരുന്നതു് തന്റെ ശ്വാസവേഗത്താലാണെന്നായിരുന്നു അയാളുടെ വിശ്വാസം. അയാൾ വണ്ടിയെ എടുത്തു പായുകയാണെന്നായിരുന്നു അയാൾ വിചാരിച്ചതു്. കാരണം ആ ഭാരം മുഴുവൻ വഹിച്ചാലുണ്ടാകുന്നത്ര ക്ലേശം അയാൾക്ക് ആ അവസരത്തിലുണ്ടായിരുന്നു. വണ്ടി ഇളകിയപ്പോൾ, ഒരാൾ ആ മുറിയിലേക്കു കേറിവന്നു. അയാളെ കണ്ടതോടുകൂടി ഗോപാലകൃഷ്ണൻ

അടിമുതൽ മുടിവരെ ഒന്നു വീക്ഷിച്ചു. അയാൾ ഒരു ടിക്കറ്റുപരിശോധകനായിരുന്നു. ടിക്കറ്റു തന്റെ കയ്യിൽ ഉണ്ടായിരുന്നിട്ടും ഗോപാലകൃഷ്ണനു് അയാളെ കണ്ടമാത്രയിൽ ഒന്നു പിടഞ്ഞാക്കം പൂളാതിരിപ്പാൻ കഴിഞ്ഞില്ല! അയാൾ ഉറക്കം നടിച്ചുകിടന്നു. ടിക്കറ്റു പരിശോധകൻ ഇയാളുടെ പരുങ്ങൽ കണ്ടിട്ടുതന്നെയാവാം, ടിക്കറ്റു വാങ്ങി ഒന്നു രണ്ടു പ്രാവശ്യം അകം പുറം തിരിച്ചു നോക്കുകയുണ്ടായി.

ഗോപാലകൃഷ്ണൻ കണ്ണു മുറുക്കെ ചിമ്മിക്കിടന്നു, കണ്ണു തുറക്കാൻ അയാൾക്കു ധൈര്യമുണ്ടായില്ല. വണ്ടി അടുത്ത സ്റ്റേഷനിൽ എത്തിയാൽ മുറി മാറിക്കേറണമെന്നു് അയാൾ തീരുമാനിച്ചു. പക്ഷേ അതു കൂടാതെ കഴിഞ്ഞു. ടിക്കറ്റുപരിശോധകൻ അതിൽനിന്നിറങ്ങിപ്പോയി.

വണ്ടി പതിവുപോലെ അതിവേഗത്തിൽ പാഞ്ഞുപോയി.

*           *           *           *

"പർളി, പർളി" വളരേ നേരം എന്താണ്ടു ബോധംകെട്ട രീതിയിൽക്കിടന്നിരുന്ന ഗോപാലകൃഷ്ണൻ ഈ ശബ്ദം കേട്ടതോടുകൂടി ഞെട്ടിയുണന്നു. അയാൾക്കു് ആ സ്റ്റേഷനിൽ ഇറങ്ങാതിരിപ്പാൻ കഴിഞ്ഞില്ല. ആരെ തൃപ്തിപ്പെടുത്താൻ വേണ്ടിയാണോ താൻ ഇത്രയെല്ലാം അതിക്രമങ്ങൾ കാണിച്ചതു് ആ തന്റെ പ്രണയഭാജനത്തിന്റെ ഗൃഹം പർളി സ്റ്റേഷനു തൊട്ടടുത്താണു്.

ഗേററിൽ ചെന്നു് ടിക്കറ്റു കൊടുത്തപ്പോൾ അയാൾക്കു് നന്നേ വിഷമിക്കേണ്ടിവന്നുവെങ്കിലും സ്റ്റേഷൻമാസ്റ്റർക്കു് ഒരു പുഞ്ചിരി സമ്മാനിക്കേണ്ടിവന്നു. സ്റ്റേഷൻമാസ്റ്റർ ടിക്കറ്റു മേടിച്ചു തനിക്കു തന്ന പുഞ്ചിരിക്കു പകരം ഒരു ചിരിതന്നെ സമ്മാനിച്ചു അയാളെ ഗേററു കടത്തിവിട്ടു. ഉടനെ അയാൾ ടിക്കററിലേക്കു ഒന്നു നോക്കി.

"അല്ലാ! നിങ്ങൾ പോത്തന്നൂക്കാണല്ലോ ടിക്കററു് മേടിച്ചിരിക്കുന്നതു്."

ഗോപാലകൃഷ്ണൻ ഒന്നു മലച്ചു. വാസ്തവത്തിൽ എവിടേക്കാണു് ടിക്കററു് മേടിച്ചിരുന്നതെന്നു് ആയാൾക്കു് ഓർമ്മയുണ്ടായിരുന്നില്ല. പക്ഷെ അയാൾ ഇങ്ങിനെ ഒരു പൊടിക്കൈ പ്രയോഗിച്ചു.

"ഓ, ശരിതന്നെ. ഞാൻ അടുത്തവണ്ടിക്കേ പോകുന്നുള്ളു."

അയാൾ ടിക്കററു മടക്കിമേടിച്ചു. സ്റ്റേഷൻമാസ്റ്റർ വിട്ടില്ല.

"എന്തിനാണു് പോത്തന്നൂക്കു പോകുന്നതു്?"

"കുറച്ചു കാര്യമുണ്ടു്. ഉച്ചയ്ക്കു കാണാം." എന്നുകൂടി ഒരുവിധം പറഞ്ഞൊപ്പിച്ചു് അയാൾ വെമ്പിനടന്നു.

നേരം പുലരാറായിരുന്നു. ആളെ കണ്ടറിയാറാകുമ്പോഴെയ്ക്കു വിട്ടിൽ ചെന്നു കൂടണമെന്നായിരുന്നു അയാളുടെ ആഗ്രഹം. കോഴികളുടെ ശബ്ദം അയാളെ പൂർവ്വാധികം പരിഭ്രമിപ്പിച്ചു. കുററവാളിയാണെന്നു കണ്ടറിഞ്ഞുതന്നെ പിടികൂടാനായി ആളുകളെ വിളിച്ചുവരുത്താനുള്ള കൂക്കും വിളിയുമാണ് അതെന്ന് അയാൾ ഉറച്ചു. അയാൾ നടത്തത്തിന്ന് ഒന്നുകൂടി ധൃതികൂട്ടി.

ഒരുവിധത്തിൽ ഭാര്യവിട്ടിൽ ചെന്നെത്തി. ഉമ്മറവാതിൽ തുറന്നുകിടന്നിരുന്നു. പക്ഷെ അയാൾ അകത്തേയ്ക്കു കടന്നില്ല; പുറത്തു കിടന്നിരുന്ന ഒരു ബെഞ്ചിന്മേൽ ചെന്നുവീണു.

സുലോചന ഉണൎന്നിട്ടുണ്ടായിരുന്നില്ല. കുറച്ചുനേരം കഴിഞ്ഞപ്പോൾ സുലോചനയുടെ അമ്മ ചൂലും വെള്ളവുംകൊണ്ട് ഉമ്മറത്തേയ്ക്കു വന്നു.

ഗോപാലകൃഷ്ണനെ ആ ബെഞ്ചിന്മേൽ കണ്ടപ്പോൾ പെട്ടെന്നു കുറച്ച് ദേഷ്യം തോന്നിയെങ്കിലും അതിനെ അമർത്ത് ഒരു നൊട്ടിനുണയുന്ന മട്ടിൽ അവർ ഇങ്ങിനെ ചോദിച്ചു:

"ആ്, എപ്പഴെ വന്നത്? ഇന്നലെ രാത്രിതന്നെ വന്നുവൊ? അയ്യൊ, ഞങ്ങളെ വിളിച്ചിട്ടുണ്ടാവും. ലേശം അറിഞ്ഞില്ല്യേ!"

അയാൾക്കു മറുവടി പറയേണ്ട ഭാരം ഉണ്ടായില്ല. പറയാനുള്ളത് ആ തള്ളയുടെ വാഗ്‌പ്രവാഹത്തിൽ മുങ്ങിപ്പോയി.

തള്ള വീണ്ടും തുടൎന്നു: "ആ പെണ്ണ് ഇതുവരെ ഉണൎന്നിട്ടില്ല. എന്തുറക്കമാണ്! ഞാനും ചെറുപ്പമായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇങ്ങിനെയുണ്ടോ ഒരുറക്കം!"

ആ ആവേശത്തിൽ തള്ള 'സുലോചനേ' എന്നൊന്നു നീട്ടിവിളിച്ചു. പിന്നെയും ഗോപാലകൃഷ്ണന്റെ മേൽ ചില അനുതാപപ്രകടനങ്ങൾ തുടങ്ങി.

"എന്തെ രാത്രി ഇത്ര വൈകാൻ? വെളിച്ചമൊന്നും ഉണ്ടാവില്ല. ഇരുട്ടത്ത് ഇങ്ങിനെ നടന്നാലോ! ഇന്നലെ രാത്രി ഊണും കഴിച്ചില്ലേ്യ?"

ഇത്തവണ ഗോപാലകൃഷ്ണനു മറുപടി പറയേണ്ടതായിവന്നു. അയാൾ ഇങ്ങിനെ വിക്കി.

'ഉവ്വ്! ഉവ്വ്!"

"ഇനി എന്താ ചെയ്യാ ഇത്തിരി ചായ വെക്കാമെന്നു വെച്ചാൽ ഇവിടെ ഒന്നുല്ല്യ. കാശുല്ല്യ കയ്യില്. ഞാൻ നിരിച്ചാൽ നിവൃത്തില്ല. എന്നെക്കൊണ്ടു കഴിയുന്നതല്ല ചെയ്യാൻ വയ്യ".

തള്ള പതിവിൻപടി അന്നും ഇല്ലായ്മ അഭിനയിച്ചു.

ഗോപാലകൃഷ്ണൻ വല്ലവിധത്തിലും തള്ളയെ അവിടെനിന്നു അയയ്ക്കാമല്ലോ എന്നു കരുതി അഞ്ചുരൂപ്പികയുടെ ഒരു നോട്ടെടുത്തു മുമ്പിലേയ്ക്കു് ഇട്ടുകൊടുത്തു.

തള്ള ആ നോട്ടെടുത്തു് അകത്തേയ്ക്കു പോയി പോകുന്ന പോക്കിൽ മകളെ ഒന്നു കൂടി വിളിച്ചു.

"സുലോചനേ, ഉമ്മറത്തേയ്ക്കു് ഒന്നു ചെല്ല്."

ഗോപാലകൃഷ്ണൻ ആ ബെഞ്ചിന്മേൽത്തന്നെ ചുരുണ്ടുകൂടി. അയാൾ നന്നെ ക്ഷീണിച്ചിട്ടുണ്ടായിരുന്നു. ഒരു രാത്രികൊണ്ടു് എന്തു മാറ്റം സംഭവിച്ചു! കുണ്ടിൽപ്പോയ കണ്ണുകൾ, ഒട്ടിയ കവിളുകൾ! ഹാ അതു് ദയനീയമായിരുന്നു! താൻ ചെയ്തുപോയ ആ കൊടുംക്രൂരമായ പ്രവൃത്തിക്കുമുമ്പിൽ അയാളുടെ ഓരോ പ്രാണന്തരവും അനുനിമിഷം നിന്നു് വിറകൊണ്ടു. കണ്ണുകളിൽനിന്നു് കണ്ണീർ ധാരമുറിയാതെ ഒഴുകി എത്ര അടക്കിയിട്ടും അയാളുടെ ഉള്ളിൽക്കിടന്നു് അല തല്ലിയിരുന്ന വികാരങ്ങൾ അടങ്ങിയില്ല. ഈ വല്ലാത്തമട്ട് ഭാര്യ കണ്ടറിയാതിരിക്കണമെന്നു് അയാൾക്കു് ആഗ്രഹം തോന്നി. അയാൾ കഴിയുന്നതും അവയെ അടക്കി ഭാര്യയുടെ വരവും കാത്തു കിടന്നു.

സുലോചന ഉറക്കമുണർന്നു് ഉമ്മറത്തേയ്ക്കുവന്നു. തന്റെ ഭർത്താവാണു് ഉമ്മറത്തുവന്നിട്ടുള്ളതെന്നു് ആദ്യം അറിവുകിട്ടാത്തതിൽ അവൾക്കു് വല്ലാത്ത ദേഷ്യം തോന്നി. കാരണം, ഭർത്താവിന്റെ നേരെ കൈക്കൊള്ളേണ്ടുന്ന മുഖഭാവം അവൾ ഒരുക്കി വെച്ചിരുന്നില്ല. എങ്കിലും അവൾ നാട്യത്തിൽ അത്ര അസമർത്ഥയൊന്നുമല്ലാത്തതുകൊണ്ടു വലിയ തോൽവി പറ്റിയില്ല. അവൾ മുഖം വീർപ്പിച്ചു് അവിടെനിന്നു കടന്നുപോയി. പക്ഷെ, സുലോചനയ്ക്കു് ഒരു വലിയ നഷ്ടം പറ്റി. ഗോപാലകൃഷ്ണൻ അവളുടെ മുഖഭാവം സൂക്ഷിച്ചതേയില്ല. അവൾ അവിടെ വന്നുപോയതു് അയാൾ അറിഞ്ഞുവോ എന്നുതന്നെ സംശയമാണു്.

കുറച്ചു കഴിഞ്ഞപ്പോൾ സുലോചന ചായയുംകൊണ്ടു് ഉമ്മറത്തെത്തി അവൾക്കു ഭർത്താവിനു ചായകൊടുക്കുന്ന രസത്തെക്കാളധികം തന്റെ മുഖഭാവത്തെ അയാൾക്കു കൂടക്കൂടെ കാട്ടിക്കൊടുക്കുന്നതിലുള്ള രസമാണുണ്ടായിരുന്നതു്. അവൾ ചായ കൊണ്ടുവന്നു് ഒരു മൂഷി

ഞ്ഞമട്ടിൽ ഗോപാലകൃഷ്ണന്റെ മുമ്പിൽവെച്ച പാത്രത്തിൽനിന്നു ചായ തുളുമ്പിപ്പോകാത്തവിധത്തിലുള്ള ഒരുതരം അവജ്ഞ പാത്രംവെയ്ക്കുന്നതിൽ അവൾ പ്രദശിപ്പിച്ചു.

ഭാൎയ്യയെ കണ്ടതോടുകൂടി ഗോപാലകൃഷ്ണന്നു് അസ്വാസ്ഥ്യമെല്ലാം പമ്പകടന്നു. അയാൾ തന്റെ പ്രിയതമയെ സപ്രേമം ഒന്നു നോക്കി. അവൾ മുഖം തിരിച്ചുകളഞ്ഞു. ഗോപാലകൃഷ്ണന്നു് അവളുടെ മുഷിച്ചിലിന്റെ കാൎയ്യമെല്ലാം മനസ്സിലായി.

അയാൾ ചായയെടുത്തു് ഒരിറക്കു കുടിച്ചുനിൎത്തി.

"എനിക്കു മിനിഞ്ഞാന്നു വരാൻ സാധിച്ചില്ല; അടിയന്തരമായി ഒരു കാൎയ്യം നേരിട്ടു."

സുലോചന ഇതു കേട്ടഭാവം തന്നെ നടിച്ചില്ല.

അയാൾ തുടൎന്നു:

"എന്താ പണം മിനിഞ്ഞാന്നു കിട്ടാഞ്ഞിട്ടു ബുദ്ധിമുട്ടായോ? അല്ല കഴുത്തിലെ ചങ്ങലയെവിടെ? എന്തു്! കാതിലും കയ്യിലും ഒന്നും കാണാനില്ലല്ലോ?

സുലോചനയ്ക്കു് അടക്കാൻ വയ്യാതായി.

"ഞാൻ ചിരിച്ചപ്പെടുന്നതിൽ എനിക്കു കുറച്ചു ലജ്ജയുണ്ടു്. നിങ്ങൾക്കൊന്നും ഇല്ലായിരിയ്ക്കാം. അവനവന്റെ മാനം രക്ഷിയ്ക്കാൻ എന്തെങ്കിലും ഉപായം നോക്കാതെ കഴിയുമോ?"

വാസ്തവത്തിൽ അവൾ പണ്ടം പണയം വെച്ചിട്ടൊന്നുമില്ല. അതെല്ലാം പെട്ടിയിൽ അഴിച്ചുവെച്ചിരിയ്ക്കുകയായിരുന്നു. അവൾ തുടൎന്നു:

"പണം ഇല്ലെങ്കിൽ അതു് ആദ്യമേ പറഞ്ഞാൽ മതിയായിരുന്നു. എന്നാൽ അതു കാത്തു വിഷമിയ്ക്കേണ്ടിയിരുന്നില്ല."

അവൾ കരയാൻ തുടങ്ങി. ഗോപാലകൃഷ്ണന്റെ ധൈൎയ്യമെല്ലാം പോയി. മറ്റെന്തും അയാൾക്കു സഹിയ്ക്കാം. താൻമൂലം തന്റെ പ്രാണപ്രേയസിയുടെ കണ്ണിൽനിന്നു് ഒരുതുള്ളി കണ്ണുനീർ വീഴേണ്ടിവന്നുവല്ലോ എന്നോൎത്തപ്പോൾ അയാളുടെ ഹൃദയം ഇടിഞ്ഞുതകൎന്നു.

അയാൾ ഇങ്ങിനെ സാന്ത്വനപ്പെടുത്തി.

"ഹായ്, കരയാതിരിക്കൂ. പണ്ടം എവിടെയാണു പണയം വെച്ചിരിക്കുന്നതു്? ഇപ്പോഴുംതന്നെ എടുക്കാം. ഞാൻ പണം മിനി ഞാന്നുതന്നെ എത്തിക്കേണ്ടതായിരുന്നു. എന്താണു ചെയ്യുക! അബദ്ധം പററി. ആട്ടെ, സാരമില്ല. ഇതാ ഉറപ്പിക."

ഇത്രയും പറഞ്ഞു് അയാൾ ആ നോട്ടിൻകെട്ടു് എടുത്തു് അവളുടെ കയ്യിൽ വെച്ചുകൊടുത്തു. അവൾ പണം മേടിക്കാൻ മടിച്ചു. പണ്ടത്തെ മുഖഭാവം അവലംബിച്ചുനിന്നു.

ഗോപാലകൃഷ്ണൻ അവളുടെ കൈപിടിച്ചു നോട്ടു് ആ കയ്യിൽ വെച്ചുകൊടുത്തു്, അവളെ വാത്സല്യപൂർവ്വം ഒന്നു തഴുകി ഇങ്ങിനെ പറഞ്ഞു:

"ആട്ടെ, പോയി എന്താണാവശ്യം എന്നുവെച്ചാൽ അതു നടത്തൂ."

അവൾ നോട്ടെടുത്തു് അകത്തേക്കു പോയി.

ഗോപാലകൃഷ്ണനു് അവളുടെ നിരസം നീങ്ങിയതിൽ വലിയ കൃതാർത്ഥത തോന്നി. അവളെ സപ്രേമം നോക്കി നോക്കി, അയാൾക്കു വീണ്ടും കണ്ണിൽ വെള്ളം നിറഞ്ഞു. അവളെ പ്രീതിപ്പെടുത്താനാണെങ്കിലും, താൻ ചെയ്യു അതികഠിനമായ കടുംകയ്യിനെപ്പററി അയാൾക്കു് ഒരു ചുളുചുളെക്കുത്തലോടുകൂടിയല്ലാതെ ആലോചിപ്പാൻ കഴിഞ്ഞില്ല.

അന്നു രാത്രി അയാൾ ഉറങ്ങിയില്ല. അയാൾ മുറിയിൽ അങ്ങുമിങ്ങും എഴുന്നേററു നടന്നു. അയാൾ തേങ്ങിത്തേങ്ങിക്കരഞ്ഞു. പെട്ടെന്നു സുലോചനയെ ഓർമ്മവന്നു. അവൾ കട്ടിലിൽ കിടന്നു് ഈ ഗോഷ്ടികളെല്ലാം കാണുന്നുണ്ടാവുമെന്നു് അയാൾ ഭയപ്പെട്ടു; വീണ്ടും ക്ഷോഭമെല്ലാം അടക്കി കട്ടിലിന്മേൽ ചെന്നു കിടന്നു. പക്ഷേ, വീണ്ടും തലേന്നാളത്തെ രാത്രിയിലെ ഓരോ നിമിഷവും അയാളുടെ ഉള്ളിൽകൂടി തീഷ്ണതയോടെ പാഞ്ഞുപോയിത്തുടങ്ങി. ആ ഓരോ നിമിഷവും ആത്മാവിൽ ഭയങ്കരമായ ഓരോ ശസ്ത്രക്രിയ നടത്തുന്നതായി അയാൾക്കു തോന്നി. പെട്ടെന്നു എന്തിനേയോ ഭയപ്പെടുന്നപോലെ, അയാൾ ഒരു ഞെട്ടൽ ഞെട്ടി. ശ്മശാനത്തിൽനിന്നു പുറപ്പെടുന്ന, ദയനീയവും, എന്നാൽ ഭയാനകവുമായ ഒരു തേങ്ങൽ അയാളുടെ ചെവിയിൽ വന്നലച്ചുതുടങ്ങി. അതു് എന്താണെന്നു മനസ്സിലാക്കാനുള്ള വെമ്പലിൽ, അയാൾ വീണ്ടും കിടന്നേടത്തുനിന്നു പിടഞ്ഞെഴുന്നേററു. ആ ശബ്ദം പുറപ്പെടുന്ന സ്ഥലമറിയുവാൻ അയാൾ അത്യധികം ഉൽക്കണ്ഠപ്പെട്ടു! കുറച്ചു കഴിഞ്ഞപ്പോൾ, തന്നെ പണിപ്പെട്ടിട്ടാണെങ്കിലും, ആ ശബ്ദം തന്നിൽനിന്നു പുറപ്പെടുന്നതാണെന്നു അയാ

ശംക്കിക്കേണ്ടിവന്നു. അയാൾ ഭയവിഹ്വലനായി ഏതു ഹൃദയസ്പന്ദത്തെ നിലനിർത്താൻവേണ്ടിയാണോ താൻ തലേന്നാൾ ഇത്രയെല്ലാം കടുകൈകൾ ചെയ്തതു് ആ ഹൃദയസ്പന്ദനം ഒരു ശവക്കല്ലറയുടെ വിപ്പുമുട്ടൽപോലെയാണു് അപ്പോൾ ചെവിക്കൊണ്ടതു്! ആ ശബ്ദം അയാളുടെ അതിവേഗത്തിൽ മിടിച്ചുകൊണ്ടിരിക്കുന്ന ഹൃദയത്തിന്റേതായിരുന്നു. അതു തന്റെ ഹൃദയസ്പന്ദനമാണെന്നു അയാൾക്കു വിശ്വസിക്കാൻ വയ്യാതായി. അയാൾ കൈ മാറത്തടക്കിപ്പിടിച്ചു. അയാൾ മനസ്സിനെ വിശ്വസിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും, പിന്നെ അതു് മരണത്തിന്റെ മരവിച്ച കാൽവെപ്പു മാത്രമാണെന്നു് ബോധപ്പെടാൻ തുടങ്ങി! എന്നല്ല, ആ ശബ്ദം തന്നെ വിട്ടുപിരിയേണ്ട ഒന്നാണെന്നുകൂടി അയാൾക്കു തോന്നി. അയാൾ ആ മുറിക്കുള്ളിൽക്കിടന്നു വട്ടംതിരിഞ്ഞു. അയാളുടെ സുബോധം നശിച്ചു. ഒരപസ്മാരവികൃതികൊണ്ടെന്നപോലെ, ആ മുറിയിലെങ്ങും കിടന്നു പരക്കംപാഞ്ഞു! ഒരു ഞൊടിയിടകൂടിക്കഴിഞ്ഞില്ല, ആ മുറിയിൽ രക്ഷയില്ലെന്നുള്ള മട്ടായി; അയാൾ വാതിൽ തുറന്നു ആ ഇരുട്ടിലേക്കു് ഊളിയിട്ടു!

*　　　*　　　*　　　*

പിറേറദിവസത്തെ പ്രഭാതം ഒരാപൽസൂചകമായ കൊടി പിടിച്ചുകൊണ്ടാണു് പ്രത്യക്ഷീഭവിച്ചതു്. ഉണർന്നുവന്നപ്പോൾ സുലോചന മുററത്തു കണ്ടതു കുറെ പോലീസ്സുകാരെയാണു്. അത്രവേഗമൊന്നും പരിഭ്രമിക്കാറില്ലാത്ത സുലോചനയ്ക്കു് ഈ വേഷങ്ങൾ കണ്ടപ്പോൾ തെല്ലൊന്നു പരിഭ്രമം തിരിപ്പാൻ കഴിഞ്ഞില്ല. എങ്കിലും അവൾ അവിടെയും പരാജയപ്പെട്ടില്ല. ഗോപാലകൃഷ്ണനെ അന്വേഷിച്ചാണു് അവർ അവിടെ വന്നിരുന്നതു്. അയാൾ അവിടെ തലേദിവസം ചെന്നിരുന്നുവെന്നും, അപ്പോൾത്തന്നെ സ്വന്തം നാട്ടിലേക്കു പോയിയെന്നും അവൾ തട്ടി മൂളിച്ചു. പൊലീസ്സുകാർ, നാട്ടുപ്രമാണികളെ പാട്ടിൽപ്പിടിക്കുകയായിരിക്കും ഉത്തമമെന്നു കരുതി അവിടം വിട്ടു.

അവിടെ നിന്നിറങ്ങിയപ്പോൾ ഒരാൾക്കൂട്ടം ഏതോ ഒരു ദിക്കിനെ ലക്ഷ്യംവെച്ചു പോകുന്നതു കണ്ടു. സഗൌരവവും, എന്നാൽ ദുഃഖമയവുമായ ഒരു ശ്മശാനനിശ്ശബ്ദത ആ ആൾക്കൂട്ടത്തിൽ വ്യാപിച്ചിരുന്നു. കാൎയ്യമൊന്നും മനസ്സിലായില്ലെങ്കിലും, പൊലീസ്സുകാർ, ആ ആൾക്കൂട്ടത്തെ പിൻതുടരുകതന്നെ എന്നുറച്ചു.

അവിടെനിന്നു് ഒരു നാഴിക തെക്കു്, ഒടിഞ്ഞുപൊളിഞ്ഞ ക്ഷേത്രത്തിന്നു മുന്നിലാണു് അവർ എത്തിച്ചേർന്നതു്. ആ ക്ഷേത്രത്തിന്നു മുന്നിൽ ഒരു തളിർത്ത അരയാൽവൃക്ഷം നില്ക്കുന്നുണ്ടു്. കാററത്തു് ആട

കൊണ്ടിരുന്ന ആ അരയാൽവൃക്ഷം തുടുത്ത നാവുകൾ നീട്ടി നൃത്തംചെയ്യുന്ന കലികൊണ്ട ചുടലപ്പിശാചികളെപ്പോലെ അത്ര ഭയങ്കരത കൈക്കൊണ്ടിരുന്നു. കാക്കകൾ, ഓരോരോ കൊമ്പുകളിലിരുന്ന്, അവരുടെ ഭൂതഗണങ്ങളെപ്പോലെ ആഹ്ലാദം പുറപ്പെടുവിച്ചു. ആ വൃക്ഷത്തിന്ന് ഒത്ത മുകളിലായി, ഒരു കഴുകൻ, ഇതിന്റെയെല്ലാം മേലാളിയാണെന്നു നടിച്ച് ഇരിക്കുന്നുണ്ട്. ഏതോ ഒരു കല്പനയെ കാത്തുകൊണ്ടിരിക്കുന്ന മട്ടുണ്ട്, ആ പക്ഷികൾക്കെല്ലാം. തന്റെ പ്രഭുവിന്ന് ഒരു നല്ല വിരുന്നു കിട്ടിയെന്നുള്ള സന്തോഷം, അവിടെ ഓരോ പരമാണുവിലും സുവ്യക്തമാംവണ്ണം പ്രത്യക്ഷപ്പെട്ടു. ഈ ഭയങ്കരമായ കാഴ്ചകണ്ടു സഹിക്കാഞ്ഞിട്ടാവാം, മുനിതുല്യകളായ ഒന്നുരണ്ടു പശുക്കൾ ആ വൃക്ഷത്തിന്നു ചുവട്ടിൽ കൺചിമ്മി ധ്യാനംപൂണ്ടു കിടന്നിരുന്നു.

ആൾക്കൂട്ടത്തിന്റെ ദൃഷ്ടി ആ വൃക്ഷത്തിന്റെ മുകളിൽപ്പതിഞ്ഞപ്പോൾ, അവർ നിന്നേടത്തുതന്നെ കുററി തറക്കപ്പെട്ടു. അവിടെനിന്നു മുൻനടക്കുവാൻ പൊല്ലീസ്സുകാരായി. ആ അരയാൽ വൃക്ഷത്തിന്റെ ഒരു കൊമ്പത്ത് ഒരു മൃതശരീരം കിടന്നു ആടുന്നതാണ് അവർ കണ്ടത്. മരണവികൃതി ആ ശരീരത്തെ ദയനീയമാംവണ്ണം വികൃതപ്പെടുത്തിയിരുന്നു. കഷ്ടം, ജീവിതാശയുടെ പ്രേരണയാൽ കൊലപാതകം നടത്തേണ്ടിവന്ന ഒരാത്മാവിന്റെ ശവശരീരമായിരുന്നു അത്!!

# ശുക്ലപടലങ്ങൾ.

[ജോസഫ് മുണ്ടശ്ശേരി.]

ദൂരദർശിനിക്കുഴൽവഴിക്കു നോക്കിയാൽ, ഗ്രഹങ്ങളും നക്ഷത്രങ്ങളും മാത്രമല്ല ക്ഷീണപ്രഭങ്ങളായ അനേകം വിയൽഗംഗകൾകൂടി കാണാറുണ്ട്. ചുണ്ണാമ്പുവെള്ളം വീണു പരന്നാൽ നിലത്തെങ്ങനെയിരിക്കുമോ അങ്ങനെയിരിക്കും ആകാശത്തിൽ ഈ തേജോരാശികൾ. അവയ്ക്കു ശുക്ലപടലങ്ങളെന്നു പേർ പറയാം. നിയതസ്വരൂപമില്ലാതെ ഏകദേശം ഹിമപ്രസരങ്ങൾപോലെ വിളങ്ങുന്ന അവയിൽതന്നെ മൂന്നു വകുപ്പുകളുണ്ട്.

ഗ്രഹപ്രായങ്ങളായ ശുക്ലപടലങ്ങളാണ് ഒന്നാമത്തെ വിഭാഗം. അവ സൌരയൂഥത്തിലെ നക്ഷത്രപംക്തിയിൽ ഉൾപ്പെട്ടു വിളങ്ങുന്നു. എന്തോ കാരണത്താൽ വാതകമണ്ഡലപരിവേഷ്ടിതങ്ങളായ നക്ഷത്രങ്ങളായിരിക്കണം അവയെന്നാണ് അഭിജ്ഞാഭിപ്രായം. വലിപ്പത്തിൽ അവ രക്തനക്ഷത്രങ്ങളെ (RedStars) വിഴുങ്ങത്തക്കവയാണ്. എന്തൊരു രാക്ഷസീയപ്രകൃതി! മണിക്കൂറിൽ 5000 നാഴികവീതം സഞ്ചരിക്കുന്ന ഒരു ഗ്നിബാണത്തിനു 9 കൊല്ലമേ വേണ്ടു ഒരു രക്തനക്ഷത്രം സഞ്ചരിച്ചെയ്യാൻ. ഒരു ശുക്ലപടലത്തിലെങ്കിൽ 90,000 കൊല്ലം വേണം: ഏററവും വലിയ നക്ഷത്രത്തിൻെറ 10,000 ഇരട്ടിയുണ്ട് ഒരു ശുക്ലപടലമെന്നർത്ഥം. വാസ്തവത്തിൽ ഈ ശുക്ലപടലങ്ങൾ ശോഭനങ്ങളായ അന്തരീക്ഷങ്ങൾ മാത്രമാണ്. പക്ഷേ അവയുടെ മദ്ധ്യത്തിലായി നക്ഷത്രങ്ങളുണ്ടെന്നൊരു വിശേഷം. സൂര്യൻെറ അഞ്ചിലൊരംശമേ അവയ്ക്കു വ്യത്യാസമുള്ളു. എന്നാൽ 75,000 മാത്രയോളം ഉഷ്ണമുള്ളതാണുപോലും അവയുടെ ഉപരിതലം.

രണ്ടാം വകുപ്പിലെ ശുക്ലപടലങ്ങൾ സാക്ഷാൽ വിയൽഗംഗയെപ്പോലെ (Milky way) അനേകം തേജഃപുഞ്ജങ്ങളെ വലയംചെയ്തിട്ടുള്ളവയാണ്. ഗ്രഹപ്രായങ്ങളായ ശുക്ലപടലങ്ങളിൽ ഓരോ നക്ഷത്രം വീതമേ ഉള്ളുവെങ്കിൽ ഈ ശുക്ലപടലങ്ങളിൽ അനേകം നക്ഷത്രസമൂഹങ്ങൾ തന്നെ ഒളിച്ചിരിപ്പുണ്ട്. അവയിലോരോന്നും ഹിമാവരണസമമായ കാന്തിപടലത്താൽ വലയിതമാണെന്നു ഛായാഗ്രാഹദ്വാരാ മനസ്സിലാക്കാം. ഛായാഗ്രാഹത്തിൽ നല്ലവണ്ണം നിഷ്കർഷിക്കുന്നപക്ഷം അവയെല്ലാം ഒന്നിച്ചു വമ്പിച്ചൊരു തേജോവിലാസം മാത്രമായി കാണാം. അതിലിടയ്ക്കിടയ്ക്കു തമോലാഞ്ഛനങ്ങൾ ഉണ്ടാകും. അവ മദ്ധ്യസ്ഥാനീയങ്ങളായ നക്ഷത്രങ്ങളുടെ കിരണങ്ങളെ 'കുതിരകയറുന്ന' ഏതാനും ശീതവാതകാംശങ്ങൾക്കു തെളിവാണെന്നാണ് ഇപ്പോഴത്തെ ഊഹം. സൂര്യമണ്ഡ

ലപരിസരത്തിൽ, ഇങ്ങനെ വർണ്ണാപഹാരവിദഗ്ദ്ധങ്ങളായ വാതകലേശങ്ങൾ ഉണ്ടെന്നും, അവ നിമിത്തമാണ് സൌരപ്രഭാവിലാസത്തിൽ തമോരേഖകൾ കാണുന്നതെന്നും സുജ്ഞാതമാണല്ലോ.

ഇനിയുള്ള ശുക്ലപടലങ്ങൾ അത്യാശ്ചര്യകരങ്ങളാണ്. പ്രകാശപ്രദാനത്തിൽ ആദ്യത്തെ രണ്ടു വകുപ്പുകൾ നൂറും ആയിരവും സൂര്യമണ്ഡലങ്ങൾക്കു കിടയാകുമെങ്കിൽ മൂന്നാം ശാഖയിൽപെടുന്ന ശുക്ലപടലങ്ങളിലോരോന്നും അനേകകോടി സൂര്യമണ്ഡലങ്ങളോടു മത്സരിക്കുവാൻ മതിയാകും. ഇതിഹാസങ്ങളിൽ വിപുലഃസന്താപംക്തികളെ നിഷ്പ്രഭംപതിപ്പിക്കുന്ന അസുരകേസരികളുടെ കഥയും ഇത്ര വിസ്മാപകമല്ല. പ്രസ്തുത ശുക്ലപടലങ്ങൾക്ക് ഊഹാതീതമായ വലിപ്പം ഉണ്ടു്. പക്ഷെ ദൂരാതിശയം നിമിത്തം അവ അല്പപരിമാണങ്ങളായേ തോന്നുന്നുള്ളു.

വലിപ്പത്തിലും സ്വഭാവത്തിലും ഉള്ള സ്പഷ്ടമായ വ്യത്യാസം നിമിത്തം എല്ലാ ശുക്ലപടലങ്ങളേയും എളുപ്പത്തിൽ തിരിച്ചറിയാം. എന്തെല്ലാമാണ് അവയുടെ ഘടകങ്ങളെന്നറിയണമെങ്കിൽ അവയിൽനിന്നുള്ള വെളിച്ചം അപഗ്രഥിച്ചു പരിശോധിച്ചാൽ മതി. ഒന്നും രണ്ടും വകുപ്പുകളിൽ മിക്ക ധാതുക്കളും അടങ്ങിയിട്ടുള്ളതായി വർണ്ണസപ്തകദ്വാരാ (Spectrum analysis) നിർദ്ധാരണം ചെയ്യാം. അവ മദ്ധ്യസ്ഥാനങ്ങളിൽ ഒളിഞ്ഞുനില്ക്കുന്ന നക്ഷത്രങ്ങളുടെ ദീപ്തിധോരണിയിൽ മിന്നുന്ന വാതകസംഘങ്ങളാകാനേ വഴിയുള്ളു. 'എമ്പ്രാന്റെ വിളക്കത്തു് വാര്യന്റെ അത്താഴം' തന്നെ അവിടെയും കാര്യം. ഒടുവിൽ പറഞ്ഞ ശുക്ലപടലങ്ങൾ ഇത്തരമല്ല. അവയുടെ വർണ്ണസപ്തകം നക്ഷത്രങ്ങളുടേതിനു തുല്യമാണ്. ആ സ്ഥിതിക്ക് അവ വലിയ നക്ഷത്രപടലങ്ങൾതന്നെയായിരിക്കണം. വളരെക്കാലത്തേക്കു് ഇതൊരഭ്യൂഹംമാത്രമായിരുന്നു. പക്ഷെ, ഇപ്പോൾ മേത്തരം കുഴൽക്കണ്ണാടി വഴിയായി ശുക്ലപടലാംശങ്ങളെ വിവേചിച്ചറിവാനും അഭ്യൂഹത്തെ സിദ്ധാന്തവൽകരിപ്പാനും ഇടയായിട്ടുണ്ടു്.

പ്രസ്തുത പടലങ്ങളിൽപെട്ട നക്ഷത്രങ്ങളിൽ പലതിന്റേയും പ്രകാശം എന്നും ഒരേ തോതിൽ നില്ക്കുകയില്ല. അവക്കു ക്രമാനുഗതമായ അപകർഷവും ഉൽക്കർഷവും സംഭവിക്കുന്നുണ്ടു്. പ്രകാശസ്ഥൈര്യമില്ലാത്ത ഈവക നക്ഷത്രങ്ങൾക്കു പുറമേ പുതിയ പല നക്ഷത്രങ്ങളേയും ഏതൽപടലങ്ങളിൽ കാണാം. അവ പെട്ടെന്നൊരു വിജൃംഭണത്താൽ ഉഗ്രശോഭങ്ങളാവുകയും താമസിയാതെ ശാന്തപ്രകൃതി വരിക്കുകയും ചെയ്യും. ഏകദേശം മൻകോപികളുടെ സമ്പ്രദായം! ഇവ രണ്ടും കൂടാതെ വേറേയും പല നക്ഷത്രജാതികൾ ശുക്ലപടലങ്ങളിൽ കാലക്ഷേപം ചെയ്യുന്നുണ്ടെന്നാണ് അറിവു്. ഒന്നാകെ നോക്കുന്നതാ

യാൽ പ്രകൃതവിഷയമായ ശുക്ലപടലങ്ങൾ അവയിൽ ഗംഗയെപ്പോലെ ഏറെക്കുറെ താരകോപനിർമ്മിതമെന്നു സംശയംവിനാ വിധിക്കാം.

ഔജ്ജ്വല്യത്തിൽ നക്ഷത്രങ്ങൾക്കുള്ള ഉൽക്കർഷാപകർഷങ്ങൾ സൂക്ഷിച്ചാൽ അവയുടെ ദൂരം നിർണ്ണയിക്കാൻ കഴിയും. ആ പദ്ധതിയനുസരിച്ച് ശുക്ലപടലങ്ങളുടെ ദൂരം കണക്കാക്കപ്പെട്ടിട്ടുണ്ട്. ഏററവും സമീപസ്ഥമായ ശുക്ലപടലത്തിൽനിന്നു ഇപ്പോൾ നാം കാണുന്ന വെളിച്ചം 800,000 കൊല്ലം മുമ്പ് അതിൽനിന്നു യാത്ര ആരംഭിച്ചതാണത്രെ. "എന്ത്? എട്ടുലക്ഷംകൊല്ലം യാത്രചെയ്തിട്ടാണ വെളിച്ചം ഇവിടെയ്ക്കെത്തുന്നതെന്നോ? വെറും കമ്പം!" ഇങ്ങനെ പലർക്കും തോന്നാം. എന്നാൽ അതൊരു പച്ചപ്പരമാർത്ഥമാണ്. 80000ം കൊല്ലക്കാലംകൊണ്ട് എത്ര ദൂരം പോകാൻ വെളിച്ചത്തിനു പാടുണ്ടോ അത്രയും ദൂരത്തിലാണ്, ഏററവും അടുത്തുള്ള ശുക്ലപടലത്തിന്റെ സ്ഥിതി.

ഒന്നും രണ്ടും ശാഖകളിൽ പെട്ട ശുക്ലപടലങ്ങളുടെ ആകൃതി മിക്കവാറും വണ്ടിച്ചക്രത്തിന്റേതിനോടുപമിക്കാം. ഇതുതന്നെയാണ് സാധാരണ നക്ഷത്രപഥത്തിന്റേയും ആകൃതി. അതുകൊണ്ട് അവയ്ക്കു തമ്മിൽ എന്തോ സാജാത്യമുണ്ടെന്നു കരുതേണ്ടിയിരിക്കുന്നു. ഈ ഊഹത്തിന് ഉപസ്കാരകമാണ് ശുക്ലപടലങ്ങളുടെ ചലനം. അവ നക്ഷത്രയൂഥത്തെപ്പോലെ അഥവാ വണ്ടിച്ചക്രത്തെപ്പോലെ ഒരു നടുനാഴിക്കു ചുററും തിരിഞ്ഞുകൊണ്ടിരിക്കുകയാണ്. കേന്ദ്രാകർഷണശക്തി, ചക്രനേമിപ്രായങ്ങളായ ജ്യോതിസ്സുകളെ ഭ്രമണപഥത്തിൽ നിലനിർത്തുന്നു. ഈ സംവിധാനം ആസ്പദമാക്കി പടലങ്ങളിൽ ഓരോന്നിന്റേയും പിണ്ഡഭാരം ഏതാണ്ട് തീരുമാനിക്കാം. വിരാൾ പടലത്തിന്റെ പിണ്ഡം (ausromeda) സൂര്യന്റേതിനേക്കാൾ അനേകകോടി ഇരട്ടി വരുമെന്നു കാണുന്നു.

ഇതേവരെ പറഞ്ഞ തോതുകളെല്ലാം നിഷ്പ്രയാസം അതിലംഘിക്കുന്നവയാണ് മൂന്നാംവകുപ്പിൽ പെട്ട പടലങ്ങൾ. അവയ്ക്ക് ആകൃതിയിൽ ഐക്യരൂപ്യമില്ല. ഓരോന്നും ഓരോതരത്തിലാണ്. പക്ഷെ വിദ്യാർത്ഥികളെ 'ഡ്രില്‍മാസ്റ്റർ' ഉയരമനുസരിച്ചു നിർത്തുംപോലെ ഈ പടലങ്ങളെ അണിയായി നിരത്താൻ കഴിയും. സംവിധാനരഹിതവും ബാഷ്പപ്രായവുമായ പടലമാണ് ഒരഗ്രത്തിലെങ്കിൽ വണ്ടിച്ചക്രംപോലെ വ്യവസ്ഥാപിതവും താരാനിബിഡവും ആയ പടലമായിരിക്കും മററെ അഗ്രത്തിൽ. ഈ ക്രമം ഒരുദാഹരണംകൊണ്ട് ഒന്നുകൂടി വിശദമാക്കാം. ധാരാളം തേക്കുമരം വളരുന്നൊരു കാട്ടിൽ കടക്കുകയാണെന്നു വിചാരിക്കുക. അവിടെ ഇളംതൈ മുതൽ മൂപ്പെത്തിയ തടിവരെ എല്ലാത്തരത്തിലും തേക്കുമരങ്ങൾ കാണാം. അവ കണ്ടാൽ മതി, തേക്കുമരത്തിന്റെ

വളൎച്ചയിലുള്ള വിവിധഘട്ടങ്ങൾ ഗ്രഹിക്കുവാൻ ശുക്ലപടലങ്ങളും അങ്ങനെതന്നെ. ഹിമരൂപത്തിൽനിന്ന നക്ഷത്രരൂപത്തിലെത്തുന്നതിനിടയ്ക്കു് എന്തെല്ലാം രൂപാന്തരങ്ങൾ അവയ്ക്കുണ്ടാകാമോ അതാകമാനം അവിടെ അവിടെ കാണാം. ഒരൊന്നാന്തരം ചലനചിത്രപരിസരംതന്നെ.

ഈ ക്രമാനുഗതി വേറെ കുറെ രഹസ്യങ്ങൾകൂടി വെളിപ്പെടുത്തുന്നുണ്ടു്. ഭ്രമണക്ഷമമായ ഒരു വമ്പിച്ച വാതകഗോളമാണു് പ്രഥമദശയിലെ ശുക്ലപടലമെന്നു കല്പിക്കുക. ഭ്രമണവേഗം നിമിത്തം അതു ചുരുങ്ങിച്ചുരുങ്ങി വരും. വേഗം വൎദ്ധിക്കുന്നതോടെ വാതകഗോളം പരന്നു ചക്രാകാരം പ്രാപിക്കും. മാത്രമല്ല, അതിനുള്ളിൽ വാതകസ്തോമങ്ങൾ ഘനീഭവിച്ചു ജ്യോതിസ്സുകളായി വേർതിരിയുകയും ചെയ്യും. അപ്പോൾ ശുക്ലപടലങ്ങൾ അന്തിമദശയിൽ—നക്ഷത്ര പരികല്പിതമായ ചക്രത്തിന്റെ സമ്പ്രദായത്തിൽ—പ്രത്യക്ഷപ്പെടുകയായി. ചുരുക്കത്തിൽ ശുക്ലപടലം നക്ഷത്രങ്ങളുടെ ജന്മഭൂവാമെന്നു് ഈ പരിവൎത്തനപരിപാടിയിൽനിന്നനുമിക്കേണ്ടിയിരിക്കുന്നു. അനുമാനം ശരിയെങ്കിൽ ഗ്രഹപ്രായമായ ഭൂമി സൂൎയ്യങ്കൽനിന്നും, നക്ഷത്രപ്രായമായ സൂൎയ്യൻ ഒരു ശുക്ലപടലത്തിൽനിന്നും ജനിക്കാൻ പാടില്ലേ?

വ്യവസ്ഥാശൂന്യമായൊരു വാതകസമുച്ചയത്തിൽ നിന്നായിരിക്കണം ബ്രഹ്മാണ്ഡാരംഭമെന്നു് വിശ്വോൽപത്തിനിശ്ചയങ്ങളിലെല്ലാം കാണുന്നു. വലിയൊരു എഞ്ചിനിൽനിന്നു പുറപ്പെടുന്ന ധൂമപടലം ഒരു ക്രമത്തിൽ നാലുപാടും വ്യാപിക്കാതെ അവിടവിടെ ജലകണങ്ങളായി മാറും പോലെ, മൗലികപദാൎത്ഥമായ വാതകസമുച്ചയം യാതൊരു ക്രമത്തിനും വഴിപ്പെടാതെ കുറെക്കിടന്നു കറങ്ങി ഒടുവിൽ പലകഷണങ്ങളായി തിരിഞ്ഞു് ബ്രഹ്മാണ്ഡത്തിൽ ഓരോ ഭാഗമായിത്തീൎന്നിരിക്കാം. അവയാണു് ശുക്ലപടലങ്ങളെന്നു വ്യാഖ്യാനിക്കുന്നതിൽ വലിയ യുക്തിഭംഗമില്ല. അങ്ങനെയുണ്ടായ ശുക്ലപടലങ്ങളിൽ ഒന്നിൽ നിന്നു് രുദ്രൻ (Sirins) ബ്രഹ്മൎഷി (Aldebaran) ഇത്യാദിനക്ഷത്രങ്ങളും തദപേക്ഷയാനിസ്സാരനായ സൂൎയ്യനും ഉൽപന്നമായിരിക്കണം. ദീൎഘകാലം ആ ജ്യോതിസ്സുകൾ സ്വച്ഛന്ദം വിഹരിച്ചിരുന്നതിനിടയിൽ ഒരിക്കൽ എങ്ങനെയോ സൂൎയ്യൻ തന്നേക്കാൾ വലിയൊരു നക്ഷത്രത്തിന്റെ ഉപത്യകയിൽ ചെന്നു കലാപത്തിൽ ഏൎപ്പെട്ടിരിക്കാനും ഇടയുണ്ടു്. അന്നത്തെ വഴക്കിൽനിന്നുത്ഭവിച്ചതായിരിക്കണം ഗ്രഹങ്ങൾ. അവയിലൊന്നു ഭൂമിതന്നെ. ശൈശവത്തിൽ ഭൂമി ഒരു വാതകപിണ്ഡം മാത്രമായിരുന്നിരിക്കണം. ക്രമേണ ശീതളമായിത്തീൎന്നതോടുകൂടി ഭൂമിയിൽ മലകളും സമുദ്രങ്ങളും പാറകളും നദികളും പ്രത്യക്ഷപ്പെട്ടു. അങ്ങനെ അനവധി കാലഘട്ടങ്ങൾ

കഴിഞ്ഞതിൽ പിന്നെ ജിവജാലങ്ങൾ ഉളവായി. അവയുടെ ജിവിതവും വളരെകാലം നീണ്ടുനിന്നു. അങ്ങനെയിരിക്കെ പ്രാകൃതമനുഷ്യൻ അവതരിക്കുകയും പരിഷ്കാരത്തിന്റെ ഓരോ പടിയും തരണം ചെയ്തുതുടങ്ങുകയും ചെയ്തു. ഇതാ ഇന്നലെ—ബ്രഹ്മാണ്ഡത്തിന്റെ ദീർഘമായ അതീത ജിവിതത്തിൽ അവസാനത്തെ വിനാഴികയിൽ മാത്രം—അവൻ വൈജ്ഞാനികമായ ഗവേഷണങ്ങൾ നടത്തി അത്യാശ്ചര്യകരമായ പരിതസ്ഥിതികളിൽ താൻ എന്താണെന്നവധാരണം ചെയ്വാൻ ഒരുങ്ങി. അവന്റെ ശ്രമം ഇതേവരെ സഫലമായില്ല. ഇന്നും അവൻ അനന്തമായ അന്തരീക്ഷത്തിൽ നോക്കി വിസ്മയസ്തിമിതനാവുകയാണ്. അവന്റെ ജന്മം ബാഷ്പപിണ്ഡത്തിലാണെങ്കിൽ ബാഷ്പപിണ്ഡത്തിന്റെ ജന്മം എവിടെയായിരിക്കണം? ഇതാണ് അവനെ സ്തംഭിപ്പിക്കുന്ന മഹാപ്രമേയം.

---

# ആശാന്റെ ചിന്താഗതി.

[കെ. ആർ]

കേരളീയ ഹൈന്ദവസമുദായത്തിന്റെ ഒരു താഴ്ന്ന നിലയിൽ നിന്നുയൎന്ന്, അദൃഷ്ടശ്രുതപൂൎവ്വമായവിധത്തിൽ ഉച്ചസ്ഥരായ നക്ഷത്രങ്ങളെക്കൂടി അത്ഭുതസ്തബ്ധരും നിൎവൃതിപുളകിതരുമാക്കിയ ഒരു മധുരസംഗീതം, 1099-ല ആൎത്തലച്ചുവന്ന വെള്ളപ്പൊക്കത്തിന്റെ ഇരമ്പത്തിൽ കേൾക്കുവാൻ വയ്യാതായെങ്കിലും, ഇന്നും കേരളത്തിന്റെ ചെവികളിൽ അനുരണനം ചെയ്യുന്നുണ്ട്. എത്രയെത്ര ദൎപ്പോന്നമിതങ്ങളായ ശിരസ്സുകളെ ആ ദിവ്യധാമം കുനിയിച്ചു കീഴ്പ്പോട്ടു നോക്കിച്ചെന്നോ? തങ്ങൾ ചവിട്ടി നില്ക്കുന്നേടത്ത് അതിവിശിഷ്ടമായ ഒരോടക്കുഴൽ കിടക്കുന്നുണ്ടെന്നും, അതിൽ വിശ്വചൈതന്യത്തിന്റെ നിശ്വാസവായു നിറഞ്ഞു പുറപ്പെട്ട മധുരനാദമാണ് അവരുടെ കൎണ്ണങ്ങളിൽ തേൻപെയ്തിരുന്നതെന്നും അപ്പോഴാണ് അവൎക്കു മനസ്സിലായത്. ഉടനെ അവർ കാൽ പിൻവലിച്ചു; ആ പരിശുദ്ധഗാനയന്ത്രത്തെ പലരും തൊട്ടു തലയിൽവെച്ചു. ആ ഓടക്കുഴൽ മഹാകവി കുമാരനാശാന്റെ ജീവാത്മാവായിരുന്നു!

നമ്മുടെ ഭാഷാകവിതയ്ക്ക് ഇതൊരു പരിവൎത്തനഘട്ടമാണ്.— ഒരു പുതിയ പ്രഭാതോജ്ജ്വലം അതിന്റെ ആദ്യം ഉദിച്ചുയൎന്ന വെള്ളിനക്ഷത്രമത്രെ കുമാരനാശാൻ. ആ മംഗലോഷസ്സിന്റെ നവ്യസന്ദേശവാഹകനായി ആദ്യം വീശിയ കുളൎകാററ്, ആ നക്ഷത്രത്തിന്റെ ഗോവിലാസത്തിൽ തെളിഞ്ഞു മിന്നിയ ഒരു 'വീണ പൂവി'ന്റെ ഭവ്യപരിമളത്തെ ദിക്കെങ്ങും വ്യാപിപ്പിച്ചു. പ്രഭാതമായി. അതോടുകൂടി നിരൎത്ഥകങ്ങളായ സങ്കേതങ്ങളെക്കൊണ്ട് അസ്വാതന്ത്ര്യവും മൃതപ്രായവുമായിരുന്ന ഒരിരുണ്ട ലോകത്തിൽനിന്ന് ഉജ്ജ്വലവും ചൈതന്യപൂൎണ്ണവും ആയ ഒരു സ്വാതന്ത്ര്യലോകത്തിലേയ്ക്കു കേരളത്തിലെ കാവ്യകാരന്മാർ ഉണൎന്നെഴുന്നേററു. അതിന്റെ ലാളനയിൽ നമ്മുടെ ഭാഷ സൌഭാഗ്യത്തോടുകൂടി വളരുകയാണിപ്പോൾ.

ഈ പരിസരവിധാനത്തിൽ നമ്മുടെ മഹാകവിയുടെ ചിന്തകൾ എങ്ങനെ ഏതുതരത്തിൽ വികസിച്ചു എന്നു നമുക്കു നോക്കുക. ഹിന്ദുവായി ജനിച്ചിട്ടും ഹിന്ദുക്കൾക്കുള്ള സ്വാതന്ത്ര്യങ്ങളൊന്നും അനുഭവിക്കുവാൻ സാധിക്കാതെ, ഏറിയകാലമായി മേൽജാതിക്കാരുടെ മർദ്ദനമേററുവരുന്ന ഒരു മനുഷ്യാത്മാവിൽനിന്ന്, ലോകം കേൾക്കത്തക്കവണ്ണം അത്രത്തോളം ഉറക്കെ, ഒരു ശബ്ദം പുറപ്പെടുകയാണെങ്കിൽ അതിന്റെ

സ്വരം ഏതുതരത്തിലായിരിക്കുമെന്ന് നമുക്കു നല്ലവണ്ണം ഊഹിക്കുവാൻ സാധിക്കും. കഷ്ടപ്പാടിൽ ജനിച്ച കഷ്ടപ്പാടിൽ വളരുന്ന ഒരു ജീവിതത്തിനു് ദുഃഖത്തേയും നിരാശയേയുംകുറിച്ചല്ലെങ്കിൽ മറെറന്തിനെക്കുറിച്ചാണു പാടുവാൻ ഉണ്ടാവുക? സുഖത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി ദാഹിച്ചോടിനടക്കുന്ന മനുഷ്യാത്മാവു് ഏതേതു നിഗ്രഹതകളിൽചെന്നു തല്ലിനോക്കുകയില്ല! ആത്മജ്ഞാനം ഉപദേശിക്കുവാൻ ദുഃഖത്തേക്കാൾ സമർത്ഥനായ മറെറാരാചാര്യനുണ്ടോ? അങ്ങിനെ തൻെറ ദുഃഖത്തിൽ, തൻെറ അസ്വാതന്ത്ര്യത്തിൽ മഹാകവിക്കു ലോകത്തേയും മനുഷ്യപ്രകൃതിയേയും അവയുടെ ദയനീയമായ നഗ്നാവസ്ഥയിൽ തെളിഞ്ഞുകാണുവാൻ സാധിച്ചു. അവയെ അദ്ദേഹം നല്ലവണ്ണം അവഗ്രഹിച്ചു പഠിച്ചു. ജീവിതരഹസ്യം അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ഒരു രഹസ്യമല്ലാതായി. പ്രകൃതിയിലുള്ള സർവ്വ വസ്തുക്കളിലും അദ്ദേഹം അതു നിഴലിച്ചുകണ്ടു. അവയെ കടലാസിൽ പകർത്തി; അവ ഉൽകൃഷ്ടങ്ങളായ കാവ്യതല്ലജങ്ങളായി.

മനുഷ്യജീവിതത്തെക്കുറിച്ചു പാടുന്നതാണു് ഉൽകൃഷ്ടമായ കലാധർമ്മമെന്നും അതിലാണു കലാകാരൻെറ ആനന്ദമെന്നും അദ്ദേഹത്തിനു അഭിപ്രായമുള്ളതായി കാണാം. അദ്ദേഹം ഇങ്ങനെ എഴുതുന്നു:—

"ക്ഷിതിയിലഹഹ മർത്ത്യജീവിതം
പ്രതിജനഭിന്നവിചിത്രമാർഗ്ഗമാം.
പ്രതിനവരസമാമതോർക്കുകിൽ
കൃതികൾ മനുഷ്യകഥാനുഗായികൾ."

ആ നിലയിൽ, അദ്ദേഹത്തിൻെറ ജീവിതത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ എന്തെല്ലാമാണെന്നു മഹാകവിയുടെ കൃതികളിൽനിന്നു നമുക്കു് അനുമിക്കുവാൻ സാധിക്കും.

കുമാരനാശാനെപ്പററിപ്പറയുമ്പോൾ ആളുകൾ അദ്ദേഹത്തെ ഒരു സ്നേഹഗായകനാണെന്നു വിളിക്കാറുണ്ടു്. കണ്ണില്ലാത്തവനേ വെളിച്ചത്തിൻെറ വിലയറിയൂ. അതുപോലെതന്നെ വെറുക്കപ്പെടുന്നവനെ സ്നേഹത്തിൻെറ വിലയറിയൂ. അതുതന്നെയായിരിക്കണം കുമാരനാശാനെ വിശേഷാത്തരനായ ഒരു സ്നേഹഗായകനാക്കിയതു്. സ്നേഹത്തിൻെറ "കോമളാംഗങ്ങളിൽ ഓരോന്നിനേയും സവിലാസം ചുംബിച്ചു പോരുന്ന ഒരു മനസ്വിനിയാണു്" ആശാൻെറ സരസ്വതി. നളിനിയിൽ

"സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം

മോഹനം ഭുവനസംഗമിങ്ങതിൽ
സ്നേഹമൂലമമലേ വെടിഞ്ഞു ഞാൻ."

എന്നു സ്നേഹസമുദ്രത്തിൻെറ അഗാധതയേയും അപാരതയേയും കുറിച്ച് എന്താണെന്നു കണക്കാക്കി അതിലേക്കു സ്വയം കുതിച്ചുചാടിയ കവി നിലകിട്ടാതെ നിലവിളിക്കുന്നതല്ലേ "സ്നേഹത്തെക്കരുതി സ്വയം കഴികിൽ ആവൎത്തി ചത്തിടുവിൻ!" എന്ന പ്രരോദനത്തിലെ വരിയിൽ നിന്നു നാം കേൾക്കുന്നതു്?

അദ്ദേഹം ദുഃഖത്തേയും നിരാശയേയുംകുറിച്ചാണ് പാടിയിട്ടുള്ള തെന്നു ഞാൻ മുമ്പു പറഞ്ഞുവെച്ചു. അദ്ദേഹത്തിൻെറ കാവ്യവിഷയം ദുഃഖവും നിരാശയുമായിത്തീരാൻ കാരണം, സ്വയം അനുഭവിക്കുന്ന കഷ്ടപ്പാടുകളും, തന്മൂലം കഷ്ടപ്പെടുന്ന എല്ലാവരോടും ഹൃദയത്തിൽ തിങ്ങിവഴിയുന്ന സ്നേഹവുമാണെന്നു ഞാൻ ആവൎത്തിക്കുന്നു. എവിടെ യെവിടെ ദുഃഖമുണ്ടോ അവിടെയെവിടെ കുമാരനാശാൻ ചെന്നു് ആശ്വാസഗീതങ്ങൾ പാടുന്നതു കേൾക്കാം. അതേ, കുമാരനാശാൻെറ കവിത, 'നരജീവിതമായ വേദന' മേലുള്ള ഒരു നില്ക്കാത്ത തലോട ലാണ്. ദുഃഖിക്കുന്നവൎക്കു് അദ്ദേഹം അതിനപ്പുറത്തു സുഖം കാണിച്ചു കൊടുക്കുന്നു; ഇരുളിൽക്കിടന്നു തപ്പുന്നവൎക്കു വെളിച്ചവും. ദുഃഖവും ആപത്തും വരുന്നതു നല്ലതിനാണെന്നാണ് അദ്ദേഹത്തിൻെറ അഭി പ്രായം. അദ്ദേഹം പറയുന്നു:—"ദുഃഖം സുഖമാവും ആപത്തു ഭാഗ്യ മാവും"

*      *      *      *

"ഹാ മനുഷ്യനഥവാഹിതാൎത്ഥമായ്
വാമലീല തുടരുന്നതാം വിധി

*      *      *      *

"ഒരു വേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ് വരാം;
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിച്ചൊരു കയ്പുതാനുമേ."

*      *      *      *

മനുഷ്യർ അത്രമേൽ ഭയപ്പെടുന്ന മരണത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ അഭിപ്രായം ഇതാണ്:—

"ജീവന്നിങ്ങു ബഹുക്രിയാ ജടിലമാ-
മിദ്ദീർഘയാത്രാകഥ-
യ്ക്കാവശ്യം മൃതിയാം വിരാമതിലകം
സ്വാത്മപ്രതീതിക്കുമേ."

ലൌകികസുഖങ്ങളെക്കുറിച്ച് അദ്ദേഹം പറയുന്നതിതാണ്.

"ഹാ! സുഖങ്ങൾ വെറും ജാല-
മാരറിവൂതിയതി തൻ
ത്രാസുപൊങ്ങുന്നതും, താനേ
താണുപോവതും?"

അധികം വിസ്തരിക്കുന്നില്ല, ഇപ്രകാരം ലൌകികങ്ങളായ എല്ലാ വസ്തുക്കളേയും കുറിച്ചു ചിന്തിച്ചതിൻെറ ഫലമായി മനുഷ്യജീവിതത്തെക്കുറിച്ചുതന്നെ അദ്ദേഹത്തിൻെറ അഭിപ്രായം വിഷാദാത്മകമായിത്തീരുന്നു. മററെല്ലാവരേയും, ഓരോന്നു പറഞ്ഞാശ്വസിപ്പിച്ചുകൊണ്ട് "അവനിവാഴ്വുകിനാവുകഷ്ടം!" എന്നു പറഞ്ഞു തന്നത്താൻ ഒരു വലിയ മനോരാജ്യത്തിലേക്കു് അല്ലെങ്കിൽ ഒരു ഗംഭീരമായ ധ്യാനത്തിലേക്കു് പ്രശാന്തനായി വിരമിക്കുകയാണ് അദ്ദേഹം ചെയ്യുന്നതു്.

---

# നിർവ്വാണം.

[ടി. ആർ. നായർ]

കണ്ണന്റെ ചിത്രം നിർമ്മിച്ചു രാധ
കണ്ണുനീരിറ്റുവീഴവേ.

വേർത്തകൈത്താരിൽ തൂലികയേന്തി-
യാർത്തയായ് മേവുമത്തന്വി,

വൃന്ദാവനത്തിൽ മേയുന്ന ധേനു-
വൃന്ദത്തിന്നു മലിഃവകി.

നെഞ്ചുതകർന്നാ ത്തയ്യലിന്നോമൽ-
ച്ചെഞ്ചുണ്ടിൽ തങ്ങും ഗൽഗദം

നിർമ്മായം കേട്ടു നിശ്ചലം നിന്നു
മർമ്മരം നിർത്തി മാരുതൻ.

പക്ഷ്മത്തിൽ കണ്ണീരാലും, കളിന്ദി
പൂക്കെഴുമാമ്പൽ പൂവുകൾ

അമ്പെപ്പകച്ചസ്സുന്ദരിതന്നെ-
യമ്പിനാൽനോക്കി വീക്കുന്നു.

തിങ്കളിൻ കരമേറ്റൊരോമലിൻ
പൂങ്കവിൾ മിന്നിപിന്നെയും,

ഓമലോതി നാ"ളെന്റെ കണ്ണാലാ=
ക്കോമളമെയ് നുകരാതെ

പാവകണക്കെ ജീവിതംപോക്കും
പാപിനിയെന്തു ചെയ്വൂ ഞാൻ"

വീർപ്പിലൂർന്ന ചെമ്പട്ടിലഞ്ചാറു
ബാഷ്പബിന്ദുക്കൾ വീഴവേ

രണ്ടുനാൽത്തുള്ളിപിന്നെയും തൂകി
ചുണ്ടിൽത്തടഞ്ഞ ഗൽഗദം:—

"പ്രേമസുന്ദര! മാധവ! നിന്റെ
കോമളമാം കളേബരം

ഹാ! വിറപൂണ്ടകയ്യാലെഴുതാ-
നിവരാകിയാലാകുമോ?"

ഉണ്ണിത്തിങ്കളിൻ നഗ്നകരംതൻ
കണ്ണിൽ പീയൂഷം തൂകവേ,

തൻനവമൈററിക്കാർകുറനിര
തെന്നലാലൊന്നിളകവേ,

രോമാഞ്ചമേകുമേതു കൈകളാ-
ക്കോമളാംഗിതൻ കൺപൊത്തി!

കണ്ണുചുംബിച്ച കണ്ണൻെറ കയ്യിൽ
തിണ്ണം പൂരണ്ടു പീയൂഷം.

മൈക്കണ്ണു രാധപിന്നിലും മല്ല-
പൂക്കളെക്കൃഷ്ണൻ മുന്നിലും

ചിക്കെന്നെറിഞ്ഞു തെല്ലിടവാണാ-
രിക്കളിയല്ലീ നിർവ്വാണം!

# ഇൻഡ്യയും ജപ്പാനും.

(തുടച്ച്)

[കെ. കെ. ടി.]

അഃയാവാ സൎവ്വകലാശാലയിലെ പ്രാസംഗികനായ ഡോക്ടർ സുധീന്ദ്രബോസ് പ്രസ്താവിക്കുന്നു:—"ഓരോ രാഷ്ട്രത്തിന്റെയും സാമ്പത്തികാഭ്യുന്നതിക്കു വ്യവസായികസ്ഥാപനങ്ങളും കാൎഷികവിദ്യാലയങ്ങളും അത്യന്താപേക്ഷിതമാണെങ്കിലും ഭാരതത്തിൽ ഇവയുടെ സ്ഥാപനത്തിനുള്ള വഴികളൊന്നും ഉണ്ടായിരുന്നില്ല, ഇപ്പോഴും ഇല്ല. ജപ്പാനിലെപ്പോലെ ഇൻഡ്യയിലും സ്വതന്ത്രമായ ദേശീയഭരണമാണ് ഉണ്ടായിരുന്നതെങ്കിൽ കാൎയ്യസ്ഥിതി വളരെ വ്യത്യസ്തമാകുമായിരുന്നു. 60 കൊല്ലങ്ങൾക്കുമുമ്പു ജപ്പാൻ വ്യവസായങ്ങളിൽ ഇൻഡ്യയോടു തുല്യമായിരുന്നില്ല. അക്കാലത്തു ജപ്പാൻ അന്യരാജ്യങ്ങളുമായി വ്യാപാരം നടത്തുവാൻ ഇഷ്ടമില്ലാത്ത ഒരു വെറും കാൎഷികരാജ്യമായിരുന്നു. രാഷ്ട്രത്തിൽ അനവധി ജാതികളും അവാന്തരവിഭാഗങ്ങളുമുണ്ടായിരുന്നതിൽ (ഇൻഡ്യയെപ്പോലെ ജപ്പാനിലും ജാതിവിഭാഗങ്ങൾ അത്ര ധാരാളമായിരുന്നു) യോദ്ധാക്കളായ സാമുറൈ (Samurai) എന്ന വൎഗ്ഗക്കാരായിരുന്നു പ്രബലന്മാർ. കമോഡർപെറിയുടെ വരവോടുകൂടി ജപ്പാൻ പുതിയ ഒരേടു മറിച്ചു. ജപ്പാൻഗവൎമ്മേണ്ടു തീൎച്ചയാക്കി അവരുടെ രാജ്യത്തെ പൌരസ്ത്യരാജ്യങ്ങളിൽവെച്ച് ഏററവും പ്രധാനപ്പെട്ട വ്യാവസായികരാഷ്ട്രമാക്കിത്തീൎക്കുവാൻ. ഇതിനനുസരിച്ച് ഏതെല്ലാം വിധത്തിലാണ് ജപ്പാൻഗവൎമ്മേണ്ടു പ്രവൎത്തിച്ചിട്ടുള്ളത്? ആധുനികവ്യവസായങ്ങളിൽ ജപ്പാനു വളരെക്കുറച്ചു മാത്രമേ പരിചയമുണ്ടായിരുന്നുള്ളു. വ്യവസായങ്ങളുടെ നടത്തിപ്പിനുവേണ്ട മാതൃകയോ സാമ്പത്തികയന്ത്രമോ ഉണ്ടായിരുന്നില്ല.

ഈ ഘട്ടത്തിലാണു വ്യവസായഭരണം ഗവൎമ്മേണ്ടു ഏറെറടുത്തത്. ശാസ്ത്രത്തിന്റെ വിവിധശാഖകളുടേയും പഠനത്തിനുതകുന്ന പാഠശാലകളും കലാലയങ്ങളും സ്ഥാപിച്ചു. ബാരൺ കികുചി (Baron Kikuehi) പറയുന്നു. "പട്ടുനൂൽ ചുററുന്ന സ്ഥലങ്ങൾ, സിമന്റനിൎമ്മാണശാലകൾ, അച്ചടിശാലകൾ, പുസ്തകം ബൈണ്ടുചെയ്യുന്ന സ്ഥലങ്ങൾ, സോപ്പുവ്യവസായശാലകൾ, പരുത്തിയും പട്ടും നൂൽക്കുന്ന ശാലകൾ, അക്ഷരം വാക്കുന്ന സ്ഥലങ്ങൾ, മൺപാത്രങ്ങൾ മോടിപിടിപ്പിക്കുന്ന സ്ഥലങ്ങൾ മുതലായവ സന്ദൎശിച്ചുതുടങ്ങി. ഈ വ്യവസായങ്ങൾ നടത്തുന്നവൎക്കു പ്രോത്സാഹനത്തിന്നായി ദേശീയപ്രദൎശനങ്ങൾ നടത്തപ്പെട്ടു. രാജ്യത്തിലെ ഉല്പന്നങ്ങളും സംസ്കൃതപദാൎത്ഥങ്ങളും

ഇതരരാജ്യങ്ങളിലെ പ്രദർശനങ്ങൾക്കു ഗവമ്മേണ്ടിൻെറ ആഭിമുഖ്യത്തിൽ അയക്കപ്പെട്ടു. ജപ്പാനിലെ തൊഴിൽക്കാർ നിർമ്മിക്കുന്ന പദാൎത്ഥങ്ങളെ അന്യരാജ്യങ്ങളിലെ ചന്തകളിൽ പ്രചരിപ്പിക്കുവാൻ മാത്രമായി ഒരു വ്യാപാരസംഘം സ്ഥാപിച്ചു. സ്ത്രീകൾക്കും തൊഴിലുകളിൽ പരിചയം സിദ്ധിക്കുവാൻ വേണ്ട ഒരുക്കങ്ങൾ ചെയ്യുതുടങ്ങി. സ്ത്രീകൾക്ക് ആദ്യമായി പ്രവൃത്തികൊടുത്തതു ഗവമ്മേണ്ടുവക അച്ചടിശാലയിലാണ്. ഈ കയ്യേററത്തിൻെറ പരിധി പിന്നീട് വളരെ വിപുലമായിത്തീൎന്നു. ചുരുക്കത്തിൽ, ഭരണകൎത്താക്കൾ രാജ്യത്തിലൊട്ടാകെ ഒരു വ്യാവസായികമനോഭാവം ഉണ്ടാകുവാൻ വേണ്ടതെല്ലാം പ്രവൎത്തിച്ചു. വിജയം സാദ്ധ്യമാണെന്നു കണ്ട ഉടനെ ഗവമ്മേണ്ടിന്നാവശ്യമായ സാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായങ്ങളൊഴികെ ബാക്കിയെല്ലാം സ്വകാൎയ്യനിയന്ത്രണത്തിനു വിട്ടുകൊടുത്തു.

ഇതിൻെറയെല്ലാം ഫലമായി 1867-ാം വത്സരത്തിൽ പറയത്തക്ക യാതൊരു വ്യവസായവുമില്ലാതിരുന്ന ജപ്പാനിൽ 30 കൊല്ലക്കാലംകൊണ്ട് 4595-ൽ കുറയാതെ വ്യാവസായികങ്ങളും, വാണിജ്യപരങ്ങളുമായ കമ്പനികൾ സംസ്ഥാപിതങ്ങളായി. ഇവയുടെ പിരിഞ്ഞുകിട്ടിയ മൂലധനം ആകെ 200,00000 ഡോളറായിരുന്നു. ഇന്നാകട്ടെ കമ്പനികളുടെ എണ്ണവും മൂലധനവും വളരെ വൎദ്ധിച്ചിരിക്കുന്നു.”

ആധുനികജപ്പാൻ ഏഷ്യയിലെ ഏററവും പുരോഗതി കൂടിയതും, വ്യവസായ സമൃദ്ധിയോടുകൂടിയതുമായ രാഷ്ട്രമായിത്തീൎന്നതിൽ എന്താണത്ഭുതത്തിന്നവകാശം? ഇന്ത്യയ്ക്കും ഒരു ദേശീയഭരണവ്യവസ്ഥയുണ്ടായിരുന്നെങ്കിൽ ജാപ്പാനിലേക്കാൾ എത്രയോ അധികം മൂലശക്തികളുള്ളതും കൂലിവേല സുലഭവുമായ ഈ രാജ്യം ജപ്പാനോടു തുല്യനിലയിലോ, അതിലധികമോ അഭിവൃദ്ധിപ്രാപിക്കുമായിരുന്നു. ഇന്ന് വ്യവസായികമായും, വാണിജ്യപരമായും ജപ്പാനേക്കാൾ മുമ്പോട്ടുപോയില്ലെങ്കിൽ ഒപ്പമെങ്കിലും നില്ക്കുമായിരുന്നു എന്നതിന് വല്ല സംശയവുമുണ്ടോ.

രവീന്ദ്രനാഥ ടാഗോർ പറയുന്നു:

‘ജപ്പാൻകാരുടെ ഉൽക്കർഷം അത്ഭുതാവഹമാണ്. തുല്യമായ പരിതഃസ്ഥിതികൾ ലഭിക്കുന്നതായാൽ ഇന്ത്യയും അപ്രകാരമാകും. ഗ്രഹണശക്തിയിൽ നാം ജപ്പാൻകാരേക്കാൾ താഴ്ന്നപടിയിലല്ല. ചില പ്രത്യേക തൊഴിലുകളിൽ ആയിരിക്കാം; പക്ഷെ നാം മേലെയാണ് പരിശുദ്ധമായ ചിന്തയിൽ. അവർ നമ്മെ അതിശയിക്കുന്ന തൊഴിലുകളിലും ഒരുകാലത്ത് നാം അവൎക്കു തുല്യരായിരുന്നു; ഇപ്പോഴും ആകുമായിരുന്നു, ബദ്ധരല്ലെങ്കിൽ, തടനപ്പെട്ടവരല്ലെങ്കിൽ,” വിദ്യാഭ്യാസം പ്രചരിപ്പിക്കു

വാനും ജ്ഞാനസമ്പാദനത്തിന്നായി ലോകത്തിലെ എല്ലാ സൎവ്വകലാശാലകളിലും യുവാക്കന്മാരെ അയയ്ക്കുവാനും ജപ്പാന് സ്വാതന്ത്ര്യമുണ്ടായിരുന്നു. ഗവേഷണശാലകളിൽ നാം ശാസ്ത്രജ്ഞാനം സമ്പാദിക്കുന്നതോ പരീക്ഷണം നടത്തുന്നതോ യൂറോപ്യന്മാൎക്ക് ഇഷ്ടമല്ല.

ജപ്പാൻഗവൎമ്മേൻറ് ജപ്പാൻ ജനതയ്ക്കുവേണ്ടി ചെയ്തിട്ടുള്ളതും ഇൻഡ്യാഗവൎമ്മേണ്ട് ഇൻഡ്യാക്കാൎക്കുവേണ്ടി ചെയ്തിട്ടുള്ളതും നമുക്കൊന്നു തുലനംചെയ്തു നോക്കുക.

1. മുൻപ്രസ്താവിച്ചതുപോലെ ജപ്പാനിലെ ഗവൎമ്മേണ്ടു ആദ്യം മുതൽക്കുതന്നെ രാജ്യത്തിലെ ഒരു വീട്ടിലും അക്ഷരജ്ഞാനമില്ലാത്തവരുണ്ടാകാതിരിക്കത്തക്കവണ്ണം വിദ്യാഭ്യാസപ്രചാരണം തുടങ്ങി. ഇതിന്റെ ഫലമായി ജപ്പാനെ അവിടത്തെ 'വാൎഷികവിവരണം' കാണിക്കുന്നതു ലോകത്തിലെ ഏററവും അധികം വിദ്യാഭ്യാസമുള്ള രാഷ്ട്രങ്ങളിലൊന്നായിട്ടാണ്.

പ്രത്യുത 100 കൊല്ലങ്ങൾ കഴിഞ്ഞിട്ടും ഇൻഡ്യയിലെ 90 ശതമാനം ജനങ്ങളും അക്ഷരജ്ഞാനമില്ലാത്തവരാണ്.

2. ജപ്പാൻ ഗവൎമ്മേണ്ട് ആദ്യം മുതല്ക്കുതന്നെ എല്ലാതരത്തിലുമുള്ള നിൎമ്മാണങ്ങളേയും വ്യവസായങ്ങളേയും പോഷിപ്പിക്കുവാൻ തുടങ്ങി. അതിനാൽ ഏഷ്യയിലെ ഏററവും വലിയ വ്യാവസായിക രാഷ്ട്രമായിത്തീൎന്നു ജാപ്പാൻ.

നേരെമറിച്ച് ഇൻഡ്യയോ? ചുങ്കവ്യവസ്ഥ മുതലായവനിമിത്തം ഇൻഡ്യയിലെ വിപുലമായ ദേശീയവ്യവസായങ്ങൾ ക്ഷയിച്ചുവരികയാണ്, ഗ്രെയിറബ്രിട്ടനിലെ വ്യവസായങ്ങളെ പോഷിപ്പിക്കുവാൻ ആവശ്യമായ അസംസ്കൃതപദാൎത്ഥങ്ങൾ ഉണ്ടാക്കുന്ന ഒരു രാജ്യമായിരിക്കുന്നു ഇന്നത്തെ ഇൻഡ്യ.

3. സ്വയംഭരണത്തോടുകൂടിയ ജപ്പാൻ, ആദ്യം മുതല്ക്കുതന്നെ വിദേശീയവാണിജ്യം കച്ചവടം, കപ്പൽനിൎമ്മാണം എന്നിവയെ കഴിയുന്നിടത്തോളം പോഷിപ്പിച്ചു. ഇതുനിമിത്തം ജപ്പാൻ ലോകത്തിലെ ഏററവും പ്രധാനപ്പെട്ട വാണിജ്യരാജ്യങ്ങളിൽ ഒന്നായിത്തീൎന്നു.

എന്നാൽ ഇൻഡ്യയാകട്ടെ ഗവൎമ്മേൻറിൽനിന്നു മതിയായ ആനുകൂല്യം ലഭിക്കാത്തതിനാൽ വാണിജ്യത്തിൽ അഭിവൃദ്ധി പ്രാപിച്ചിട്ടില്ല.

4. തുടക്കം മുതല്ക്കുതന്നെ ജപ്പാൻ ഗവൎമ്മേണ്ടു അതിന്റെ ശക്തിയിൽ പെട്ടിടത്തോളം ജപ്പാന്റെ സാമ്പത്തികസ്ഥിതി ഉയൎത്തുവാൻ സകലതും പ്രവൎത്തിച്ചിട്ടുണ്ട്.

നേരെമറിച്ച്, ഇൻഡ്യാഗവൺമെണ്ടാകട്ടെ, ഇൻഡ്യയുടെ ധനസ്ഥിതി നന്നാക്കുവാൻ സഹായിച്ചിരുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നില്ല. ഇൻഡ്യയിൽനിന്നു വാങ്ങിക്കേണ്ട പദാൎത്ഥങ്ങളെ ബ്രിട്ടനിൽനിന്നാണ് വാങ്ങിയിരുന്നത്; ഇൻഡ്യക്കു യാതൊരു വിധത്തിലും ഗുണം ചെയ്യാത്ത സാമ്രാജ്യയുദ്ധങ്ങൾക്ക് ഇൻഡ്യയിൽനിന്നും വലിയ സംഖ്യകൾ വസൂൽ ചെയ്തു.

ജാപ്പാനും ഇൻഡ്യയും തമ്മിൽ ഈ വ്യത്യാസത്തിനു കാരണം ചോദിക്കുകയാണെങ്കിൽ ജപ്പാനു സ്വന്തമായ ഒരു ഭരണവ്യവസ്ഥയുണ്ട്: ഇൻഡ്യക്കില്ല, എന്നല്ലാതെ എന്താണു പറയുവാൻ സാധിക്കുക.

ജാപ്പാൻകാർ പ്രയോഗികമനസ്ഥിതിയോടുകൂടിയവരാണ്, ഇൻഡ്യക്കാർ അപ്രകാരമല്ലാ, അതുകൊണ്ടാണ് ഇന്നു ജപ്പാൻ ഇൻഡ്യയേക്കാൾ വളരെ മുമ്പോട്ടുപോയിരിക്കുന്നത്, എന്നു വാദിക്കുന്ന ചിലരുണ്ട്.

നേരെമറിച്ചു ഡോക്ടർ ബോസ് പറയുന്നതുപോലെ 70 കൊല്ലം മുമ്പുവരെ പാശ്ചാത്യമായ ബോധത്തിനനുസരിച്ചു, ജപ്പാൻകാർ തീരെ പ്രായോഗികബുദ്ധിയോടുകൂടിയവരായിരുന്നില്ല. അല്പമാത്രം വ്യവസായവും വാണിജ്യവുമുള്ള, ഏകാന്തമായി കൃഷികജീവിതം നയിച്ചിരുന്ന, ഒരടഞ്ഞ രാജ്യമായിരുന്നു അത്. ഇന്നു നാം വളരെ പ്രായോഗികബുദ്ധിയോടുകൂടിയവരാണെങ്കിൽ അവർ അപ്രകാരമായിത്തീൎന്നിട്ടു രണ്ടു തലമുറക്കാലത്തിനധികമായിട്ടില്ല. അതും ലോകസമ്പൎക്കം, വിദ്യാഭ്യാസം, എല്ലാത്തിനും പുറമേ അവരുടെ സ്വാതന്ത്ര്യം ഇവയുടെ ഫലമായിട്ടാണ്. പ്രത്യുത ഇൻഡ്യയിലാകട്ടെ, അവളുടെ ചിന്തകന്മാർ, പണ്ഡിതന്മാർ, തത്വജ്ഞാനികൾ, ദൎശകന്മാർ, ഭക്തന്മാർ—വേണമെങ്കിൽ വിളിച്ചുകൊള്ളുക സ്വപ്നംകാണുന്നവർ—ഇവൎക്കുംപുറമേ കൃഷികന്മാർ മാത്രമല്ല, കച്ചവടക്കാർ, പടയാളികൾ, എല്ലാവിധത്തിലുമുള്ള തൊഴിലാളികൾ മുതലായി അറിഞ്ഞിടത്തോളം വിധത്തിലുള്ള പ്രായോഗികബുദ്ധിയോടുകൂടിയവർ ലക്ഷക്കണക്കിന് ഉണ്ടായിരുന്നു.

യൂറോപ്യൻചിന്തയും സൈൻസുമായി സമ്പൎക്കംമൂലം സമുൽഭൂതമായ ഏഷ്യയിലെ ഉണൎവ്വ് ഇൻഡ്യയിലാണ് ആദ്യമായുണ്ടായത്, ജപ്പാനിലല്ല, എന്ന വസ്തുത വിസ്മരിക്കത്തക്കതല്ല. യൂറോപ്പുമായി അധികം ഇടപഴകിയതു് ഇൻഡ്യയാണ്, ജപ്പാനല്ല. ബംഗാളിൽ രാമമോഹനറായിയുടേയും, ഈശ്വരചന്ദ്രവിദ്യാസാഗരൻേറയും ആവിർഭാവത്തോടുകൂടിത്തന്നെ ഇൻഡ്യയിൽ ഈ ഉണൎവ്വ് തുടങ്ങിയിരിക്കുന്നു. ആധുനികപുരോഗതിയുടെ നിഴലാട്ടംപോലും തട്ടാതെ അടഞ്ഞുകിടന്നിരുന്ന ജപ്പാൻ പുറത്തുവരുന്നതിനു പൂൎണ്ണമായും അരശ്ശതാബ്ദത്തിനു മുമ്പുതന്നെ, ആധുനികചിന്താഗതിയാൽ പുതിയ

ജിവൻ സിദ്ധിച്ച ഗണ്യമായ സാഹിത്യം ഇവിടെ ധാരാളമായി പ്രചരിച്ചിരുന്നു. ബംഗാളിൽ തുടങ്ങിയ ആ നേതൃത്വം തുടൎന്നുപോരേണ്ടതായിരുന്നു, വളൎന്നുവരേണ്ടതായിരുന്നു; ഇൻഡ്യയിൽ മാത്രമല്ല, ഏഷ്യയിലെ സകല രാജ്യങ്ങളിലും മധുരഫലങ്ങൾ ചൊരിയേണ്ടതായിരുന്നു. അങ്ങിനെ ചെയ്യുമായിരുന്നു ഇൻഡ്യ ജപ്പാനെപ്പോലെ സ്വാതന്ത്ര്യമായിരുന്നുവെങ്കിൽ.

കാൎയ്യങ്ങളുടെ ഗതി ഏതാണ്ടിങ്ങനെ ചുരുക്കിപ്പറയാമെന്നു ഞാൻ വിചാരിക്കുന്നു.

സ്വാതന്ത്ര്യമായിരുന്നതുകൊണ്ടാണു ജപ്പാൻ അത്ഭുതാവഹമായ അഭിവൃദ്ധി പ്രാപിച്ചതു്; ലോകരാഷ്ട്രങ്ങളുടെയിടയിൽ പ്രധാനപ്പെട്ട ഒരു സ്ഥാനം കൈക്കലാക്കിയതു്. 1852-ൽ അമേരിക്കക്കാരനായ യകമോഡർ പെറി അടച്ച വാതിൽക്കൽ മുട്ടി, ലോകസമ്പൎക്കത്തിനും കച്ചവടത്തിനുമായി വാതിലുകൾ തുറക്കുവാൻ നിൎബ്ബന്ധിച്ചപ്പോൾ അദ്ദേഹം ആ രാജ്യത്തെ കീഴടക്കിയില്ല. അടിമയാക്കിയില്ല. അദ്ദേഹം സ്വാതന്ത്ര്യത്തേയും അവകാശങ്ങളേയും ബഹുമാനിച്ചു. അതാണു് ജപ്പാന്റെ ഉയൎച്ചയ്ക്കു കാരണം. ജപ്പാൻ സ്വാതന്ത്ര്യമായിരുന്നതുകൊണ്ടാണു, വിദേശിയശക്തികൾക്കു് ചീന്തയാക്കുവാൻ അവസരം ലഭിക്കാതെയിരുന്നതുകൊണ്ടാണു, ഗ്രെയിറബ്രിട്ടൻ, ഫ്രാൻസ്, ഐക്യരാജ്യങ്ങൾ മുതലായ രാഷ്ട്രങ്ങളോടു തുല്യമായ ഒരു സ്ഥാനം നേടിയതു്. കുട്ടികളും ചെറുപ്പക്കാരും വിദ്യാലയങ്ങളിലാണു്. ജനങ്ങൾക്കു ഭക്ഷണത്തിനു ദാരിദ്ര്യമില്ല. അവിടത്തെ ശുചീകരണരീതി ലോകത്തിൽവെച്ചു ഉത്തമമാണു്. വ്യവസായം വൎദ്ധിച്ചിരുന്നു. ജപ്പാന്റെ വാണിജ്യം ഏതുരാജ്യത്തും, കപ്പലുകൾ ഏതു സമുദ്രത്തിലും കാണാവുന്നതാണു്. ധനം സ്വന്തമാണു്; അന്യരുടേതല്ല. ഇതിനെല്ലാം കാരണം സ്വാതന്ത്ര്യം ഒന്നു മാത്രമാണു്.

എല്ലായിടത്തും വളൎച്ചയുണ്ടാകാനും പൂൎണ്ണത പ്രാപിക്കുവാനും, ഉന്നതങ്ങളായ പ്രവൃത്തികൾ ചെയ്യാനും, വ്യക്തികൾക്കെന്നപോലെ രാഷ്ട്രങ്ങൾക്കും അത്യന്താപേക്ഷിതമായിട്ടുള്ളതു സ്വാതന്ത്ര്യമാണു്. എല്ലായിടത്തും, ബന്ധനവും അടിമത്തവും, ശൂന്യതയെ, അധഃപതനത്തെ, മരണത്തെത്തന്നെയാണുണ്ടാക്കുന്നതു് എന്ന ആ ഏററവും ഉന്നതമായ തത്വം, ലോകം മുഴുവനും ഹൃദിസ്ഥമാക്കേണ്ട ആ മഹനീയതത്വം, തെളിയിക്കുന്നതിനു ചരിത്രത്തിൽ അനവധി തെളിവുകളുള്ളതു പോരെങ്കിൽ ആധുനികഭാരതത്തിന്റേയും ജപ്പാന്റേയും സ്ഥിതി അതിനു സാക്ഷ്യമായും പൎയ്യാപ്തമാകാതിരിക്കയില്ല.

# ‘കാലകേയവധവ്യാഖ്യാനവിമൎശ’ത്തെ പ്പററിയുള്ള ഒരു വിമൎശനം

[സത്യാൎത്ഥി]

ശ്രീമാൻ പി കൃഷ്ണൻ നായരവർകളുടെ ‘കാലകേയവധവ്യാഖ്യാന’ത്തെക്കുറിച്ച്, ‘വിദ്യാൎത്ഥി’ എന്ന പേരിൽ ഏതോ ഒരു പണ്ഡിതൻ “കൈരളി”യിൽ എഴുതിയ വിമൎശം ഈയുള്ളവനു കാണുവാനിടയായി. വിദ്യാൎത്ഥി വേഷം കെട്ടി, ‘കൈരളീ’രംഗത്തിൽ ആടുവാനിറങ്ങിയ ഈ പണ്ഡിതവരേണ്യന്റെ പുറപ്പാടുതന്നെ, ‘വാളെടുത്തവരൊക്കെ വെളിച്ചപ്പാടന്മാരാണെന്നു പറഞ്ഞതുപോലെ പേനയെടുത്തവരെല്ലാം ഗ്രന്ഥകൎത്താക്കളാകുന്ന കാലമാണിതെ’ന്നും ‘നമ്മുടെ ഭാഷയിൽ സാധാരണ കണ്ടുവരുന്ന എഴുത്തുകാർ എന്ന വൎഗ്ഗത്തിന് ഒരു വിഷയത്തിലും പറയത്തക്ക പരിജ്ഞാനമൊന്നുമില്ലാത്തതിനാൽ ഏതു വിഷയത്തെസ്സംബന്ധിച്ചെഴുതുന്നതിനും അവൎക്കു യാതൊരു കൂസലുമില്ലെ’ന്നും മററും, കേരളത്തിലുള്ള എഴുത്തുകാരേയും സാഹിത്യകാരന്മാരേയും സാമാന്യമായടക്കി ആക്ഷേപിച്ചുകൊണ്ടാണ്: വിദ്യാൎത്ഥിഭാവത്തിൽ പേനയെടുത്ത് എഴുത്തുതുടങ്ങിയ ഈ പണ്ഡിതൻ എഴുത്തുകാരുടെ വൎഗ്ഗത്തിൽപ്പെട്ടുപോയിരിക്കുന്ന കഥ അധിക്ഷേപസംരംഭത്തിൽ മറന്നുപോയി എന്നാണ് തോന്നുന്നത്. ‘മലൎന്നുകിടന്നു മേൽപ്പോട്ടു തുപ്പിയാൽ’ ഉള്ള അനുഭവം എന്താണെന്നു ‘കണ്ടാലറിഞ്ഞിട്ടില്ലെങ്കിൽ കൊണ്ടാലെങ്കിലും അറിയേണ്ടതാണ്.

മിസ്റ്റർ കൃഷ്ണൻനായരുടെ കാലകേയവധവ്യാഖ്യാനത്തിൽ, ‘വിദ്യാൎത്ഥി’യാണെങ്കിലും വിദ്യാപാരംഗതന്റെ നിലയിൽ പരിശോധന നടത്തി, ലേഖകൻ കണ്ടുപിടിച്ചിട്ടുള്ള അബദ്ധങ്ങൾ എന്തെല്ലാമെന്നും അവയ്ക്കെത്രത്തോളം ഗൌരവമുണ്ടെന്നും നമുക്കൊന്നു പരിശോധിച്ചുനോക്കാം. കാലകേയവധത്തിലെ “ഭൎത്തുസ്സദാജ്ഞാം’ എന്നും, “പരേണ പുംസാ’ എന്നും ഉള്ള രണ്ടു പദ്യങ്ങളുടെ വ്യാഖ്യാനത്തിലാണ് നമ്മുടെ ‘വിദ്യാൎത്ഥി’ലേഖകൻ തെററുപറയുന്നത്. അതും അലങ്കാരവിചാരം സംബന്ധിച്ചുമാത്രമാണുതാനും. “ഭൎത്തുസ്സദാജ്ഞാം’ എന്ന പദത്തിൽ അൎത്ഥാന്തരന്യാസം വ്യംഗ്യമെന്നും കാവ്യലിംഗം വാച്യമെന്നും മിസ്റ്റർ കൃഷ്ണൻനായർ പറയുന്നു. അതിനെ എതിൎത്തുംകൊണ്ടും ‘വിദ്യാൎത്ഥി’ലേഖകൻ അൎത്ഥാന്തരന്യാസം വാച്യമാണെന്നും, കാവ്യലിംഗത്തിനു പ്രസക്തിയേ ഇല്ലെന്നും ആണ് വാദിക്കുന്നത്. ‘പരേണപുംസാ’ എന്ന പദ്യത്തിൽ മിസ്റ്റർ കൃഷ്ണൻനായർ പറഞ്ഞ പ്രകൃതാപ്രകൃതശ്ലേഷത്തെ നിഷേധിച്ച് അതിലെ അലങ്കാരം സമാസോക്തിയാണെന്നും സിദ്ധാന്തിക്കുന്നു.

അലങ്കാരവിഷയത്തിലുള്ള അഭിപ്രായവ്യത്യാസത്തെ മാത്രം ആധാരമാക്കി, ഒരാൾ മറെറാരാളെ അനാശാസ്യമായ രീതിയിൽ ആ

ക്ഷേപിക്കുന്നു എങ്കിൽ, ആയാൾ വിദ്യാത്ഥിയോ, വിദ്വാനോ, ശാസ്ത്രിയോ, ആരായാലും ശരി, വിദ്യാഹ്തിവിഹീനനും, ശാസ്ത്രപരിചയശൂന്യനും ആണെന്നേ യഥാത്ഥവിദ്വാന്മാർ വിചാരിക്കുകയുള്ളു. പ്രാമാണികന്മാരായ ശാസ്ത്രകാരന്മാർ തന്നെ അലങ്കാരവിഷയത്തിൽ ഭിന്നാഭിപ്രായന്മാരായിട്ടാണ് കാണപ്പെടുന്നതു്.

"യത്വന്നേത്ര സമാനകാന്തി സലിലേ മഗ്നം തദിന്ദീവരം
മേഘൈരന്തരിതഃ പ്രിയേ തവ മുഖച്ഛായാനുകാരി ശശി
യേ പി ത്വദ്ഗമനാനുസാരിഗതയസ്തേ രാജഹംസാ ഗതാ,
ത്വത്സാദൃശ്യവിനോദമാത്രമപി മേ ദൈവേന ന ക്ഷമ്യതേ."

എന്ന ശ്ലോകത്തിലെ അലങ്കാരം കാവ്യലിംഗമാണെന്ന് അലംകാരസവ്വസ്വകാരനും കുവലയാനന്ദകാരനും അഭിപ്രായപ്പെടുമ്പോൾ രസഗംഗാധരകാരൻ അതല്ല അനുമാനമാണെന്നു സിദ്ധാന്തിക്കുന്നു.

'ദൃഢതരനിബദ്ധമുഷ്ടേഃ കോശനിഷണ്ണസ്യ സഹജമലിനസ്യ
കൃപണസ്യ കൃപാണസ്യ ച കേവലമാകാരതോ ഭേദഃ

എന്ന പദ്യത്തിലെ അലങ്കാരം ദീക്ഷിതരുടെ അഭിപ്രായത്തിൽ വ്യതിരേകപ്രഭേദമായിരിക്കെ, പണ്ഡിതരാജന്റെ പക്ഷത്തിൽ ഗമ്യോപമയാകുന്നു. ഭാഷാഭൂഷണകത്താവാകട്ടെ ഈ രണ്ടു സ്ഥലങ്ങളിലും അലങ്കാരസവ്വസ്വത്തെയും കുവലയാനന്ദത്തെയുമാണ് അനുസരിച്ചു കാണുന്നതു്. യാതൊരലങ്കാരവും കൂടാതെതന്നെ രസാനുഗുണമായ അത്ഥവിശേഷോപനിബന്ധനം ശോഭാതിശയയോഗിയാകുന്നുണ്ടെന്നു പറഞ്ഞു ധ്വന്യാലോകകാരൻ ഉദാഹരിച്ചു കാണിച്ചിട്ടുള്ള

"മുനിർജ്ജയതി യോഗീന്ദ്രോ മഹാത്മാ കുംഭസംഭവഃ
യേനൈകചുളുകേ ദൃഷ്ടൌ ദിവ്യൌ തൌ മത്സ്യകച്ഛപൌ"

എന്ന പദ്യം ഭാവികാലങ്കാരത്തിനു മൂദ്ധാഭിഷിക്തോദാഹരണമായിട്ടാണ് അലങ്കാരസവ്വസ്വത്തിൽ നിദ്ദേശിച്ചിരിക്കുന്നതു്. അലങ്കാരശാസ്ത്രകാരന്മാർ തന്നെ അലങ്കാരവിഷയത്തിൽ ഇങ്ങനെ ഭിന്നമതാവലംബികളായിരിക്കുമ്പോൾ കാവ്യനാടകാദിവ്യാഖ്യാതാക്കന്മാരുടെ കഥ പറയേണ്ടതില്ലല്ലോ. ഇങ്ങിനെയിരിക്കെ കാലകേയവധത്തിലെ രണ്ടു ശ്ലോകങ്ങളെസ്സംബന്ധിച്ചിടത്തോളം അലങ്കാരവിചാരം ചെയ്യുന്നതിനോടു യോജിക്കാത്ത ലേഖകൻ അക്കാരണത്താൽ മാത്രം കാലകേയവധവ്യാഖ്യാനം ആകപ്പാടെ അബദ്ധജടിലമാണെന്ന് ആക്ഷേപിച്ചിട്ടുള്ളതു് എത്രത്തോളം യുക്തമായിട്ടുണ്ടെന്നു മാന്യവായനക്കാർ തന്നെ തീച്ചപ്പെടുത്തിക്കൊള്ളട്ടെ. ഈ അനുചിതപ്രവൃത്തിയെക്കുറിച്ചു ശങ്കാകുലമായ തന്റെ അന്തരംഗത്തെ ആശ്വസിപ്പിക്കുവാനെന്നവണ്ണം നമ്മുടെ ലേഖ

കൻ, "പദങ്ങളുടെ വിഭക്തി പറയുന്നതിൽപ്പോലും വ്യാഖ്യാതാവിന്നു 'ഹിമാലയപ്രമാദ'ങ്ങൾ പററിപ്പോയിട്ടുണ്ടെ"ന്നു തട്ടിവിട്ടിരിക്കുന്നതുകാണുമ്പോൾ എനിക്കു് അദ്ദേഹത്തിന്റെ നേരെ യഥാൎത്ഥത്തിൽ അനുകമ്പയാണു് തോന്നുന്നതു്. വിഭക്തിത്തെററുപോലും പററുവാൻ തക്കവണ്ണം അത്രമേൽ അനഭിജ്ഞനാണു് കാലകേയവധവ്യാഖ്യാതാവെന്നു ജല്പിക്കുവാൻ ധാർഷ്ട്യമുണ്ടായ 'വിദ്യാൎത്ഥി' വ്യാഖ്യാനത്തിൽനിന്നു് ഒരുദാഹരണമെങ്കിലും അതിലേയ്ക്കു എടുത്തുകാണിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ അഭിജ്ഞംമന്യത്വം അല്പമെങ്കിലും പണ്ഡിതസമക്ഷം പതുങ്ങാതെ നിൽക്കുവാൻ സാധിക്കുമായിരുന്നു!

ഇനി ലേഖകന്റെ വാദമുഖങ്ങളെ ഒന്നു ശോധനം ചെയ്യുനോക്കാം; "ഭൎത്തുസ്സദാജ്ഞാം' എന്ന പദ്യത്തിലെ പൂൎവ്വോത്തരവാക്യാൎത്ഥങ്ങൾക്കു ഹേതുഹേതുമദ്ഭാവം വാസ്തവത്തിലില്ലെന്നു പ്രഥമവീക്ഷണത്തിൽത്തന്നെ ആൎക്കും ഗ്രഹിക്കുവാൻ സാധിക്കുന്നതാണെന്നു പറയുന്ന 'വിദ്യാൎത്ഥി'യുടെ വീക്ഷണം മനുഷ്യസാധാരണമാണെന്നു ഞാൻ വിചാരിക്കുന്നില്ല. "സ്വസ്വാമിഭക്തിസമസ്തസമ്പദ്വിജയാപ്തിഹേതുവാകയാൽ മാതലി ഇന്ദ്രന്റെ ആജ്ഞയെ ആദരിക്കുകയും തൽക്ഷണം തന്നെ അൎജ്ജുനസവിധപ്രാപ്തിരൂപമായ തദാജ്ഞയെ നിൎവ്വഹിക്കുകയും ചെയ്തു എന്ന വാക്യത്തിൽ ഹേതു ഹേതു മദ്ഭാവം ഘടിക്കുന്നില്ലെന്നു സചേതനന്മാരാരെങ്കിലും പറയുമോ? ഇതുതന്നെയല്ലേ ശ്ലോകാൎത്ഥവും? കാവ്യലിംഗസ്വരൂപമായ ഹേതുവെന്നതു് പടത്തിന്നു തന്തുപോലെ സമവായികാരണമോ, തന്തുസംയോഗംപോലെ അസമവായി കാരണമോ ആകണമെന്നില്ല; നിമിത്തകാരണമായാലും ശരി. താദൃശനിമിത്തത്വം പ്രയോജകത്വം തന്നെ. അതായതു തന്നിശ്ചയജനകജ്ഞാനവിഷയത്വരൂപമായ ഉപപാദകത്വം തന്നെ. മാതലിയുടെ അൎജ്ജുനസവിധസത്വരപ്രാപ്തിനിശ്ചയത്തിനു 'സ്വസ്വാമിഭക്തിഹി' ഇത്യാദിവാക്യാൎത്ഥജ്ഞാനം ജനകമാകയാൽ തദ്വിഷയത്വം താദൃശവാക്യാൎത്ഥത്തിനു വരുന്നില്ലേ? മാതലികൎത്തൃകമായ ഇന്ദ്രാജ്ഞാ നിൎവ്വഹണത്തിനു സമസ്തസമ്പദ്വിജയാപ്തിഹേതുവായ സ്വാമിഭക്തി പ്രയോജകമല്ലെന്നു എങ്ങിനെ പറയും? പ്രയോജകമാകാത്തപക്ഷം,

> ഭൎത്തുസ്സദാജ്ഞാം പരിഗൃഹ്യമൂൎദ്ധ്നാ
> പൃഥാസുതം പ്രാപ സുരേന്ദ്രസൂതഃ

എന്നിങ്ങിനെ 'ധനഞ്ജയ' ശബ്ദസ്ഥാനത്തു് 'പൃഥാസുത'പദം പ്രയോഗിക്കുന്നതായാൽ ശ്രവണമാത്രത്തിൽത്തന്നെ ശ്ലോകം അനുപപന്നമായിത്തോന്നേണ്ടതാണു്. അതില്ലെന്നുള്ളതു് അനുഭവസിദ്ധവുമാണു്. തന്റെയോ തന്റെ കൂട്ടുകാരുടെയോ അനുഭവം നേരെമറിച്ചാണെന്നു ലേഖകൻ ശഠിക്കുന്നുവെങ്കിൽ അതു സചേതസ്സുകളുടെ അനുഭവമല്ലെന്നു ബാക്കിയുള്ളവരും സപ്രമാണം പറയും. കാലകേയവധത്തിനു മിസ്റ്റർ

കൃഷ്ണൻ നായരുടെ വ്യാഖ്യാനം കൂടാതെ വേറെയും രണ്ടുപേരുടെ വ്യാഖ്യാനങ്ങൾ ഇന്നു പ്രചാരത്തിലുണ്ടല്ലോ. ആ വ്യാഖ്യാതാക്കന്മാർ ധനഞ്ജയശബ്ദത്തിനു് അർജ്ജുനനെന്നുമാത്രം അർത്ഥമവലംബിച്ചു, പൂർവ്വവാക്യാർത്ഥത്തിനു് ഉത്തരവാക്യാർത്ഥം സമർത്ഥകമാണെന്നു പ്രതിപാദിച്ചിട്ടുമുണ്ടു്. അനുപപന്നത്വപ്രതീതി ആനുഭാവികമല്ലെന്നുള്ളതിലേയ്ക്കു് ആ വ്യാഖ്യാതാക്കൾ പ്രമാണവുമാണു്. എന്നുമാത്രമല്ല: "ലോകത്തിൽ സ്വസ്വാമിഭക്തി സമസ്തസമ്പത്തുകൾക്കും സകല വിജയങ്ങൾക്കും ഹേതുവാണു് എന്നതു ഹേതുരൂപത്തിലുള്ള വാക്യാർത്ഥമാണെങ്കിൽ മാതലിതന്റെ സ്വാമിയിൽ ഭക്തനായിത്തീർന്നു എന്നോ മറേറാ രീതിയിലുള്ള ഹേതുമദ്വാക്യാർത്ഥം അവശ്യം ഉണ്ടായിരിക്കേണ്ടതാണു്." എന്നു പറയുന്ന ലേഖകനു, "മാതലിതന്റെ സ്വാമിയിൽ ഭക്തിമാനാണെന്നല്ലാ ഭക്ത്യതിശയവാനാണെന്നുതന്നെ ഹേതുമത്തായ വാക്യാർത്ഥമുണ്ടെങ്കിൽ പിന്നേ വല്ല ആക്ഷേപത്തിനും അവകാശമുണ്ടോ? "ഭർത്തുസ്സൂദാജ്ഞാം' പരിഗൃഹ്യമൂർദ്ധ്നാ" എന്ന ഭേദകവാക്യത്തിന്റെ താല്പര്യം മാതലി സ്വാമിയായ ഇന്ദ്രനിൽ ഭക്ത്യതിശയവാനാണെന്നുതന്നെയല്ലേ? ഈ സ്ഥിതിക്കു് 'സ്വസ്വാമീ ഭക്തിർഹിജനസ്യ' ഇത്യാദിവാക്യാർത്ഥം സാക്ഷാൽ, 'ഭർത്തുസ്സൂദാജ്ഞാം പരിഗൃഹ്യമൂർദ്ധ്നാ' എന്ന അംശംകൊണ്ടു കാണിച്ചിട്ടുള്ള മാതലിയുടെ സ്വാമിഭക്ത്യതിശയത്തിനും തദ്വാരാ അർജ്ജുനസവിധപ്രാപ്തിക്കും ഉപപാദകമാണെന്നു വരികയില്ലേ? "ഭർത്തുസ്സൂദാജ്ഞാം പരിഗൃഹ്യമൂർദ്ധ്നാ" എന്ന അംശംകൊണ്ടു മാതലിക്കു് ഇന്ദ്രനിലുള്ള ഭക്ത്യതിശയം വ്യഞ്ജിക്കുന്നു." എന്നിങ്ങനെ ശ്രീമാൻ കൃഷ്ണൻ നായരുടെ അഭിപ്രായം സംമതിച്ചനുവദിച്ചിരിക്കയാലും, വിശേഷിച്ചു, ഭർത്തുസ്സൂദാജ്ഞാം" എന്നതിലെ വ്യംഗ്യമാകട്ടേ വാച്യമായ അലങ്കാരത്തിന്റെ സിദ്ധിക്കു് അംഗമാകയാൽ ഗുണീഭൂതവ്യംഗ്യമെന്ന മദ്ധ്യമകാവ്യത്വത്തിനേ കാരണമാകുന്നുള്ളു" എന്നു തുടന്നുപറഞ്ഞിരിക്കയാലും ലേഖകനുതന്നേ ഈ സംഗതി അവലപിക്കുവാൻ സാധിക്കുന്നതുമല്ല. പക്ഷേ, ഇന്ദ്രനിൽ മാതലിക്കുള്ള ഭക്ത്യതിശയം ഗുണീഭൂതമായ വ്യംഗ്യമാണെന്നു താൻ പറഞ്ഞിട്ടുള്ളു എന്നും, ഹേതുമദ്വാക്യാർത്ഥം വ്യംഗ്യോപസ്കൃതമാകാതെ ശുദ്ധവാച്യമായാലേ കാവ്യലിംഗത്തിനു വിഷയമാവൂ എന്നും വിചാരിക്കുന്നുണ്ടെങ്കിൽ അതു ശാസ്ത്രപരിചയം ഇല്ലാത്തതുകൊണ്ടുണ്ടായ മറെറാരു അബദ്ധമാണു്.

"തവാലംബാദംബ സ്ഫുരദലഘുഗർവ്വേണ സഹസാ
മയാസർവ്വേ വജ്ഞാപുരപഥമനീയന്ത വിബുധാഃ
ഇദാനീമൌദാസ്യം യദി ഭജതി ഭാഗീരഥി തദാ
നിരാധാരോ ഹാ രോദിമി കഥയകേഷാമിഹപുരഃ"

അത്ര നിരാധാര ഇത്യാദിനാ അഭിവ്യക്തവക്ത്യനിഷ്ഠ സ്വകർത്തൃകവേഷേ ആത്മകർത്തൃകാവജ്ഞാപഥനയനരൂപ സ്മബന്ധാർത്ഥവിശേഷിതസ്യിഞ്ഞാർത്ഥ ഉപപാദകഃ" എന്നു രസഗംഗാധരകാരൻ കാവ്യലിംഗപ്ര

കരണത്തിൽ മുക്തകങ്ങം പ്രതിപാദിച്ചിരിക്കുന്നതു നോക്കുക. ആകയാൽ, 'ഭർത്തൃസൂദാജ്ഞാം' എന്ന പദ്യത്തിലെ പൂർവ്വോത്തരവാക്യാർത്ഥങ്ങൾക്കു ധനഞ്ജയ ശബ്ദത്തിലെ അർത്ഥാന്തരപ്രതീതിയുടെ സാഹായ്യംകൂടാതെതന്നെ ഹേതുഹേതു മദ്ഭാവം ഘടിക്കുന്നതിനാൽ താദൃശവാക്യാർത്ഥങ്ങൾ ഏതൊരു സചേതനന്റെ ദൃഷ്ടിയിലും അനുപപന്നങ്ങളാകുവാൻ അവകാശമില്ല. വാച്യാർത്ഥങ്ങൾ അനുപപത്തികൂടാതെ അന്വയിച്ച്, നിർബാധമായ വാക്യാർത്ഥബോധമുണ്ടായിരിക്കെ, ധനഞ്ജയശബ്ദപ്രയോഗമാഹാത്മ്യത്താൽ സഹൃദയന്മാൎക്ക് സ്ഫുരിക്കുന്ന അർത്ഥാന്തരവും അഭേദാരോപവും മമ്മടാദികളായ ആലങ്കാരികന്മാരുടെ അഭിപ്രായപ്രകാരം വ്യംഗ്യം തന്നെയാകുന്നു. അതുകൊണ്ടാണ് തന്മൂലകമായ അർത്ഥാന്തരന്യാസവും വ്യംഗ്യമാണെന്നു ശ്രീമാൻ കൃഷ്ണൻ നായർ അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഇങ്ങിനെയിരിക്കെ, മിസ്റ്റർ കൃഷ്ണൻനായരുടെ വ്യാഖ്യാനത്തിൽ നിന്നു ധനഞ്ജയശബ്ദത്തിനു പറഞ്ഞ അർത്ഥാന്തരം ഒന്നുമാത്രം ഒരു വിധം മനസ്സിലാക്കി, വ്യജ്യമാനമായ അർത്ഥാന്തര ന്യാസം വാച്യമാണെന്നു ഉൽഘോഷിച്ചുകൊണ്ടു രസികമ്മന്യനായി കോട്ടയത്തു തമ്പുരാനു കവികുലചക്രവർത്തിത്വം പോലും കല്പിച്ചുകൊടുത്ത "വിദ്യാർത്ഥി' ലേഖന്റെ വിദ്യാപ്രണയിത്വവും സഹൃദയത്വവും അന്യാദൃശമെന്നല്ലാതെ മറ്റെന്തു പറയട്ടെ! സഹൃദയമ്മന്യനായ നമ്മുടെ ലേഖകന്റെ ദൃഷ്ടിയിൽ കവികുലചക്രവർത്തിത്വനിദാനം കവിയുടെ വ്യംഗ്യാഭിനിവേശമല്ല' വാച്യാഭിനിവേശമായിരിക്കാം! ചെറുശ്ശേരി, പൂന്തം, തുഞ്ചൻ, കുഞ്ചൻ, ഉണ്ണായി, മുതലായ കേരളകവിവൎയ്യന്മാൎക്കപോലും കോട്ടയത്തുതമ്പുരാൻ ചക്രവർത്തിയായിത്തീൎന്നതു് ലേഖകന്റെ വ്യാഖ്യാനപ്രകാരം വന്നുകൂടുന്ന അദ്ദേഹത്തിന്റെ ഈ വാച്യാഭിനിവേശം കൊണ്ടാണെങ്കിൽ 'ഇതിലധികം പുനരെന്തൊരു കുതുകം'? പ്രസ്തുത പദ്യത്തിന്റെ വ്യംഗ്യപരതയെ നിഷേധിച്ചു വാച്യപരത്വത്തെ സ്ഥാപിച്ചുകൊണ്ടു് അതു സരസവും ഭാവഗംഭീരവുമാണെന്നു പറഞ്ഞു തലകുലുക്കുന്ന നമ്മുടെ ലേഖകൻ അതിൽ കാണുന്ന രസഭാവങ്ങളെ ഒന്നു സദയം വിവരിച്ചുകാണിക്കുമോ?

പ്രകൃതശ്ലോകത്തിൽ അർത്ഥാന്തരന്യാസം വ്യംഗ്യമല്ല, വാച്യമാണെന്നു സമർത്ഥിക്കുവാൻ ലേഖകൻ കൊണ്ടുവരുന്ന മററുയുക്തികളെന്തെല്ലാമെന്നു നോക്കാം. ധനഞ്ജയശബ്ദത്തിൽ അർത്ഥാന്തരപ്രതീതിയും, പ്രതീതമായ അർത്ഥാന്തരത്തിന് ആരോപവും പറയുന്നതിലേയ്ക്കു താദൃശശബ്ദപ്രയോഗസ്വാരസ്യമല്ലാതെ ഗമകാന്തരമൊന്നുമില്ലെന്നും, അതുകൊണ്ടു് ആവകയൊന്നും വ്യംഗ്യമാകയില്ലെന്നും, അല്ലാത്തപക്ഷം, 'ഗോവിനെ പാലിക്കുന്നു' എന്നിത്യാദി ശുഷ്കവാക്യങ്ങൾപോലും ഉത്തമകാവ്യത്വത്തിന് അവകാശവാദം പുറപ്പെട്ടവിക്കുമെന്നും, അതു ആലങ്കാരികസമ്മതമല്ലാത്തതുകൊണ്ടു പ്രകൃതത്തിൽ രൂപകധ്വനിപ്രസ്താവമേ ശരിയല്ലെന്നുമാണ് 'വിദ്യാർത്ഥി' ലേഖകന്റെ വാദസാരം.

ധനഞ്ജയശബ്ദത്തിൽ ശബ്ദശക്തി മൂലകമായ വ്യംഗ്യം പറയേണമെങ്കിൽ താദൃശശബ്ദപ്രയോഗസ്വാരസ്യത്തിനു പുറമെ വേറെ വല്ല ‘ഗമക’വുംകൂടി ഉണ്ടായിരിക്കണമെന്നു ലേഖകന്നു നിർബ്ബന്ധമുള്ള പക്ഷം അതു മിസ്റ്റർ കൃഷ്ണൻനായർ ആ ഘട്ടത്തിൽ സൂചിപ്പിക്കാതിരുന്നിട്ടില്ല. വ്യഞ്ജകതയ്ക്കു ഗമകമായി വക്തൃബോദ്ധവ്യാദിവൈശിഷ്ട്യ ദശകത്തിൽ ഏതെങ്കിലും ഒന്നുണ്ടായിരിക്കണമെന്നാണല്ലോ ആലങ്കാരികന്മാർ സിദ്ധാന്തിക്കുന്നതു്. പ്രകൃതസ്ഥലത്താകട്ടെ മഹാകവിത്വരൂപമായ വക്തൃവൈശിഷ്ട്യത്തിന്റെ സത്ഭാവമുണ്ടെന്നു “മഹാനായ കവി ‘കിരീടിനാ’മെന്നോ ‘പൃഥാസുത’മെന്നോ പ്രയോഗിക്കാതെ, ധനഞ്ജയശബ്ദംതന്നെ —” എന്നിത്യാദിവാക്യത്തിൽ ‘മഹാനായ കവി’ എന്ന ഭാഗംകൊണ്ടു മിസ്റ്റർ കൃഷ്ണൻനായർ വ്യക്തമാക്കിയിട്ടുമുണ്ടു്. ഇങ്ങിനെ ധനഞ്ജയശബ്ദസ്വാരസ്യത്തിനു പുറമേ മഹാകവിത്വരൂപവക്തൃവൈശിഷ്ട്യമെന്നഗമകാന്തരംകൂടി മിസ്റ്റർ കൃഷ്ണൻനായർ കാണിച്ചിട്ടും അതു കാണ്മാൻ കണ്ണില്ലാതെപോയ ലേഖകന്റെ ദൃഷ്ടിവൈഷമ്യം ശോചനീയമെന്നേ പറയേണ്ടു.

‘ഗോവിനെ പാലിക്കുന്നു’ ഇത്യാദിവാക്യം കവിവ്യാപാരഗോചരമായിത്തീരുമ്പോഴും, വക്തൃബോദ്ധവ്യാദി വൈശിഷ്ട്യമുണ്ടെങ്കിൽ അർത്ഥാന്തരവ്യക്തി നിമിത്തം ഉത്തമകാവ്യത്വത്തിന്നു് അവകാശിയായിത്തീരുന്നുണ്ടെന്നു ലേഖകൻ അറിയേണ്ടതാണ്. ‘സൂര്യൻ അസ്തമിച്ചു’ എന്ന വാക്യം വക്തൃബോദ്ധവ്യാദി വൈശിഷ്ട്യമനുസരിച്ചു്, വിഷയഭേദേന വിവിധാർത്ഥവ്യഞ്ജകമായി ഭവിക്കുന്നുണ്ടെന്നു ആലങ്കാരികന്മാർ ഉപന്യസിച്ചിട്ടുള്ളതു് ലേഖകൻ കണ്ടിട്ടോ കേട്ടിട്ടോ ഇല്ലെന്നുണ്ടോ? “ഗോവിനെ പാലിക്കുന്നു’ എന്നിത്യാദി വാക്യങ്ങളിൽ അതാതു പദങ്ങളുടെ സങ്കേതിതാർത്ഥം ബോധിപ്പിച്ചു് അഭിധാശക്തി വിരമിച്ചതിന്നു ശേഷം വക്തൃബോദ്ധവ്യാദി വൈശിഷ്ട്യംകൊണ്ടു് അർത്ഥാന്തരപ്രതീതി ഉണ്ടാകുന്നുണ്ടെങ്കിൽ പ്രതീയമാനമായ ആ അർത്ഥം വ്യഞ്ജനാവ്യാപാരത്തിനു തന്നെയാണ് വിഷയമായിട്ടുള്ളതു്. വ്യഞ്ജനാവ്യാപാരവിഷയമായ ആ വ്യംഗ്യാർത്ഥത്തിനു ചമൽകാരിത്വം, ഉപകാര്യത്വം, ഉപേയത്വം എന്നീ വിധത്തിലുള്ള പ്രാധാന്യമുണ്ടെങ്കിൽ ധ്വനിത്വം അല്ലെങ്കിൽ ഗുണീഭൂതത്വം സംഭവിക്കുന്നു. വ്യജ്യമാനമായ അർത്ഥാന്തരം കേവലസ്വരൂപത്തിൽ പ്രയോക്താവിന്നു അസംബന്ധാർത്ഥാഭിധായിത്വ പ്രസക്തിക്കു് ഇടയാക്കാവുന്നതുകൊണ്ടു് അതിന്നു ഉപമാനഭാവമോ ആരോപമോ കല്പിക്കേണ്ടി വരുന്ന പക്ഷം ശബ്ദശക്തിമൂലമായ അലങ്കാരം, അല്ലാത്ത പക്ഷം വസ്തുമാത്രം എന്നാണ് ആനന്ദവർദ്ധനാദികളായ ആലങ്കാരികന്മാരുടെ പരമസിദ്ധാന്തം.

"സമത്ഥകമായ സാമാന്യവാക്യാത്ഥം വാച്യമാണെങ്കിലും, ഇന്ദ്ര ഭക്തനായ മാതലി ധനഞ്ജയത്രൂപമായ ധനത്തേയും ജയത്തേയും പ്രാപിച്ചു എന്ന സമത്ഥ്യമായ വിശേഷവാക്യാത്ഥം വ്യംഗ്യമല്ലാതെ വാച്യമല്ലായ്കയാൽ അവയ്ക്കുള്ള സാമാന്യവിശേഷഭാവം വാച്യമോ വാച്യായമാനമോ അല്ല; വ്യംഗ്യംതന്നെയാകുന്നു" എന്നു ശ്രീമാൻ കൃഷ്ണൻ നായർ അഭിപ്രായപ്പെട്ടിട്ടുള്ളതിനേ ലക്ഷ്യമാക്കി ലേഖകൻ ഇങ്ങിനെ ആക്ഷേപിക്കുന്നു:—

"സാമാന്യവിശേഷഭാവം എവിടെങ്കിലും വാച്യമായിരിക്കുമോ? എന്നൊന്നു് ആലോചിച്ചുനോക്കിയിരുന്നു എങ്കിൽ ഇത്രയും അബദ്ധമായ ഒരഭിപ്രായം പുറപ്പെടുവിക്കുവാൻ ഇടയാകുമായിരുന്നില്ല. വൃത്തിവേദ്യമായ സാമാന്യവിശേഷഭാവത്തിന്നു പ്രതീതിയുണ്ടെങ്കിൽ അതു സവ്വത്ര വ്യഞ്ജനാവ്യാപാരജന്യമേ ആവുകയുള്ളു; ഒരിടത്തും അഭിധാവ്യാപാരഗോചരമല്ല. ഇങ്ങിനെയിരിക്കെ അലങ്കാരം വ്യംഗ്യമാണെന്നുള്ള വ്യാഖ്യാതാവിന്റെ അഭിപ്രായം ഭ്രാന്തിമൂലകമാകുന്നു."

സാമാന്യവിശേഷഭാവപ്രതീതി സവ്വത്ര വ്യഞ്ജനാവ്യാപാരജന്യമാണെന്നു സിദ്ധാന്തിക്കുന്ന ലേഖകന്റെ ശാസ്ത്രിത്വം വിചിത്രമെന്നേ പറയേണ്ടു. അത്ഥാന്തരന്യാസസ്ഥലത്തു സമത്ഥ്യസമത്ഥകങ്ങളായ സാമാന്യവിശേഷത്രൂപവാക്യങ്ങൾ വിശകലിതത്രൂപത്തിൽ അസംബദ്ധങ്ങളായിട്ടല്ല ശാബ്ദബോധത്തിൽ ഭാസിക്കുന്നതു്; സാമാന്യവിശേഷഭാവസംബദ്ധമായ ഏകവാക്യാത്ഥമായിട്ടാണു്. അതുകൊണ്ടു്, സാമാന്യവിശേഷഭാവസംബന്ധത്തിന്നു ശാബ്ദബോധത്തിൽത്തന്നെ ഭാനമുണ്ടെന്നും, അതു വാച്യമോ വാച്യായമാനമോ ആണെന്നും അവിതക്കിതമായി സിദ്ധിക്കുന്നുണ്ടു്. വിശിഷ്ടത്വമാണു് വാക്യാത്ഥം; വൈശിഷ്ട്യമോ സംബന്ധത്രൂപവുമാണു്. വാക്യാത്ഥത്തിൽ ശക്തിയെ സ്വീകരിക്കുന്ന വൈയാകരണന്മാക്കു തദ്രൂപമായ വൈശിഷ്ട്യം ശക്യമാണെന്നതിൽ സചേതനന്മാക്കാക്കും സംശയത്തിന്നവകാശമില്ല. അത്ഥാന്തരന്യാസസ്ഥലത്തു താദൃശസംബന്ധം വാക്യാത്ഥത്രൂപമായ വാച്യമായിരിക്കെ, 'സാമാന്യവിശേഷഭാവം' എന്ന പദമില്ലായ്കയാൽ വാച്യമാകയില്ലെന്നു തീച്ചയാക്കിയ ലേഖകന്റെ ശാസ്ത്രജ്ഞാനവും ബുദ്ധിവിശേഷവും വിലക്ഷണങ്ങൾ തന്നെയാണു്.

അഭിഹിതങ്ങളായ പദാത്ഥങ്ങൾക്കോ, അത്ഥാഭിധായികളായ പദങ്ങൾക്കോ ഉള്ള വിശിഷ്ടാത്ഥബോധനശക്തി താല്പയ്യമാണെന്നു പറയുന്ന മീമാംസകന്മാക്കും താദൃശവൈശിഷ്ട്യത്രൂപസംബന്ധം ശക്യമാണു്; അതായതു വാച്യം തന്നെയാണു്. ആ പക്ഷത്തിൽ ആലങ്കാരികന്മാ

രുടെ വ്യഞ്ജനാസ്വീകാരം വ്യൎത്ഥമാകുമല്ലോ എന്നാണെങ്കിൽ പറയാം. വിശിഷ്ടാൎത്ഥമെന്നതു വ്യംഗ്യത്വവിധുരമായ അന്വയവിശിഷ്ടാൎത്ഥമാണ്. അതുകൊണ്ടാണ് 'അഭിധാലക്ഷണാതാല്പൎയ്യാത്മികയാതിസ്രോ വൃത്തിർവ്യഞ്ജനാ' എന്ന് ആലങ്കാരികന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

വാക്യാൎത്ഥം ലക്ഷ്യമാണെന്നു പറയുന്ന മീമാംസകൈകദേശികളുടെ പക്ഷം അവലംബിക്കുന്നതായാൽ, സംബന്ധവിശേഷരൂപമായ സാമാന്യവിശേഷഭാവം ലക്ഷ്യമാണെന്നല്ലാതെ അപ്പോഴും വ്യംഗ്യമാണെന്നു വരുന്നതല്ല. നൈയായികന്മാരുടെ 'സംസൎഗ്ഗഃസംസൎഗ്ഗമൎയ്യാദയാഭാസതേ' എന്ന നയമാശ്രയിച്ചു വാക്യമഹിമയാലാണ് സംസൎഗ്ഗഭാനമെന്നു പറയുന്നതായാലും താദൃശസംബന്ധം വാച്യായമാനമെന്നല്ലാതേ വ്യംഗ്യമാണെന്നു വരികയില്ല: അതുകൊണ്ടാണ് ശ്രീമാൻ കൃഷ്ണൻനായർ പ്രകൃതസ്ഥലത്തു സാമാന്യവിശേഷഭാവം വാച്യമോവാച്യായമാനമോ അല്ല വ്യംഗ്യംതന്നെയാണെന്നു പറഞ്ഞിട്ടുള്ളതെന്നു ലേഖകൻ മനസ്സിലാക്കണം. ഈവകയൊന്നും ആലോചിക്കാതെ 'സാമാന്യവിശേഷഭാവം എവിടെയെങ്കിലും വാച്യമാകുമോ' എന്നു മേലേക്കിടയിൽ ചോദ്യം ചെയ്യുന്ന നമ്മുടെ 'വിദ്യാൎത്ഥി'ലേഖകന്റെ 'ഗജനിമീലിക'യ്ക്കു ഒരു ദൂരനമസ്കാരം ചെയ്യുകയല്ലാതെ മറെറന്തു ചെയ്യാനാണ്! അൎത്ഥാന്തരന്യാസം വാച്യമാണെന്നു പറയുന്ന ലേഖകൻ അലങ്കാരത്തിനു വാച്യത്വം എങ്ങിനെ എന്നാലോചിച്ചുനോക്കിയിട്ടുണ്ടോ? അലങ്കാരമെന്നതു ശബ്ദങ്ങളുടേയൊ അൎത്ഥങ്ങളുടേയൊ ഘടനാവിശേഷരൂപമായ വൈചിത്ര്യമല്ലേ? ഘടന ഏതു പദത്തിന്റെ വാച്യമാണ്?

(തുടരും)